August 2016

Volume 49 Issue 3

# വ്യവസായ കേരളം

# VYAVASAYA KERALAM

## ഇവർ ചെറുസംരംഭങ്ങൾക്ക് ചിറകുനൽകിയവർ



നിങ്ങളുടെ ഉല്പന്നങ്ങളും
സേവനങ്ങളും യഥാർത്ഥ
ആവശ്യക്കാർക്കിടയിൽ

# കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ

ഏറ്റവും യോജിച്ച മാസിക

# വ്യവസായ കേരളം



## പരസ്യ നിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

## പംക്തികൾ

പടവുകൾ
യുവബിസ്
നികുതി ജാലകം
കൃഷിയും വ്യവസായവും
മാർകറ്റ് സ്കാൻ
ടെക്നോ ട്രെന്റ്സ്
സക്സസ് സ്റ്റോറികൾ

വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ, ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം, തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789, ഇമെയിൽ- vyavasayakeralam@gmail.com, വെബ്സൈറ്റ്- www.keralaindustry.org

Vyavasaya Keralam
# വ്യവസായകേരളം
www.keralaindustry.org

ആഗസ്റ്റ് 2016 പുസ്തകം49 ലക്കം 3
August 2016 Volume 49 Issue 3

സക്സസ് സ്റ്റോറി

23 **രോഗികൾക്കാശ്വാസമായി ജയോൺ ഇംപ്ലാന്റ്സ്**
ചിറ്റൂർ ഷണ്മുഖദാസ്
സംസ്ഥാനത്തെ മികച്ച സംരംഭകനായി തെരഞ്ഞെടുത്ത ജയോൺ ഇംപ്ലാന്റ്സ് ഉടമ ടി.സി. ജയശങ്കറിനെ പരിചയപ്പെടാം.



26 **വിജയകിരീടം ചൂടിയത് 29 പേർ**
അശ്വതി




ബജറ്റ് അവലോകനം
12 വ്യവസായ വിഹായസ്സിൽ കുതിപ്പിന് കാതോർത്ത്
ഡോ. മേരി ജോർജ്

36 SWOT- അനാലിസിസ് നടത്തി വിജയം വരിക്കാം
ബി ഹരികുമാർ

47 കൃഷിയും വ്യവസായവും:
വെള്ളരി വ്യവസായത്തളികയിൽ
ഡോ. ഡി. ഷൈൻകുമാർ



06 **വികസന വീഥി**

## പംക്തികൾ

18 നികുതി ജാലകം:
പണമിടപാടുകൾക്ക് പിടി വീഴുന്നു
കെ.സി. ജോസഫ് വർഗീസ്

20 പടവുകൾ:
ഇഡലി, ദോശമാവ് നിർമാണം
ബൈജു നെടുങ്കേരി

35 മാർകറ്റ് സ്കാൻ:
രൂപ ദുർബലമാകാൻ സാധ്യത
അലക്സ് കെ. ബാബു

40 പുതു കാലത്തെ വാഹന വ്യവസായം
ലോറൻസ് മാത്യു

44 കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

51 വാർത്താജാലകം

# സമാനഹൃദയർക്ക് കരുത്തേകി 29 പേർ

സൂക്ഷ്മ- ചെറുകിട ഇടത്തരം സംരംഭങ്ങളെ സ്വന്തം കർമമണ്ഡലമായി സ്വീകരിക്കുകയും നിരന്തരമായ കഠിനാധ്വാനത്തിലൂടെ അഭിമാനാർഹമായ നേട്ടങ്ങൾ കൊയ്യുകയും ചെയ്ത 29 പേരെയാണ് ഇത്തവണ വ്യവസായ വകുപ്പ് സംസ്ഥാന- ജില്ലാതലങ്ങളിലെ മികച്ച സംരംഭകർക്കുള്ള പുരസ്കാരം നൽകി ആദരിച്ചത്. വളരെ ചെറിയ രീതിയിൽ തുടങ്ങി നിരവധി പ്രതിബന്ധങ്ങളോട് പൊരുതി മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടത്തെ കെടാതെ കാത്ത് വിസ്മയിപ്പിക്കുന്ന സൂര്യവെളിച്ചമാക്കി പരിണമിപ്പിക്കാൻ കഴിഞ്ഞു എന്നിടത്താണ് ഈ 29 പേരും ജേതാക്കളാകുന്നത്. കേരളത്തിൽ വ്യവസായം തുടങ്ങാൻ അനുകൂല അന്തരീക്ഷമില്ലെന്ന് പല ഒഴികഴിവുകൾ പറഞ്ഞ് വിലപിക്കുന്നവർക്കുള്ള മധുരമുള്ള മറുപടിയാണ് സ്വന്തം ജീവിതം കൊണ്ട് ഇവർ ഓരോരുത്തരും പറഞ്ഞു വയ്ക്കുന്നത്. പുതുമയുള്ള ഉല്പന്നം, നവീനമായ വിപണനതന്ത്രങ്ങൾ, മുടക്കുമുതലിൽ നിന്നുള്ള ലാഭം, നിർമാണ പ്രക്രിയയുടെ ആദ്യഘട്ടത്തിൽ തുടങ്ങി പൂർണ ഉല്പന്നത്തിലെത്തും വരെ കാത്തു സൂക്ഷിക്കുന്ന ഗുണമേന്മാ നിലവാരം തുടങ്ങിയ ഘടകങ്ങൾ വിശദമായി വിലയിരുത്തിയ ശേഷമാണ് വിദഗ്ദ്ധ സമിതി അവാർഡു ജേതാക്കളെ തിരഞ്ഞെടുത്തത്. ഓരോ വർഷവും കൂടുതൽ മികച്ച സംരംഭകരാണ് അവാർഡ് നിർണയ സമിതിക്കു മുമ്പാകെ വരുന്നത് എന്നുള്ളത് ഏറെ ചാരിതാർത്ഥ്യം പകരുന്ന കാര്യമാണ്.

രാജ്യത്തെ വ്യാവസായിക ഉല്പാദനത്തിന്റെ 45 ശതമാനവും കയറ്റുമതിയുടെ 40 ശതമാനവും സംഭാവന ചെയ്യുന്നത് സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭക മേഖലയാണ്. കേന്ദ്ര സർക്കാരിന്റെ 2013-14 വാർഷിക റിപ്പോർട്ട് പ്രകാരം 36 ലക്ഷത്തിലധികം തൊഴിലവസരങ്ങളാണ് ഈ ചെറു സംരംഭകർ നമുക്കായി കാത്തുവച്ചിട്ടുള്ളത്. കാർഷിക മേഖലയെ ഒഴിവാക്കിയാൽ ഏറ്റവുമധികം സ്വയംതൊഴിൽ സാധ്യതകളും മറ്റ് തൊഴിലവസരങ്ങളും നിലനിൽക്കുന്നതും എം. എസ്. എം. ഇ മേഖലയിലാണ്. 2006-ൽ എം. എസ്. എം. ഇ ഡവലപ്മെന്റ് ആക്ട് പ്രാബല്യത്തിലായ ശേഷം 1,14,329 ചെറുകിട സംരംഭങ്ങളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയത്. കേരളത്തിൽ 7.85 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഈ രംഗത്ത് 18,243 കോടി രൂപയുടെ മൂലധന നിക്ഷേപവുമുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക- സാമൂഹിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പകരം വയ്ക്കാനില്ലാത്ത സ്ഥാനം കയ്യാളുന്ന എം. എസ്. എം. ഇ മേഖലയിലെ പോരാളികളെ അംഗീകരിക്കുന്നതിനൊപ്പം അവരിലെ ഊർജം സമാനഹൃദയരിലേയ്ക്ക് പകർന്നു നൽകുകയാണ് ഞങ്ങളുടെ ദൗത്യം.

ചെറുകിട വ്യവസായമേഖലയ്ക്ക് കൂടുതൽ കരുത്ത് പകരുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്. വ്യവസായികൾക്കിടയിൽ നിലനിൽക്കുന്ന എല്ലാ പരാതികൾക്കും പരിഹാരം കാണുന്നതിന് സംരംഭക സൗഹൃദപരമായ പുതിയ വ്യവസായനയം അണിയറയിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് പുതിയ വ്യവസായനയം യാഥാർത്ഥ്യമാവുന്നതോടെ രാജ്യത്തിന്റെ വ്യാവസായിക ഭൂപടത്തിൽ കേരളം അതുല്യമായ ഇടം അടയാളപ്പെടുത്തുമെന്നു തന്നെ പ്രതീക്ഷിക്കാം.



**ചീഫ് എഡിറ്റർ**

**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
സജീർ എസ്., ബിനു ഡി. ദാസ്,
ഡി.എൽ. അനിതകുമാരി,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

**പ്രതിനിധികൾ- തിരുവനന്തപുരം** : ഇ. സലാഹുദ്ദീൻ ● **കൊല്ലം** : അബ്ദുൾ സലാം ● **പത്തനംതിട്ട**: സി.എം. ഷാജഹാൻ ● **ആലപ്പുഴ** : യു. അജിത്കുമാർ ● **കോട്ടയം** : ആർ. സുരേഷ്ബാബു ● **ഇടുക്കി** : ദീപ ● **എറണാകുളം** : ഇ.എം. നാസർ ● **തൃശൂർ** : കെ.എസ്. കൃപകുമാർ ● **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ ● **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ് ● **കോഴിക്കോട്** : ഹയറുന്നീസ ● **വയനാട്** : പി.ബി. സത്യജിത് ● **കണ്ണൂർ** : നിധിൻ ഇ.ആർ. ● **കാസർഗോഡ്** : റ്റി. ദിനേശൻ

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ-** vyavasayakeralam@gmail.com
**വെബ്സൈറ്റ്-** www.keralaindustry.org

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

നവകേരളം

ഇ.പി. ജയരാജൻ
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി



# സംരംഭകത്വം വളർത്തുക പ്രധാന ദൗത്യം

കേരളത്തിലെ വർത്തമാനകാല യാഥാർത്ഥ്യങ്ങൾ എം. എസ്. എം. ഇ. മേഖലയിലെ സംരംഭങ്ങൾക്ക് ഏറെ അനുയോജ്യമാണ്. താരതമ്യേന കുറഞ്ഞ മൂലധനത്തിൽ ആരംഭിക്കാൻ കഴിയുന്ന ചെറുകിട വ്യവസായങ്ങൾ ഗ്രാമപ്രദേശങ്ങളുടെയും പിന്നോക്ക മേഖലയുടേയുമെല്ലാം വ്യവസായ വികസനത്തിന്റെ ചാലകശക്തിയാണ്. സാമ്പത്തിക വളർച്ചയോടൊപ്പം തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാനും ചെറുകിട വ്യവസായമേഖലയ്ക്ക് കഴിയണം. സാമൂഹിക - സാമ്പത്തിക രംഗങ്ങളിലെ പുരോഗതിക്ക് ചെറുകിട വ്യവസായങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്. കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവുമധികം തൊഴിലവസരങ്ങൾ നിലനിൽക്കുന്നതും സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായമേഖലയിലാണ്. ഈ രംഗത്ത് കേരളത്തിന് ഏറെ സാധ്യതയാണുള്ളത്. വൻകിട വ്യവസായങ്ങൾക്ക് പരിമിതിയുള്ള കേരളം പോലൊരു സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഏറെ സാധ്യതയുണ്ട്.

ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ച പ്രയോജനപ്പെടുത്തിക്കൊണ്ട് ചെറുകിട വ്യവസായമേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കണം. കാർഷികാധിഷ്ഠിതമായ നമ്മുടെ സംസ്ഥാനത്ത് അതുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കുള്ള സാധ്യത ഉപയോഗപ്പെടുത്താൻ ഇനിയും സാധിച്ചിട്ടില്ല. നമ്മുടെ പഴവർഗങ്ങൾ ഉൾപെടെയുള്ള കാർഷികോത്പന്നങ്ങൾ മിക്കതും അതേപടി വിറ്റഴിക്കുകയോ, കയറ്റുമതി ചെയ്യപ്പെടുകയോ ചെയ്യുന്നു. അതുപോലെതന്നെ മത്സ്യസമ്പത്ത് ഏറെയുണ്ടെങ്കിലും വ്യാവസായിക അടിസ്ഥാനത്തിലുള്ള സംസ്കരണം നടക്കുന്നില്ല. മൂല്യവർദ്ധിത ഉൽപന്നങ്ങൾക്കാണ് വിപണിസാധ്യത കൂടുതൽ. ചെറുകിട വ്യവസായമേഖല മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചാൽ ഈ രംഗത്ത് വലിയ മുന്നേറ്റം നടത്താൻ സാധിക്കും.

പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ കേരളത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷമാണ് ഇന്നുള്ളത്. ശാസ്ത്ര സാങ്കേതിക രംഗത്തെ ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ മേഖലയിൽ മുന്നേറ്റം നടത്താൻ കഴിയും. സേവനമേഖലയിലും കേരളത്തിന് മുന്നേറ്റം നടത്താനാകും. സംരംഭകത്വം വളർത്തുകയെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട ദൗത്യം.

സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് പുതിയ ദിശാബോധം നൽകാനുള്ള ബിസിനസ് ഇൻകുബേഷൻ സെന്ററുകൾക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. നിലവിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ യുവതലമുറയെ പ്രാപ്തരാക്കുന്നതിന് ഇവ സഹായകമാകും. സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചു കൊണ്ട് യുവ സംരംഭകർക്ക് എല്ലാ പ്രോത്സാഹനവും നൽകാൻ നടപടി ആരംഭിച്ചു കഴിഞ്ഞു. തൊഴിൽ തേടുന്നവരെയല്ല മറിച്ച് ഉൽപാദന സേവന മേഖലകളിൽ അവസരങ്ങൾ കണ്ടെത്തി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഊർജസ്വലരായ സംരംഭകരെയാണ് നാടിന് ആവശ്യം. അത്തരക്കാർക്ക് പരമാവധി പ്രോത്സാഹനം നൽകുക വഴി നല്ലൊരു തൊഴിൽ സംസ്കാരവും സമൂഹത്തിനാകെ സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്താൻ സാധിക്കും. പ്രകൃതി സൗഹൃദവും ശാസ്ത്രീയവും ആയ സംരംഭങ്ങൾ വിജയിക്കുക തന്നെ ചെയ്യും. കുറുക്കു വഴികൾ അവലംബിക്കാതെ ഗുണമേന്മയും സത്യസന്ധതയും ഉറപ്പാക്കിക്കൊണ്ട് വളർന്നു വരുന്ന സംരംഭങ്ങൾക്ക് സർക്കാർ എല്ലാവിധ പ്രോത്സാഹനങ്ങളും നൽകും.

# വ്യവസായം തുടങ്ങാനുള്ള നടപടിക്രമം ലളിതമാക്കും: വ്യവസായമന്ത്രി



സംസ്ഥാനത്ത് പുതിയ വ്യവസായം തുടങ്ങാനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുമെന്ന് വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. അപേക്ഷ സമർപിച്ച് ഒരു മാസത്തിലേറെ സമയം ഏതെങ്കിലും ലൈസൻസിനോ അനുമതിപത്രത്തിനോ വേണ്ടി കാത്തിരിക്കേണ്ടി വന്നാൽ അനുമതി ലഭിച്ചതായി കരുതി വ്യവസായം തുടങ്ങാൻ അനുവദിക്കുന്ന തരത്തിലുള്ള നയമാണ് സർക്കാർ നടപ്പാക്കാൻ പോകുന്നതെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ 55-ാം വാർഷികാഘോഷവും "ഈസ് ഓഫ് ഡൂയിങ് ബിസിനസ്" വിഷയത്തിലുള്ള ശില്പശാലയും തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മറ്റെല്ലാ രംഗങ്ങളിലുമെന്ന പോലെ വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും അവയുടെ നടത്തിപ്പിലും ആധുനിക കാലത്തിനനുസരിച്ചുള്ള പരിഷ്കാരം വേണമെന്ന് മന്ത്രി പറഞ്ഞു. സമയബന്ധിതമായി പല കാര്യങ്ങളും നടപ്പാക്കാത്ത ചില ഉദ്യോഗസ്ഥർ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. വ്യവസായം ആരംഭിക്കാൻ വേണ്ടി അപേക്ഷ

സമർപിച്ചാൽ പല വകുപ്പുകളിൽ നിന്നായി ഒട്ടേറെ അനുമതികൾ നേടേണ്ട സ്ഥിതിയാണുള്ളത്. ഇവയെല്ലാം ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള ശ്രമത്തിലാണ് സർക്കാർ. ഓൺലൈൻ സംവിധാനം മെച്ചപ്പെടുത്തി വ്യവസായ സ്ഥാപനങ്ങളെയും വകുപ്പ് ഓഫീസുകളെയും പരസ്പരം കൂട്ടിയിണക്കാനാണ് പദ്ധതി. ജില്ലാ വ്യവസായകേന്ദ്രങ്ങളെ കൂടുതൽ ശക്തമാക്കി ഉടച്ചു വാർക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജുമെന്റിൽ പ്രഗത്ഭരായ പ്രൊഫഷണലുകളെ നിയമിക്കാൻ നടപടി തുടങ്ങിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

കെ. എസ്. ഐ. ഡി. സി. ചെയർമാനും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ പി. എച്ച്. കുര്യൻ അദ്ധ്യക്ഷനായിരുന്നു. കെ. എസ്. ഐ. ഡി. സി. എം. ഡി ഡോ. എം. ബീന, വ്യവസായ- വാണിജ്യ ഡയറക്ടർ പി. എം. ഫ്രാൻസിസ് സംബന്ധിച്ചു.

# ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്




ലോക ബാങ്കിന്റെ ഡൂയിംഗ് ബിസിനസ് 2015 റാങ്കിംഗ് പ്രകാരം ബിസിനസ് എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്ന 189 രാജ്യങ്ങളിൽ 130-ാം സ്ഥാനത്താണ് ഇന്ത്യ. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനു കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രമോഷൻ (ഡി. ഐ. പി. പി), ഇന്ത്യയുടെ റാങ്കിംഗ് മെച്ചപ്പെടുത്താൻ വേണ്ടി നിലവിലുള്ള ചട്ടങ്ങൾ ലളിതമാക്കുവാനും, പുരോഗമനപരമായ മാറ്റങ്ങൾ വരുത്തുവാനും, സമയബന്ധിതമായി അനുമതി ലഭ്യമാക്കുവാനും തീരുമാനിച്ചതായി കെ. എസ്. ഐ. ഡി. സി. എം. ഡി. ഡോ. എം. ബീന അറിയിച്ചു. ഡി. ഐ. പി. പി, 2015 ൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ (ഇ ഒ ഡി ബി) നിബന്ധനകൾ പ്രകാരം ഇന്ത്യയിൽ നടത്തിയ റാങ്കിങ്ങിൽ കേരളത്തിന്റെ സ്ഥാനം 18-ാമതാണ്, ഗുജറാത്താണ് ഒന്നാമത്. നിർമാണാനുമതികൾ, ബിസിനസ് തുടങ്ങുവാനുള്ള ഇടപാടുകൾ, ഭൂമിയുടെ രജിസ്ട്രേഷൻ, നികുതി അടവുകൾ, ദേശീയ അന്തർദേശീയ വിപണനം, കരാറുകളുടെ നടപ്പാക്കൽ തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് റാങ്കിംഗ് നടത്തിയത്.

ഡി. ഐ. പി. പി യുടെ തുടർന്നുള്ള റാങ്കിങ്ങിൽ കേരളത്തിന്റെ സ്ഥാനം മെച്ചപ്പെടുത്താനായി സർക്കാർ കെ. എസ്. ഐ. ഡി. സി മുഖേന വിവിധ വാണിജ്യ സംഘടനകളും, അതത് സർക്കാർ ഏജൻസികളും, ഡിപ്പാർട്ട്മെന്റുകളുമായി ചർച്ചകൾ നടത്തിയിരുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്കിങ്ങ് ഉയർത്തുവാനുള്ള ശുപാർശകളും, നിർദ്ദേശങ്ങളും റിപ്പോർട്ടാക്കി സർക്കാരിന് സമർപിച്ചിട്ടുണ്ട്.

ലോകബാങ്ക് 2015-ൽ സംഘടിപ്പിച്ച ബിസിനസ് റിഫോം സർവേ പ്രകാരം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന് മികച്ച രീതികൾ അവലംബിച്ച ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനം പഞ്ചാബ് ആണ്. വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് പഞ്ചാബ് നടപ്പിലാക്കിയ വെബ്പോർട്ടലിന്റെയും സമ്മിശ്ര അപേക്ഷാഫാറത്തിന്റെയും മാതൃക കേരളത്തിൽ നടപ്പിലാക്കാൻ കെ. എസ്. ഐ. ഡി. സി. പഞ്ചാബ് സർക്കാരിന്റെ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിരുന്നു. ഇതിനെ തുടർന്ന്, കെ. എസ്. ഐ. ഡി. സി. കേരളത്തിനായി ഒരു സമ്മിശ്ര അപേക്ഷാഫാറം ഉണ്ടാക്കി വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങൾക്കായി നൽകിയിട്ടുണ്ട്.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് സംരംഭങ്ങൾ കേരളത്തിൽ തുടങ്ങാൻ വിവിധ മേഖലകളിൽ ചട്ടങ്ങളനുസരിച്ച് നവീകരണം നടപ്പാക്കുന്നതിനെപ്പറ്റി പഠിക്കാൻ കെ. പി. എം. ജി യെ കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. 120 ദിവസമാണ് പഠനകാലാവധി. കഴിഞ്ഞ ജൂൺ 20 മുതൽ കെ. പി. എം. ജി പഠനം തുടങ്ങിക്കഴിഞ്ഞു.

കെ. പി. എം. ജി. നടത്തുന്ന പഠനം പൂർത്തിയാകുന്നതോടെ രജിസ്ട്രേഷൻ, റവന്യൂ മുനിസിപ്പാലിറ്റി, പഞ്ചായത്ത് കെട്ടിട നിർമാണചട്ടങ്ങൾ, സർവേയും ലാന്റ് റെക്കോർഡുകളും, ഫാക്ടറികളും, ബോയിലറുകളും, അഗ്നിശമന രക്ഷ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നികുതി, തൊഴിൽ, ജലം, ഊർജ്ജം, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യം, വനവും പരിസ്ഥിതിയും, സി ആർ എസ്, മൈനിംഗ് ആന്റ് ജിയോളജി തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കേണ്ട നിയമങ്ങളുടെയും നടപടികളുടെയും നവീകരണം നടക്കും.

# പ്രകൃതി വിഭവങ്ങളുടെ ഉപയോഗം ദീർഘവീക്ഷണത്തോടെ വേണം– മുഖ്യമന്ത്രി

വികസന പദ്ധതികൾ നടപ്പാക്കാൻ പ്രകൃതിവിഭവങ്ങളുടെ ദീർഘവീക്ഷണത്തോടു കൂടിയ ഉപയോഗം ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ടെക്നോളജി മിഷൻ 2035 സംഘടിപ്പിച്ച ആശയസംവാദം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




ഇന്ത്യയെപ്പോലെ മാനുഷിക വിഭവശേഷിയിൽ സമ്പന്നത നേടിയ രാജ്യത്ത് സാങ്കേതികവിദ്യയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. വികസന ലക്ഷ്യങ്ങൾ നേടുന്നതിനും അതുവഴി പുത്തൻ അവസരങ്ങൾ സൃഷ്ടിക്കാനും ശാസ്ത്രസാങ്കേതിക രംഗത്തെ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ചർച്ച ചെയ്യണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. യുവത്വം, ഭൗതിക സാഹചര്യം, പരമ്പരാഗത വിജ്ഞാനം എന്നിവ പ്രയോജനപ്പെടുത്തി ഉത്പാദനമേഖല ശക്തിപ്പെടുത്താനുതകുന്ന മാർഗങ്ങൾ തേടുന്നത് രാജ്യത്തിന്റെ സ്വയം പര്യാപ്തത ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ടെക്നോളജി ഇൻഫർമേഷൻ ഫോർകാസ്റ്റിങ് ആന്റ് അസസ്മെന്റ് കൗൺസിൽ ചെയർമാൻ ഡോ. അനിൽ കാക്കോദ്കർ, എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊഫ. പ്രഭാത് രാജൻ, നാഷണൽ സെന്റർ ഫോർ സയൻസ് കമ്മ്യൂണിക്കേറ്റേഴ്സ് ചെയർമാൻ എ. പി. ദേശ്പാണ്ഡെ, വൈസ് ചെയർമാൻ ഡോ. ജയരാമൻ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുരേഷ് ദാസ് സംബന്ധിച്ചു.

ടെക്നോളജി ഇൻഫർമേഷൻ ഫോർകാസ്റ്റിങ് ആന്റ് അസസ്മെന്റ് കൗൺസിൽ, നാഷണൽ സെന്റർ ഫോർ സയൻസ് കമ്മ്യൂണിക്കേറ്റേഴ്സ്, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവ സംയുക്തമായാണ് സംവാദം സംഘടിപ്പിച്ചത്.

---

# നിർമാണമേഖലയിലെ പ്രതിസന്ധി പരിഹരിക്കണം: വ്യവസായമന്ത്രി

നിർമാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി സിമന്റിന്റെ വില കുറയ്ക്കാനും ലഭ്യത ഉറപ്പു വരുത്താനും നിർമാതാക്കളും ഡീലർമാരും തയ്യാറാകണമെന്ന് മന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. സംസ്ഥാനത്ത് സിമന്റിന് ക്ഷാമം നേരിടുകയും വില വർദ്ധിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സിമന്റ് വിതരണ രംഗത്ത് ഇടനിലക്കാരെ ഒഴിവാക്കണമെന്നും പൂഴ്ത്തി വയ്പ് തടയാൻ കർശന നടപടി സ്വീകരിക്കണമെന്നും മന്ത്രി പറഞ്ഞു. സിമന്റ് വിതരണം കാര്യക്ഷമമാക്കാൻ ഉൽപാദകരും ഡീലർമാരും തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിർത്തണം. ഉൽപാദകരും ഡീലർമാരും നേരിടുന്ന പ്രശ്നങ്ങളിൽ സമയോചിത ഇടപെടൽ ഉണ്ടാകുമെന്ന് മന്ത്രി ഉറപ്പു നൽകി. മന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ വിവിധ കമ്പനികളുടെ പ്രതിനിധികളും ഡീലർമാരും പങ്കെടുത്തു.

# വ്യവസായമന്ത്രിക്ക് ഔദ്യോഗിക ഫേസ്ബുക്ക് പേജ്

വ്യവസായ - വാണിജ്യ- കായിക വകുപ്പ് മന്ത്രി ഇ. പി. ജയരാജൻ ഔദ്യോഗിക ഫേസ് ബുക്ക് പേജ് തുടങ്ങി. www.facebook/epjayarajanonline എന്നതാണ് വിലാസം. നവമാധ്യമങ്ങളുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് സർക്കാരും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പേജ് ആരംഭിക്കുന്നതെന്ന് ഫേസ് ബുക്ക് പോസ്റ്റിൽ മന്ത്രി പറഞ്ഞു.

വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളുമായി ആശയവിനിമയം നടത്തി അവരുടെ ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ഫലപ്രദമായ രീതിയിൽ മുന്നോട്ടുപോകുകയാണ് ലക്ഷ്യം. ജനങ്ങളുടെ വിലയേറിയ അഭിപ്രായ നിർദ്ദേശങ്ങളും വിമർശനങ്ങളും വകുപ്പിന്റെ പ്രവർത്തനത്തിന് കരുത്ത് പകരുമെന്നും മന്ത്രി പറയുന്നു. വ്യവസായ രംഗത്തെ മുരടിപ്പ് മാറ്റി പരമ്പരാഗതവും നൂതനവുമായ വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്ക് ഏറ്റവും അനുകൂലമായ സാഹചര്യം ഉണ്ടാക്കുന്നതിനുള്ള ബഹുമുഖ ഇടപെടലുകളാണ് സർക്കാരിന്റെ ലക്ഷ്യം. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിച്ച് ലാഭത്തിലാക്കും. നമ്മുടെ സംസ്ഥാനത്ത് കാർഷിക-വ്യാവസായിക മേഖല പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. അഭ്യസ്തവിദ്യരായ യുവതലമുറയ്ക്ക് മികച്ച തൊഴിലവസരങ്ങൾ ഉറപ്പു വരുത്തേണ്ടതുണ്ട്. ഇതിനായി സ്റ്റാർട്ടപ് പദ്ധതികളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ സെന്ററുകളും തുടങ്ങും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുതിയ വ്യവസായങ്ങളും ആധുനിക കൃഷിരീതികളും അതിവേഗത്തിൽ വളരണം. അതോടൊപ്പം പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സമ്പൂർണ സാമൂഹ്യ സുരക്ഷിതത്വം ഏർപ്പെടുത്തണം. ഈയൊരു കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നോട്ടു പോകുന്നത്. പരിസ്ഥിതി സൗഹൃദമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മലിനീകരണ നിയന്ത്രണം ഉറപ്പു വരുത്തണം.




കേരളത്തിന്റെ ഖനിജങ്ങൾ പൊതു ഉടമസ്ഥതയിലാക്കി ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണസംവിധാനം കൊണ്ടുവരും. കായികരംഗത്ത് പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സ്പോർട്സ് കൗൺസിലുകൾ ജനാധിപത്യപരമായി പുന:സംഘടിപ്പിക്കും. ജില്ലാതലത്തിൽ നിന്ന് താഴേക്കും സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് സ്പോർട്സ് ജനകീയമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്. കായികക്ഷമതയും ആരോഗ്യവുമുള്ള ഒരു പുതു തലമുറ സൃഷ്ടിക്കാനുള്ള ജനകീയ ഇടപെടലുകൾ നടത്തും. ഈ പ്രവർത്തനങ്ങളെല്ലാം വിജയിപ്പിക്കാൻ ജനങ്ങളുടെ കലവറയില്ലാത്ത പിന്തുണയും സഹകരണവും ആവശ്യമാണ്. അതോടൊപ്പം വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിമർശനങ്ങളുമെല്ലാം പ്രതീക്ഷിക്കുന്നു. അവയെല്ലാം ഉൾകൊണ്ട് കരുത്തോടെ മുന്നോട്ടു പോകുമെന്ന് മന്ത്രി പറയുന്നു.

# ലൈറ്റ് മെട്രോ രൂപരേഖയായി

തിരുവനന്തപുരത്തും കോഴിക്കോടും നിർമിക്കുന്ന ലൈറ്റ് മെട്രോ പദ്ധതികളുടെ രൂപരേഖ പൊതുമരാമത്ത് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഡി. എം. ആർ. സി. മുഖ്യ ഉപദേഷ്ടാവ് ഇ. ശ്രീധരൻ അവതരിപ്പിച്ചു.

സെക്രട്ടേറിയറ്റിൽ ചേർന്ന യോഗത്തിൽ എം. പി. സമ്പത്ത് എം. പി., മേയർ വി. കെ. പ്രശാന്ത്, എം. എൽ. എമാരായ സി. ദിവാകരൻ, കെ. മുരളീധരൻ, വി. എസ്. ശിവകുമാർ, ജില്ലാ കളക്ടർ ബിജു പ്രഭാകർ, ഡി. എം. ആർ. സി. പ്രതിനിധികൾ സംബന്ധിച്ചു.




# ചക്ക വിളമ്പരയാത്ര നടത്തി




ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നഗരങ്ങളിലുൾപ്പെടെ ചക്കയുടെ സ്വീകാര്യത വർദ്ധിപ്പിക്കാൻ സഹായകമായിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജാക്ക് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, സെന്റർ ഫോർ ഇന്നവേഷൻ ഇൻ സയൻസ് & സോഷ്യൽ ആക്ഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന കേരള ചക്ക വിളംബരയാത്ര ഫ്ളാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം.

ജാക്ക് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ ചെയർമാൻ റൂഫസ് ഡാനിയേൽ അദ്ധ്യക്ഷനായിരുന്നു. ചക്ക ഭക്ഷണക്രമത്തിന്റെ ഭാഗമാക്കണമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ധനകാര്യമന്ത്രി ടി. എം. തോമസ് ഐസക്ക് പറഞ്ഞു. ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ കൃഷിമന്ത്രി വി. എസ്. സുനിൽകുമാർ അറിയിച്ചു.


With best compliments

# Galaxy Bio Mass

All kinds bio-gas products


Building No.5/705, plot No.403, DP, Kollakadavu,
Kallinmel P.O, Mavelikara.
Ph:9447070510

ഡോ. മേരി ജോർജ്



# വ്യവസായ വിഹായസ്സിൽ കുതിപ്പിന് കാതോർത്ത്

**20**-ാം നൂറ്റാണ്ട് കണ്ട പ്രഗത്ഭ സാമ്പത്തിക ശാസ്ത്രജ്ഞരിൽ അഗ്രഗണ്യനും ലോകത്തെ ഗ്രസിച്ച മഹാമാന്ദ്യത്തിൽ (1929–31) നിന്ന് കരകയറാനുള്ള മാർഗങ്ങൾ നിർദ്ദേശിച്ച ക്രാന്തദർശിയുമായിരുന്ന കെയിൻസിന്റെ നിരീക്ഷണത്തിൽ "ഒരു നിക്ഷേപകൻ ഏതെങ്കിലും ആസ്തിയിൽ മുതൽ മുടക്കുമ്പോൾ ദീർഘകാല ആദായം പ്രതീക്ഷിക്കുന്നുണ്ടാവും. ഉൽപാദന ഫലമായുണ്ടാവുന്ന ഉൽപന്നത്തിന്റെ വിപണനം വഴി ലഭിക്കുന്ന വരുമാനത്തിൽ നിന്ന്, നിത്യനിദാന ചെലവുകൾ കഴിച്ച്, ആസ്തി വിഹിതത്തിനനുസരിച്ചുള്ള വരുമാനം അയാളുടെ അവകാശമാണ്. സംരംഭം പ്രവർത്തന, വിപണന നിരതമായിരിക്കുന്ന കാലമത്രയും ആദായം, ക്രമമായി, ലഭിച്ചുകൊണ്ടിരിക്കുമെന്ന പ്രതീക്ഷ. ഈ പ്രതീക്ഷയുടെ ബലത്തിലാണ് നിക്ഷേപം നടത്തുന്നത്. ഇതിനെ, അദ്ദേഹം ഭാവികാല പ്രാപ്യമായ ആദായപ്രതീക്ഷ (പ്രോസ്പെക്ടീവ് യീൽഡ്) എന്നു വിളിച്ചു" (John Maynard Keynes, 1936; The General Theory of Employment, Interest and Money; Macmillan 1967, P.135). ഇന്ത്യയുടെ വ്യവസായ ഭൂപടത്തിൽ കേരളം അദൃശ്യമാണ്. ഒന്നാം യു. പി. എ- യുടെ കാലം മുതൽ വ്യവസായ ഇടനാഴികകൾ പ്രഖ്യാപിച്ചുവെങ്കിലും കേരളം തീർത്തും തഴയപ്പെട്ടു. വൻകിട വ്യവസായങ്ങൾ കേരളത്തിന്റെ ഭൂമിശാസ്ത്രത്തിന് ചേരുന്നതല്ലെങ്കിൽ നാമമാത്ര, ചെറുകിട, ഇടത്തരം സംരംഭങ്ങൾ വഴി വ്യാവസായിക മുന്നേറ്റം നടത്തുകയെന്ന തന്ത്രമാണ് യു. ഡി. എഫ്, എൽ. ഡി. എഫ് ഗവൺമെന്റുകൾ പിന്തുടരുന്നത്. എന്നാൽ മൂലധനം ഒരു മരീചിക പോലെ അകന്നു പോവുകയാണ്. ഈ അവസ്ഥ മാറ്റിയെടുക്കാനുള്ള തത്രപ്പാടിലാണ് ധനമന്ത്രി റ്റി. എം. തോമസ് ഐസക്. ഈ സാഹചര്യം മറികടക്കാനാണ് സ്പെഷ്യൽ പർപസ് വെഹിക്കിൾ (എസ്. പി. വി), കേരളാ ബാങ്ക് തുടങ്ങിയ ആശയങ്ങൾ അദ്ദേഹം വികസിപ്പിച്ചെടുത്തത്. എന്നാൽ അദ്ദേഹത്തിന്റെ വിമർശകർ പറയുന്നു ഇതൊക്കെ ഉട്ടോപ്പിയൻ (അപ്രായോഗികമായ) ആശയങ്ങൾ മാത്ര



സൃഷ്ടിക്കാൻ കഴിയണമെങ്കിൽ മുകളിൽ സൂചിപ്പിച്ച തരത്തിലുള്ളൊരു പശ്ചാത്തലം സൃഷ്ടിക്കപ്പെട്ടേ തീരൂ. അതോടെ കേരളം ഒരു വ്യവസായ/നിക്ഷേപ സൗഹൃദ മേഖലയായി മാറും.

## വ്യവസായമേഖല എവിടെ നിൽക്കുന്നു

വ്യവസായ മേഖല വൻകിട/ചെറുകിട/ഇടത്തരം/നാമമാത്ര സംരംഭങ്ങൾ കൂടിച്ചേരുന്നതു മാത്രമല്ല കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപെടുന്നു. വൻകിട വ്യവസായ മേഖല, 2011-12 സ്ഥിരവിലയുടെ അടിസ്ഥാനത്തിൽ, 2012-13 ൽ 12.47 ശതമാനം വളർച്ച കൂട്ടിച്ചേർക്കപ്പെട്ട മൊത്ത മൂല്യത്തിൽ ഉണ്ടായപ്പോൾ അത് 1.97 ശതമാനമായി 2013-14 ൽ കൂപ്പുകുത്തി. 2014-15-ൽ അല്പം മെച്ചപ്പെട്ട് 8.92 ശതമാനം രേഖപ്പെടുത്തുകയുണ്ടായി. (എകണോമിക് റിവ്യൂ, പ്ലാനിംഗ് ബോർഡ് 2015, പി. 98) സംസ്ഥാനത്തിന്റെ സ്ഥല ദൗർലഭ്യം വൻകിട വ്യവസായ വളർച്ചയ്ക്ക് പരിധി നിശ്ചയിക്കുമ്പോൾ അനന്തസാധ്യതയാണ് നാമമാത്ര, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ളത്. ഈ മേഖലയിൽ നിക്ഷേപം 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ശരാശരി 9.8 ശതമാനം വളർച്ച നേടി. സംരംഭങ്ങളുടെ എണ്ണം 11071-ൽ (2011-12) നിന്ന് 15455 (2014-15) ആയി ഉയർന്നു. തൊഴിലവസരങ്ങളുടെ എണ്ണം 79015-ൽ നിന്ന് 2013-14 ൽ 87789 ആയി വളർന്നെങ്കിലും 2014-15 ൽ 83500 ആയി കുറഞ്ഞു. അതായത് ഈ മേഖലയും മൂലധന/സാങ്കേതിക വിദ്യാധിഷ്ഠിതമായി മാറിക്കൊണ്ടിരിക്കുന്നു എന്നർത്ഥം (എക്കണോമിക് റിവ്യൂ, 2015, പി. 110-111). ഈ മേഖലയിലുണ്ടായ ഉണർവിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് യു. ഡി. എഫ് ഗവൺമെന്റ് സ്വയം തൊഴിൽ പദ്ധതി, സംരംഭകത്വ വികസനം, തൊഴിൽ നൈപുണ്യ വികസനം ഇവ വഴിയായി നടത്തിയ ശക്തമായ ഇടപെടലാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം 2016-17 ബജറ്റും വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യാൻ.

## 2016-17 ബജറ്റും വ്യവസായ മുൻഗണനകളും

''വ്യവസായം കൊണ്ടല്ലാതെ ധനാഭിവൃത്തി ഉണ്ടാക്കുവാൻ സാധിക്കുന്നതല്ല'' എന്ന ശ്രീനാരായണ ഗുരുവിന്റെ 1910-ലെ സൂക്തം ആവർത്തിച്ചു കൊണ്ടാണ് ധനമന്ത്രി വ്യവസായമേഖലയുടെ പ്രാധാന്യം ഊന്നുന്നത്. വിവര സാങ്കേതിക വിദ്യാമേഖല/ടൂറിസം ഒന്നാം മുൻഗണന പിടിച്ചു പറ്റിയതായി തോന്നുന്നു. അടുത്ത മുൻഗണന വ്യവസായ പാർക്കുകൾക്ക് ലഭിക്കുമ്പോൾ ഒരു വ്യവസായ വിപ്ലവത്തിനു തന്നെ നാന്ദി കുറിച്ചേക്കാവുന്ന വ്യവസായ ഇടനാഴി (ഇൻഡസ്ട്രിയൽ കോറിഡോർ) തലയുയർത്തി നിൽക്കുന്നു.

കെ. എസ്. ഐ. ഡി. സി. നടപ്പാക്കുന്ന 11 പ്രോജക്ടുകൾക്കു വേണ്ടി നീക്കി വച്ചിട്ടുള്ളത് 87 കോടി മാത്രം. തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക്, കൊച്ചിയിലെ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക്, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകൾ, പാലക്കാട്ടെ ലൈഫ് എഞ്ചിനീയറിംഗ് പാർക്ക്, ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക്, കൊച്ചിയിലെ പെട്രോ കെമിക്കൽ പാർക്ക് എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. കിൻഫ്ര വികസിപ്പിച്ചു കൊണ്ടിരിക്കുന്ന പുനലൂർ, മട്ടന്നൂർ, തൃശ്ശൂർ, തൊടുപുഴ, കളമശ്ശേരി, കഴക്കൂട്ടം, കൊരട്ടി, കൊല്ലം, ഒറ്റപ്പാലം, പാലക്കാട്, രാമനാട്ടുകര എന്നീ വ്യവസായ പാർക്കുകൾക്കായി നീക്കിവച്ചി

മാണെന്ന്. ഇവിടെയാണ് കെയിൻസിനെ പോലുള്ളവരുടെ നിരീക്ഷണത്തിന്റെ ഗൗരവം കടന്നുവരുന്നത്. കേരളത്തിൽ, നിക്ഷേപകന്, ഭാവിയിൽ തന്റെ നിക്ഷേപം അനുസ്യൂതം ആദായം കൊണ്ടുവരും എന്ന് വിശ്വസിക്കാനുള്ള സാഹചര്യം സംജാതമാകണമെങ്കിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്.

- നിക്ഷേപം നടത്താനുള്ള സാഹചര്യം (ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ്) മെച്ചപ്പെടണം. അതിന് ചുവപ്പു നാടയും കൈക്കൂലിയും വഴിമാറണം.
- നോക്കുകൂലി പോലുള്ള പ്രാകൃതരീതികൾ അവസാനിക്കണം.
- സമരാസക്ത തൊഴിലാളി യൂണിയൻ പ്രവർത്തനം ഉത്തരവാദിത്ത യൂണിയനിസമായി മാറണം.
- അടിക്കടി ഇരുട്ടടി പോലെ നടത്തുന്ന ഹർത്താലുകളും ബന്ദുകളും അവസാനിക്കണം.
- ഭൗതിക അടിസ്ഥാന സൗകര്യ വികസനം കുറ്റമറ്റതാക്കണം.
- അഭ്യസ്ത വിദ്യർ തൊഴിൽ ലഭ്യതയ്ക്ക് അർഹതയുള്ളവരാകണം. അടിസ്ഥാനപരമായി ഇത്രയും മാറ്റങ്ങൾ ഈ ഗവൺമെന്റിന് കൊണ്ടുവരാനായാൽ എസ്. പി. വി യും, കേരളാ ബാങ്കും മൂർത്ത സത്യങ്ങളായി മാറും. പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന 25 ലക്ഷം തൊഴിൽ- 10 ലക്ഷം ഐ. റ്റി, ടൂറിസം മേഖലകളിലും 15 ലക്ഷം വ്യവസായം, കൃഷി, കാർഷികാധിഷ്ഠിത വ്യവസായരംഗത്തും

രിക്കുന്ന അടങ്കൽ 101 കോടിയാണ്. ആവശ്യമായി വരുന്ന മുറയ്ക്ക് കൂടുതൽ ലഭ്യമാക്കുമെന്ന വാഗ്ദാനവുമുണ്ട്.

**കൊച്ചി- പാലക്കാട് വ്യവസായ ഇടനാഴിക്ക് വേണ്ടത്ര പശ്ചാത്തലം ഒരുക്കുന്നതോടൊപ്പം നാമമാത്ര/ ചെറുകിട/ഇടത്തരം സംരംഭങ്ങൾ ഇരുവശങ്ങളിലുമായി വളർന്നു വരാൻ മൂലധനം, സാങ്കേതികവിദ്യ, നൈപുണി എന്നിവയിൽ പൊതുമുതൽ മുടക്കുണ്ടാവണം. അതോടൊപ്പം സ്വകാര്യ സംരംഭങ്ങളും വളർന്നുവരും.**

### വ്യവസായ ഇടനാഴി

ഒന്നാം യു. പി. എ ഗവൺമെന്റിന്റെ കാലം മുതൽ കേന്ദ്ര ബജറ്റിൽ ഒട്ടനവധി വ്യവസായ പാർക്കുകൾക്കായി വിഭവ വിന്യാസം നടത്തുകയുണ്ടായി. ഡൽഹി- മുംബൈ, മുംബൈ- ബാംഗ്ലൂർ, മുംബൈ- ചെന്നൈ, മുംബൈ- അഹമ്മദാബാദ് അങ്ങനെ പോകുന്നു വൻ മൂലധന നിക്ഷേപം ആവശ്യമുള്ള വ്യവസായ ഇടനാഴികൾ. വ്യവസായ ഇടനാഴികളുടെ ഭൂപടത്തിൽ കേരളം ഇടം നേടാത്തത് കേരളത്തിന്റെ മാത്രം പ്രത്യേകതകൾ കൊണ്ടാണ്. അതേ മുടക്കുകൾ തന്നെയാണ് (ആമുഖത്തിൽ സൂചിപ്പിച്ചവ) വിഴിഞ്ഞം തീരുമാനിക്കപ്പെട്ടിട്ടും കുളച്ചലിന് അനുവാദം കൊടുക്കാൻ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

കേന്ദ്രം കനിയാഞ്ഞിടത്ത് കേരളം സ്വന്തം വ്യവസായ ഇടനാഴിയുമായി മുന്നോട്ടു പോകുമെന്ന തീരുമാനം കേരളീയരിൽ കുളിരു ചാർത്തേണ്ടതാണ്. കൊച്ചി- പാലക്കാട് വ്യവസായ ഇടനാഴിക്ക് വേണ്ടത്ര പശ്ചാത്തലം ഒരുക്കുന്നതോടൊപ്പം നാമമാത്ര/ചെറുകിട/ഇടത്തരം സംരംഭങ്ങൾ ഇരുവശങ്ങളിലുമായി വളർന്നു വരാൻ മൂലധനം, സാങ്കേതികവിദ്യ, നൈപുണി എന്നിവയിൽ പൊതുമുതൽ മുടക്കുണ്ടാവണം. അതോടൊപ്പം സ്വകാര്യ സംരംഭങ്ങളും വളർന്നുവരും. കേരളത്തിൽ കാർഷിക മേഖലയിൽ നിന്നുതന്നെ അസംസ്കൃത പദാർത്ഥങ്ങൾ കണ്ടെത്തുന്ന തരം വ്യവസായങ്ങൾക്ക് മുൻതൂക്കം നൽകണം. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ റബ്ബർ കർഷകരെ അന്താരാഷ്ട്ര ഉൽപാദന വിപണനവുമായി ബന്ധപ്പെട്ട ചാക്രിക സ്വഭാവമുള്ള വിലത്തകർച്ചയിൽ നിന്ന് രക്ഷപ്പെടുത്തും. കേര സംബന്ധിയായ വ്യവസായങ്ങൾക്ക് അനന്ത സാധ്യതകളാണുള്ളത്. വെർജിൻ കോക്കനട്ട് ഓയിൽ ഓർമ്മശക്തി നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുമെന്നു മാത്രമല്ല, വാർദ്ധക്യത്തെ തടഞ്ഞു നിർത്തും, മേധാക്ഷയം ബാധിക്കാതെ സംരക്ഷതരും എന്നൊക്കെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടു കഴിഞ്ഞു. അമേരിക്ക ഇതിന്റെ ഒന്നാംതരം വിപണിയായി രൂപപ്പെടുകയും ചെയ്തു കഴിഞ്ഞു. അതുപോലെ തന്നെയാണ് നീര. കോക്കനട്ട് ഹണി മൂന്നാമതൊന്നാണ്. ഏതാണ്ട് 40-ൽ അധികം വിപണി മൂല്യമുള്ള ഉൽപന്നങ്ങൾ കേരത്തിൽ നിന്ന് ഉൽപാദിപ്പിക്കാമെന്ന് തെളിയിച്ചു കഴിഞ്ഞതാണ്.

കേരളത്തിൽ സുഗന്ധദ്രവ്യങ്ങൾ വേറൊരു വ്യവസായ സാധ്യതയുടെ ഖനിയാണ്. നാളിതുവരെ മൂല്യവർദ്ധനവിനു തുനിയാതെ അസംസ്കൃത വസ്തുക്കളായി കയറ്റിയയച്ച് തുച്ഛ വരുമാനത്തിൽ തൃപ്തിപ്പെട്ട കേരളം വ്യാവസായികോൽപന്നങ്ങളുടെ കയറ്റുമതിയിൽ വ്യാപൃതമാകുന്ന കാലം അനതി വിദൂര ഭാവിയിൽ സംജാതമാകട്ടെ. അഞ്ച് വർഷം കൊണ്ട് 5100 ഏക്കർ ഭൂമിയാണ് ഇത്തരം ആവശ്യങ്ങൾക്കായി ഏറ്റെടുക്കുന്നത്. 5100 കോടി വകയിരുത്തിയിരിക്കുന്നു. നടപ്പുവർഷം 1000 കോടി രൂപ. നമ്മുടെ വ്യവസായ സ്വപ്നങ്ങൾ ഒരു വ്യവസായ ഇടനാഴിയിൽ തളച്ചിടരുത്. വളർന്നു വരണം കൊച്ചി-കോട്ടയം- ഇടുക്കി, കൊച്ചി- കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ്, കോഴിക്കോട്- വയനാട്, കൊച്ചി- തിരുവനന്തപുരം, തിരുവനന്തപുരം- പാറശ്ശാല തുടങ്ങിയ പല ഇടനാഴികളും. അങ്ങനെ കേരളത്തെപ്പറ്റി റെമിറ്റൻസ് ഇക്കോണമി എന്ന പരാമർശം ഏതർത്ഥത്തിലായാലും മാറ്റിയെടുക്കണം. നോബൽ സമ്മാനജേതാവായ ഇന്ത്യൻ ധനതത്വശാസ്ത്രജ്ഞൻ അമർത്യസെൻ രേഖപ്പെടുത്തിയത് ''കേരളം റെമിറ്റൻസ് കൊണ്ട് ഊതിവീർപ്പിച്ച ബലൂണാണ്. റെമിറ്റൻസ് നിന്നാൽ ആ ബലൂൺ പൊട്ടിത്തകരും'' എന്നാണ്. ഇത് ശക്തമായൊരു താക്കീതാണ്; സ്വാശ്രയ വളർച്ചയുടെ അനിവാര്യതയിലേയ്ക്ക് വിരൽ ചൂണ്ടുന്ന മുന്നറിയിപ്പ്.

### വിനോദ സഞ്ചാരം

പ്രകടന പത്രിക കേരള വികസനത്തിന്റെ രാസത്വരകമായി കാണുന്ന മറ്റൊരു വ്യവസായമാണ് വിനോദസഞ്ചാരം. കവികളെ മാത്രമല്ല വിനോദ സഞ്ചാരികളേയും ഈ മനോഹര തീരം ഹഠാദാകർഷിക്കുന്നു. എന്നാൽ വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ വൻ ഇടിവാണ് ഈ അടുത്ത കാലത്തായി രേഖപ്പെടുത്തിയിട്ടുള്ളത്. 2010- ൽ 18.31 ശതമാനം വളർച്ച രേഖപ്പെടുത്തിയ ഈ മേഖല 2014- ൽ നേടിയത് 7.6 ശതമാനം വളർച്ച മാത്രം. ഇതിലേയ്ക്ക് നയിച്ച കാരണങ്ങൾ

- ആഗോള മാന്ദ്യം
- കേരളത്തിൽ ടൂറിസ്റ്റുകളുടെ ചെലവ് അയൽ സംസ്ഥാനങ്ങളും അയൽ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്നു നിൽക്കുന്നു.
- ടൂറിസ്റ്റു കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എളുപ്പത്തിലും വേഗത്തിലുമുള്ള യാത്രാ സൗകര്യമില്ലായ്മ.

- ഖരമാലിന്യ സംസ്കരണത്തിലെ വൻ തിരിച്ചടി.
- മദ്യനയം
- ഓർക്കാപ്പുറത്ത് ടൂറിസ്റ്റുകളെ ആഹാരവും, യാത്രാസൗകര്യങ്ങളുമില്ലാതെ സ്തബ്ധരാക്കുന്ന ബന്ദും ഹർത്താലും തുടങ്ങിയവയൊക്കെയാണ്.

ബജറ്റ് ലക്ഷ്യമിടുന്നത് കേരളത്തിൽ വരുന്ന വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം നാലിലൊന്നെങ്കിലും വർദ്ധിപ്പിക്കുന്നതിനും കഴിയുംവിധം പദ്ധതികൾ ആസൂത്രണം ചെയ്ത് അഞ്ച് കൊല്ലം കൊണ്ട് ഈ മേഖലയിൽ നാല് ലക്ഷം പേർക്ക് പ്രത്യക്ഷമായും അതിലും പല മടങ്ങു പേർക്ക് പരോക്ഷമായും തൊഴിൽ നൽകുകയാണ്. ഇതിനായി സ്വകാര്യ നിക്ഷേപം ആകർഷിക്കുവാനും അതിലേയ്ക്ക് വഴിവയ്ക്കുംവിധം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയുമാണ് ലക്ഷ്യം. നിരവധി ടൂറിസം ഹബുകളാണ് ബജറ്റിൽ ഇടം തേടിയിരിക്കുന്നത്. ധർമടം- മുഴുപ്പിലങ്ങാട്. തിരമാലകൾ വാരിപ്പുണരുന്ന തീരത്തു കൂടി വണ്ടിയോടിച്ചു മുന്നേറാവുന്ന കേരളത്തിലെ ഏക ബീച്ചാണ് മുഴുപ്പിലങ്ങാട്. ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളുടെ ഹരമാക്കി മാറ്റാവുന്ന ഡെസ്റ്റിനേഷൻ. മറ്റൊന്ന് കണ്ണൂർ കോട്ട- അറയ്ക്കൽ കൊട്ടാരം, കാരാപ്പുഴ- വയനാട് ടൂറിസം ഹബ്ബ്, അനന്ത ടൂറിസ സാധ്യതകളുള്ള വയനാട്ടിലെ ഒരു പോയിന്റു മാത്രമാണ് കാരാപ്പുഴ. ബാണാസുരസാഗർ കോട്ട- പൂക്കോട്- ഇടയ്ക്കൽ ഗുഹ- മുത്തങ്ങ ആനത്താരി- കുറുവാ ദ്വീപ്- തോൽപെട്ടി ട്രക്കിങ്ങ്- തിരുനെല്ലി പാപനാശിനി, ഈ ഡെസ്റ്റിനേഷൻസ് കൂട്ടിയോജിപ്പിക്കാനായാൽ അങ്ങോട്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഇതിലേതെങ്കിലും കേന്ദ്രത്തിൽ നിന്ന് പറക്കാനുള്ള സൗകര്യവുമായാൽ ഒരു പക്ഷേ കേരളത്തിലെ ഏറ്റവും ആദായകരമായ ടൂറിസം ഹബ്ബായി മാറും വയനാടു ജില്ല മുഴുവനുമായും. അഞ്ചു വർഷം കൊണ്ട് 20 ടൂറിസം ഡെസ്റ്റിനേഷനുകളിലെ റോഡ്, ജലഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, കുടിവെള്ളം, വേ സൈഡ് അമിനിറ്റീസ് തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി 400 കോടി രൂപ നീക്കിവച്ചിരിക്കുന്നു. നടപ്പുവർഷം 50 കോടി ഇതിലേയ്ക്കായി നീക്കിവച്ചിരിക്കുന്നു.

മുസ്രിസ് ഹെറിറ്റേജ് ടൂറിസം പദ്ധതി വൻ പ്രതീക്ഷയ്ക്ക് വക നൽകുന്നു. തലശ്ശേരിയിലും ആലപ്പുഴയിലും പൈതൃക ടൂറിസം പദ്ധതിക്ക് വിഭവവിന്യാസം നടത്തിയിട്ടുണ്ട്. പൊൻമുടി റൊപ് വേ യ്ക്കായി ഈ വർഷം അഞ്ച് കോടി മാറ്റി വച്ചിരിക്കുന്നു. സിൽക്ക് റൂട്ടിനെ ഓർമപ്പെടുത്തും വിധം ഒരു സ്പൈസസ് റൂട്ട് (അന്തർദേശീയ റൂട്ട്) പ്രോത്സാഹിപ്പിക്കപ്പെടും. ബേക്കലും, വയനാടും, ഇടുക്കിയിലും എയർ സ്ട്രിപ്പുകൾ എന്ന ആശയം ഉത്തമം. ഇവയെല്ലാം ചേരുമ്പോൾ സർക്യൂട്ട് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താനാവും. ശബരിമല മാസ്റ്റർ പ്ലാൻ, കണ്ണൂർ വിമാനത്താവള പൂർത്തീകരണം എന്നിവയും ഇതോടു ചേർത്ത് ചിന്തിച്ചിരിക്കുന്നു. കേന്ദ്രത്തിന്റെ ഹെറിറ്റേജ് വികസന പദ്ധതിയിൽ ഉൾപെടുത്തി, ശബരി റെയിൽപാതയും അനുബന്ധ പദ്ധതികളും പൂർത്തീകരിക്കുന്നതിന് ഒരു കൈ കേന്ദ്രസഹായം തേടാവുന്നതാണ്.

പൊൻമുടി വികസനത്തിന് 200 കോടി ലക്ഷ്യമിടുന്നു. നടപ്പുവർഷം അഞ്ച് കോടി മാറ്റിവച്ചിട്ടുണ്ട്. അതായത് മൊത്തം ലക്ഷ്യമിടുന്നതിന്റെ 2.5 ശതമാനം. പൊൻമുടിയിലേയ്ക്ക് ലക്ഷ്യമിട്ടിരിക്കുന്ന റോപ് വേ പോലും ഈ വർഷം നിവർത്തിക്കപ്പെടുകയില്ല എന്ന തോന്നൽ ഉളവാകുന്നു. ടൂറിസത്തിന് വാർഷിക പദ്ധതിയിൽ 311 കോടിയാണ് അടങ്കൽ. ഐ റ്റി മേഖലയുടെ അടങ്കൽ 482 കോടിയാണ് എന്നു കാണുമ്പോൾ ടൂറിസത്തിന് കുറവല്ല എന്നു വ്യംഗ്യം.

ഐ. റ്റി, ടൂറിസം മേഖലകളിലായി അഞ്ച് വർഷം കൊണ്ട് 10 കോടി തൊഴിൽ സൃഷ്ടിക്കുമെന്ന വാഗ്ദാനം പാലിക്കപ്പെടാൻ വരും വർഷങ്ങളിൽ കൂടുതൽ വിഭവ വിഹിതം നീക്കിവയ്ക്കേണ്ടി വരും. കാത്തിരിക്കാം. ഒരു കോടി ചതുരശ്രയടി ശേഷി വർദ്ധനയാണ് ഐ റ്റി മേഖലയ്ക്കുള്ള പഞ്ചവത്സര വാഗ്ദാനം. അതിൽ എട്ട് ലക്ഷം ചതുരശ്ര അടി വരുന്ന ടെക്നോപാർക്കിലെ പുതിയ ഐ. റ്റി കെട്ടിടമാണ് വമ്പൻ. അഞ്ചു വർഷം കൊണ്ട് ഇവിടെ മാത്രം 750 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണുള്ളത്. ആകെ 1325 കോടി അടങ്കലിന്റെ 56.6 ശതമാനം വരുമിത്.

ഐ. റ്റി പാർക്കുകൾ വികസിപ്പിക്കുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം വ്യവസായ വകുപ്പിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ട ഒരു സാമൂഹ്യ




പ്രശ്നം ചൂണ്ടിക്കാണിക്കട്ടെ. പുറംകരാർ ജോലികൾ ചെയ്യാൻ വേണ്ടി ഈ മേഖലയിൽ യുവതീയുവാക്കൾ അവരുടെ രാത്രികൾ, വിദേശ രാജ്യങ്ങൾക്കു വേണ്ടി, പകലാക്കി മാറ്റുമ്പോൾ ഇവിടെ കുടുംബ ജീവിതത്തിന്റെ താളം തെറ്റുകയാണ്. കുട്ടികൾ അനാഥരായി വളരേണ്ടി വരുന്നു. നമ്മുടെ പരമ്പരാഗത ജീവിതചര്യ വിട്ട് കെന്റക്കി യുടെ നാലു കാലുള്ള കോഴിയും, ഷവർമയുമൊക്കെ കഴിച്ച് അവർ രോഗാതുരരായി വളരുകയാണ്. അതുകൊണ്ട് ഔട്ട് സോഴ്സിങ് കരാറുകൾ വേണ്ടെന്നല്ല വിദേശ രാജ്യത്തിന്റെ താൽപര്യം മാത്രം സംരക്ഷിക്കപ്പെടാതെ നമ്മുടെ സാമൂഹ്യ/കുടുംബ താൽപര്യങ്ങൾ കൂടി സംരക്ഷിക്കപ്പെടുന്ന രീതിയിൽ കരാറുകളിൽ കാതലായ മാറ്റങ്ങൾ വരണം. അതു ചെയ്തില്ലെങ്കിൽ ഇത്തരം തൊഴിലുകളും വരുമാനവും ഒരു ജീർണ സംസ്കാരം ഇവിടെ രൂഢമൂലമാകാൻ കാരണമാവും.

## സ്റ്റാർട്ടപ് വിപ്ലവം

ബജറ്റ് പ്രഖ്യാപിക്കുന്നത് ഇവിടെ ഒരു സ്റ്റാർട്ടപ് വിപ്ലവത്തിന് നാന്ദികുറിക്കും എന്ന തോന്നലുളവാക്കും വിധമാണ്. കേന്ദ്ര ഗവൺമെന്റ് ഇന്ത്യയിലാകമാനമായി 1500 സ്റ്റാർട്ടപ്പുകൾ 2016-17 ൽ നടപ്പാക്കുമെന്നാണ് ബജറ്റിൽ പറഞ്ഞത്. മറിച്ച് അഞ്ച് വർഷം കൊണ്ട് കേരളത്തിൽ 1500 സ്റ്റാർട്ടപ്പുകൾ. മുകളിൽ സൂചിപ്പിച്ചതുപോലെ വിദേശികളുടെ സമയം നോക്കി ജോലി ചെയ്യുന്ന ശാപത്തിൽ നിന്ന് മുക്തി നേടാൻ കേരളീയർ തന്നെ സംരംഭകരും തൊഴിൽ ദാതാക്കളുമായി മാറുന്നൊരു നാളെയെ നമുക്ക് എന്തു വില കൊടുത്തും പ്രോത്സാഹിപ്പിക്കാം. സ്റ്റാർട്ടപ് ആശയം കേന്ദ്രം കടം കൊണ്ടതും കേരളത്തിൽ നിന്നാണെന്നത് മറക്കാതെ മുന്നേറാം. ഇതിലേയ്ക്ക് നയിക്കുന്ന തരത്തിലാണ് നൂതനാശയം ആവിഷ്കരിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപ വീതം പ്രോത്സാഹനവും, അതിൽ മികവ് തെളിയിക്കുന്നവർക്ക് ഒരു കോടി രൂപയുടെ ഈടില്ലാ വായ്പയും. ഇതൊക്കെ ബജറ്റിൽ ഉറങ്ങാതെ നടപ്പിലാവട്ടെ. വകുപ്പിന്റെ കാര്യക്ഷമതയും ശ്രദ്ധയും ഉത്തരവാദിത്തബോധവും അതിലേയ്ക്ക് നയിക്കുമാറാകട്ടെ.

**അമർത്യസെൻ രേഖപ്പെടുത്തിയത് കേരളം റെമിറ്റൻസ് കൊണ്ട് ഊതി വീർപിച്ച ബലൂണാണ്. റെമിറ്റൻസ് നിന്നാൽ ആ ബലൂൺ പൊട്ടിത്തകരും എന്നാണ്. ഇത് ശക്തമായൊരു താക്കീതാണ്; സ്വാശ്രയ വളർച്ചയുടെ അനിവാര്യതയിലേയ്ക്ക് വിരൽ ചൂണ്ടുന്ന മുന്നറിയിപ്പ്.**



## പരമ്പരാഗത വ്യവസായങ്ങൾ

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഫാഷൻ അനുസൃതമായി രൂപകൽപന ചെയ്യാവുന്ന നാമമാത്ര/ഇടത്തരം/ചെറുകിട വ്യവസായങ്ങളാണ് പരമ്പരാഗത വ്യവസായങ്ങൾ. ഇതിൽ അനന്തസാധ്യതകൾ ഉൾകൊള്ളുന്നതാണ് കൈത്തറി-ഖാദി വ്യവസായം. രാസ ഡൈകൾക്ക് പകരം പ്രകൃതിദത്ത ഡൈകൾ ഉപയോഗിച്ച് ഈ മേഖലയെ പുന:ക്രമീകരിക്കാനാവണം. അതിപുരാതന കാലം മുതൽക്കു തന്നെ ലേസ് വർക്കിലും കസവിലും സ്വപ്നങ്ങൾ വിരിയിച്ചിട്ടുള്ള കേരളത്തിന്റെ കൈത്തറി-ഖാദി ചരിത്രത്തെ ആധുനിക ഫാഷനനുസരിച്ച് മാറ്റിയെടുത്താൽ മതി. പുതിയ ഡിസൈനുകൾ പഠിക്കാൻ അന്താരാഷ്ട്ര യാത്രയോ ഗവേഷണമോ ആവശ്യമില്ല. ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്കു മുമ്പിൽ ഇലക്ട്രോണിക് മീഡിയകളിൽ പ്രത്യക്ഷപ്പെടുന്ന പുതിയതരം വേഷങ്ങളും ഡിസൈനുകളും കാണിച്ചു കൊടുക്കുക, മൂലധനവും, സൗകര്യവും ഉണ്ടാക്കിക്കൊടുക്കുക. വിപണിയും ഉറപ്പാക്കുക. അന്താരാഷ്ട്ര വിപണിയിൽ ഒരിടം ഉറപ്പാക്കാൻ കേരളത്തിലെ പരമ്പരാഗത കസവ്/ലേയ്സ്/ഖാദി/കരകൗശല വിരുതർക്കു കഴിയും.

ഏകദേശം 350 വർഷങ്ങൾക്കപ്പുറം രാജകുടുംബത്തിനു വേണ്ടി സിൽക്കിലും, വെള്ളി/സ്വർണം ജറി വർക്കിലും പ്രാവീണ്യം നേടിയവർ ഇവിടെ പ്രവർത്തിച്ചിരുന്നതായി ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ രേഖപ്പെടുത്തുന്നുണ്ട്. (പേ. 546-47). ഈ കരവിരുതിൽ പ്രകൃതിദത്ത നിറങ്ങളും, അന്താരാഷ്ട്ര താൽപര്യത്തിൽ വികസിപ്പിച്ചെടുത്ത കേരള ഡിസൈനുകളും ഈ മേഖലയിൽ നഷ്ടപ്പെട്ട വിപണി (ആഭ്യന്തര/അന്താരാഷ്ട്ര) തിരിച്ചുപിടിക്കാൻ സഹായിക്കും.

## റിബേറ്റ് ലോബി

ഇന്ന് ഉത്സവകാലങ്ങളിൽ നൽകുന്ന റിബേറ്റ് തട്ടിയെടുക്കാൻ വൻ ലോബിയാണ് രാഷ്ട്രീയ ഉദ്യോ

ഗസ്ഥ പിൻബലത്തോടെ പ്രവർത്തിക്കുന്നത്. അന്യ-സംസ്ഥാനങ്ങളിൽ നിന്നുള്ള മിൽ തുണിത്തരങ്ങൾ ഇവിടുത്തെ ഖാദി/കൈത്തറി ഉൽപന്നങ്ങൾ എന്ന വ്യാജേന വിറ്റഴിക്കുന്നതായി ആ മേഖലയിലെ സത്യസന്ധരായ ജീവനക്കാർ ചൂണ്ടിക്കാട്ടുന്നു. തൽഫലമോ ഖാദി/കൈത്തറി മേഖല നാശോന്മുഖമായി ചരിക്കുന്നു. അവിടെ പ്രവർത്തിക്കുന്നവരുടെ അവസ്ഥ കോരന്റെ കഞ്ഞി കുമ്പിളിൽ തന്നെ എന്ന രീതിയിലും.

കശുവണ്ടി മേഖല വർഷങ്ങളായി അഴിമതിയുടെ മേച്ചിൽ പുറമായി. അഴിമതിക്കാരനെന്ന് കോടതി കണ്ടെത്തിയിട്ടും ആ വ്യക്തിയെ തന്നെ നേതാവായി തിരഞ്ഞെടുത്ത തൊഴിലാളി യൂണിയൻ എന്തു സന്ദേശമാണ് ജനത്തിന് നൽകുന്നത്? അത്തരക്കാർക്കെതിരെ ഈ ഗവൺമെന്റ് എന്തു നടപടിയെടുക്കും എന്നു കാത്തിരിക്കുകയാണ് ജനം. തലപ്പത്തിരിക്കുന്നവരുടെ അഴിമതി മൂലം തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ. എസ്. ഐ തുടങ്ങിയവ മുടങ്ങുന്ന സാഹചര്യം യൂണിയൻ പ്രവർത്തനത്തിനു തന്നെ നാണക്കേടുണ്ടാക്കുന്നു. കാഷ്യു വികസന കോർപറേഷന് ബജറ്റ് വകകൊള്ളിച്ചിരിക്കുന്ന 30 കോടിയും ക്യാപ്പക്സിന് രേഖപ്പെടുത്തിയിട്ടുള്ള എട്ടു കോടിയും അഴിമതിക്കാരുടെ പോക്കറ്റുകളിൽ എത്തിപ്പെടുകയില്ലെന്നത് ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു.

കയർ വ്യവസായം രക്ഷപ്പെടണമെങ്കിൽ ബജറ്റിൽ വിഭവം മാറ്റിവച്ചാൽ പോര. കേരളത്തിലെ തൊഴിൽ സംസ്കാരം തന്നെ മാറണം. സാങ്കേതികവിദ്യയിലെ ആധുനികവൽകരണവും അനിവാര്യമാണ്. തൊണ്ട് കിട്ടാനില്ലെന്ന പല്ലവി തൊണ്ടന്വേഷിക്കാത്തതു കൊണ്ടു മാത്രമാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം തൊണ്ട് വീട്ടുപറമ്പിൽ കത്തിക്കുകയാണ്, ആവശ്യക്കാരില്ലാത്തതു കൊണ്ടു തന്നെ. തൊണ്ടു സംഭരണത്തിനും തേങ്ങ വെട്ടുന്നതിനും ഇടപെടലുണ്ടായാൽ ചകിരിയുടെ ലഭ്യത ആവശ്യത്തിലധികമാവും. യന്ത്രവൽകരണം ബജറ്റ് അംഗീകരിക്കുന്നു. ചകിരി ഉൽപാദന (സംഭരണമാവാം ഉദ്ദേശിക്കുന്നത്) യൂണിറ്റുകൾക്ക് 50 ശതമാനം സബ്സിഡി സ്വാഗതാർഹം. 100 കോടി, വില സ്ഥിരതയ്ക്കായി മാറ്റി വച്ചതും അഭിനന്ദനമർഹിക്കുന്നു. പക്ഷേ ഇതിൽ നിന്ന് എത്ര തുക തൊഴിലാളിയുടെ കരങ്ങളിലെത്തുമെന്നതാണ് കരണീയമായ ചോദ്യം.

പരമ്പരാഗത വ്യവസായമേഖലയിൽ ഒട്ടനവധി ക്ഷേമ പെൻഷനുകളും വാഗ്ദാനം ചെയ്തു കാണുന്നു. വാരേണ്ടവരൊക്കെ വാരിക്കഴിയുമ്പോൾ ഇത്തരക്കാരുടെ കഞ്ഞിയിൽ പാറ്റ വീഴാറാണ് പതിവ്.

**പൊതുമേഖല:**

അത്യാവശ്യം പൊതുമേഖല, അതായത് സാമൂഹ്യ വളർച്ചാധിഷ്ഠിതമായവയെ സംരക്ഷിച്ചുനിർത്തി ബാക്കിയുള്ളവയെ സ്വകാര്യവൽകരിക്കുക എത്രയും നേരത്തെ ആവാമോ അത്രയും ജനങ്ങളുടെ നികുതിഭാരം കുറയും. പല പൊതുമേഖലാ സ്ഥാപനങ്ങളും ഒരു മധ്യവർത്തിയുടെ പങ്ക് മാത്രമാണ് വഹിക്കുന്നത്. എല്ലാ രംഗത്തും മദ്ധ്യവർത്തികളെ ഒഴിവാക്കി, കാര്യക്ഷമതയും ഉൽപാദന ക്ഷമതയും കൈവരിക്കാൻ പ്രതിജ്ഞാബദ്ധമായ ഗവൺമെന്റ് എന്തിനീ വെള്ളാനകളെ തീറ്റിപ്പോറ്റുന്നു?

ചുരുക്കത്തിൽ, തരിശ്ശില്ലാത്ത കേരളമെന്ന മനോജ്ഞ സ്വപ്നം സാക്ഷാത്കരിക്കാൻ ജൈവകൃഷിയും, കുടുംബശ്രീ/സ്വയം സഹായ സംഘ സഹകരണവും ഉത്തേജിപ്പിക്കുന്ന ബജറ്റ് അഗ്രോ പാർക്കുകളുടെ സഹായത്തോടെ കൃഷിയെ യഥാർത്ഥത്തിൽ വ്യവസായോന്മുഖമാക്കുമെന്ന സ്വപ്ന മുകുളങ്ങൾ ബജറ്റിൽ കാണാം. സ്പൈസസ് പാർക്കുകൾ, റബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ, വ്യവസായ പാർക്കുകൾക്ക് തഴച്ചു വളരാൻ അടിസ്ഥാന സൗകര്യമൊരുക്കുന്ന വ്യവസായ ഇടനാഴി എന്നിവ ഇഴപിരിഞ്ഞു കിടക്കുന്ന ബജറ്റ് ഇന്ന് കേരളം ഉറ്റുനോക്കുന്ന റേറ്റിങ്ങിലുള്ളതു തന്നെ. ചുറ്റുവട്ടത്ത് മൗലീകാവകാശങ്ങൾ ധ്വംസിക്കപ്പെടുന്ന, നിരവധി ലക്ഷം തൊഴിലാളികൾ അസംഘടിത മേഖലയിലുണ്ട്. മുഖം നോക്കാതെ, അവർക്കുവേണ്ടി ചുവപ്പു നാടയുടെ കുരുക്കുകൾ അഴിക്കാനായാൽ, വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തിയെടുക്കാനായാൽ ബജറ്റിലെ വ്യവസായ വാഗ്ദാനങ്ങൾ പാലിക്കപ്പെടും. ശക്തമായൊരു വ്യവസായ വകുപ്പ് കേരളത്തെ ദീർഘകാല വ്യവസായ മുരടിപ്പിൽ നിന്ന് രക്ഷിക്കും. ഉത്തരവാദിത്വ ബോധവും അർപണ ബുദ്ധിയുമുള്ള സിവിൽ സർവീസിന് നിഷ്പ്രയാസം നേടാവുന്ന ലക്ഷ്യം.


*With Best compliments*

**M/s. Priya Soft Drinks,**

Kottappuram, Kodungallur-680664

# പണമിടപാടുകൾക്ക് പിടി വീഴുന്നു



ചെക്ക്, ഡ്രാഫ്റ്റ്, ബാങ്ക് ട്രാൻസ്ഫർ എന്നിവയേക്കാൾ ഇപ്പോഴും പൊതുജനത്തിനിഷ്ടം കറൻസി നോട്ടുകൾ തന്നെയാണ്. നമ്മുടെ വ്യവസായ-വ്യാപാര മേഖലകളിൽ ബാങ്കിംഗ് സംസ്കാരം അറച്ചറച്ചാണ് കടന്നു വരുന്നത് എന്നത് സർക്കാരിനും തലവേദനയുണ്ടാക്കുന്നുണ്ട്. വണ്ടിച്ചെക്ക് നൽകിയാൽ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് നിയമപ്രകാരം കേസെടുക്കാൻ വകുപ്പുണ്ടെങ്കിലും പലരും ചെക്കുകളും മറ്റും സ്വീകരിക്കാൻ വിമുഖത കാട്ടുന്നുണ്ട്. ക്യാഷായി പണം വാങ്ങിയാൽ ഈ പൊല്ലാപ്പിനൊന്നും പോകണ്ടല്ലോ എന്നാണ് മിക്കവരുടെയും ചിന്ത.

കള്ളപ്പണം നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്കു തന്നെ സമാന്തരമായി പ്രവർത്തിക്കുന്നുണ്ട് എന്നുള്ള കാര്യം നമുക്കേവർക്കുമറിയാം. സർക്കാരിനുമറിയാം. ഈ മേഖലയിലെ ക്രയവിക്രയങ്ങൾക്ക് കടിഞ്ഞാണിടാൻ സർക്കാരുകൾ പതിറ്റാണ്ടുകളായി നടത്തി വരുന്ന പരിശ്രമങ്ങൾക്ക് ഇനിയും ഫലം കണ്ടുതുടങ്ങിയിട്ടില്ല. പുതിയ പുതിയ വകുപ്പുകൾ നിലവിൽ വരുന്നുണ്ട്. പക്ഷെ ഇവ നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്.

രണ്ടു ലക്ഷം രൂപയിൽ കൂടുതൽ ക്യാഷായി വില്പനവില, സേവനത്തിനുള്ള പ്രതിഫലം എന്നിവയ്ക്ക് ലഭിക്കുന്നയാൾ ഉത്ഭവസ്ഥാനത്തു നിന്നുതന്നെ ഒരു ശതമാനം നിരക്കിൽ നികുതി ഈടാക്കണം എന്നുള്ള വ്യവസ്ഥ 01.06.2016 മുതൽ നിലവിൽ വന്നിട്ടുണ്ടെങ്കിലും അതിനെക്കുറിച്ച് വിശദീകരിക്കുന്നതിനു മുമ്പേ തന്നെ നിലവിലുണ്ടായിരുന്ന സമാന രീതിയിലുള്ള ചില വകുപ്പുകളെപ്പറ്റി ആദ്യം പറയാം.



## 269 എസ്. എസ്/269 റ്റി

ആദായനികുതി നിയമത്തിലെ 269 എസ്. എസ് എന്ന വകുപ്പു പ്രകാരം 20,000 രൂപയിൽ കൂടുതൽ കട മായോ ഡിപ്പോസിറ്റ് ആയോ സ്വീകരി ക്കുമ്പോൾ അവ അക്കൗണ്ട് പേയി ചെക്ക്/അക്കൗണ്ട് പേയി ബാങ്ക് ഡ്രാഫ്റ്റ്/ബാങ്ക് ട്രാൻസ്ഫർ എന്നിവ മുഖേനയേ പാടുള്ളു. അതുപോലെ തന്നെ വകുപ്പ് 269 റ്റി പ്രകാരം 20,000 രൂപയിൽ കൂടുതലുള്ള കടം അഥവാ ഡെപ്പോസിറ്റ് എന്നിവ തിരിച്ചു നൽകു മ്പോഴും മേൽപറഞ്ഞ രീതിയിൽ തന്നെ വേണമെന്നും നിഷ്കർഷിച്ചിട്ടു ണ്ട്.

നമ്മുടെ റിയൽ എസ്റ്റേറ്റ് മേഖ ലയിൽ കള്ളപ്പണം കൊടികുത്തി വാഴുകയാണ് എന്നുള്ളത് ഏവർക്കുമ റിയാവുന്ന കാര്യമാണ്. ഈ തിരിച്ചറി വിന്റെ അനന്തരഫലമായി 2015– ലെ ധനകാര്യ നിയമത്തിലൂടെ വകുപ്പ് 269 എസ് എസ് ഉം 269 റ്റി യും ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. ഇതേ ഭേദഗതി മുഖാ ന്തിരം സ്ഥാവര വസ്തുക്കളുമായി ബന്ധപ്പെട്ടിട്ടുള്ള അഡ്വാൻസുകളും (അവയെ എന്തു പേരു വിളിച്ചാലും) മേൽപറഞ്ഞ 269 എസ്. എസ്/269 റ്റി എന്നീ വകുപ്പുകളുടെ പരിധിയിൽ വരും. 01.06.2015 മുതലാണ് ഈ ഭേദഗ തിക്ക് പ്രാബല്യം നൽകിയിരിക്കുന്നത്.

എന്നാൽ മേൽപറഞ്ഞ നിബ ന്ധനകളിൽ നിന്നും സർക്കാർ സ്ഥാപ നങ്ങൾ, ബാങ്കുകൾ, പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കുകൾ, കോ–ഓപ്പറേ റ്റീവ് ബാങ്കുകൾ, കേന്ദ്ര–സംസ്ഥാന സർക്കാരുകളാൽ സ്ഥാപിതമായ കോർപറേഷനുകൾ, സർക്കാർ കമ്പനി കൾ എന്നിവയെ ഒഴിവാക്കിയിട്ടുണ്ട്.

കൂടാതെ കേന്ദ്ര ആദായനികുതി നിയമപ്രകാരമുള്ള നികുതിബാധ്യതയി ല്ലാത്തവരും കാർഷിക വരുമാന മുള്ളവരുമായവരെയും ഈ വ്യവസ്ഥ കളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഈ വ്യവസ്ഥകൾ ലംഘിക്ക പ്പെട്ടാൽ, സ്വീകരിക്കുന്ന ഡിപ്പോസിറ്റ്/ കടം/അഡ്വാൻസ് എന്നിവയ്ക്ക് തത്തുല്യമായ തുക പിഴയായി അട യ്ക്കേണ്ടി വരുമെന്ന് വകുപ്പ് 271 ഡി യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പണം ക്യാഷായി തിരിച്ചു നൽകുന്നവർക്കും പിഴ വന്നുചേരാം. 271 ഡി യ്ക്ക് സമാ നമായ രീതിയിൽ വകുപ്പ് 271 ഇ പ്രകാരം തത്തുല്യതുക പിഴയായി ചുമ ത്തപ്പെടാം.

തീർന്നില്ല. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണമായി അട യ്ക്കുന്ന തുകകൾക്ക് മേൽപറഞ്ഞ നിബന്ധനകൾ ബാധകമല്ല എങ്കിലും 10 ലക്ഷം രൂപയിൽ കൂടുതൽ ഇങ്ങനെ പണമായി നടത്തുന്ന നിക്ഷേപങ്ങൾ ബാങ്ക് അധികൃതർ ആദായനികുതി വകുപ്പിനെ അറിയിക്കുമെന്നതിനാൽ ഇത് സംബന്ധിച്ചുള്ള അന്വേഷണ ങ്ങൾക്കും ഇത് വഴിമരുന്നിട്ടേയ്ക്കാം.

## പണമായി നടത്തുന്ന ബിസിനസ്സ് ചെലവുകൾ

ബിസിനസ്സ് നടത്തിക്കൊണ്ടു പോകുന്നതിനായി വേണ്ടിവരുന്ന ചെലവുകൾ എല്ലാംതന്നെ മൊത്തം വിറ്റുവരവിൽ നിന്നും കുറച്ച് ബാക്കി യുള്ള അറ്റാദായത്തിനാണല്ലോ ആദാ യനികുതി നൽകേണ്ടത്. ഇങ്ങനെ നട ത്തുന്ന ചെലവുകൾ ക്യാഷായി നൽകുമ്പോൾ സൂക്ഷിക്കണം. ഒരു ദിവസത്തിൽ 20,000 രൂപയിൽ കൂടു തലുള്ള തുകകൾ അക്കൗണ്ട് പേയി ചെക്ക്/അക്കൗണ്ട് പേയി ബാങ്ക് ഡ്രാഫ്റ്റ്/ബാങ്ക് ട്രാൻസ്ഫർ എന്നിവ മുഖേന മാത്രം നടത്തുവാൻ ശ്രദ്ധിക്കു ക. അങ്ങനെ ചെയ്യാത്ത പക്ഷം പ്രസ്തുത തുകകൾ ബിസിനസ്സ് ചെല വുകളായി അംഗീകരിക്കാതെ വന്നേ യ്ക്കാം. ഫലത്തിൽ പ്രസ്തുത ചെല വുകൾക്കും കൂടി ആദായനികുതി ബാധ്യത വന്നുചേരുമെന്നു സാരം.

എന്നാൽ പതിവുപോലെ ഇവി ടെയും ചില ഒഴിവുകൾ നൽകിയിട്ടു ണ്ട്. അതിനാൽ താഴെ പറയുന്ന അട വുകൾ ക്യാഷ് ആയി നടത്തിയാലും ബിസിനസ്സ് ചെലവായി അനുവദിക്ക പ്പെടുന്നതാണ്.

1. സർക്കാരിലേയ്ക്കുള്ള അടവു കൾ. ഉദാ: വാറ്റ്, സെയിൽസ് ടാക്സ്, എക്സൈസ് ഡ്യൂട്ടി, കസ്റ്റംസ് ഡ്യൂട്ടി മുതലായവ. (ഇ വയിൽ പലതിനും ഇ– പേയ്മെന്റ് ബാധകമാക്കിയിട്ടുണ്ടെന്നുള്ള കാര്യം മറക്കുന്നില്ല)
2. ബാങ്ക് ശാഖകളില്ലാത്ത ഗ്രാമങ്ങ ളിലും മറ്റു സ്ഥലങ്ങളിലും നട ത്തുന്ന ചെലവുകൾ.
3. ചരക്കുകൾ ട്രാൻസ്പോർട്ടു ചെയ്യുന്നവർക്കു നൽകുന്ന തുക കൾ (35,000 രൂപ വരെ)
4. ബാങ്കിന് അവധിയായിരിക്കുന്ന ദിനങ്ങളിൽ നൽകുന്ന തുകകൾ.
5. കൃഷിക്കാർക്കു നൽകുന്ന തുക കൾ (ഉദാ: കാർഷിക ഉല്പന്ന ങ്ങൾ, ക്ഷീര ഉൽപന്നങ്ങൾ, പൗൾട്രി ഉല്പന്നങ്ങൾ മുതലായവ യ്ക്കായി നൽകുന്നവ)
6. മൂലധന ചെലവുകൾ

രണ്ടു ലക്ഷത്തിനു മേലുള്ള വില്പനസേവനം (പണമായുള്ളവ) എന്നിവയിൽ നിന്നും നടത്തേണ്ടതായ ഒരു ശതമാനം ഉത്ഭവസ്ഥാനത്തു നിന്നുള്ള നികുതി കുറവിനെപ്പറ്റി (ടാക്സ് ഡിഡക്ഷൻ അറ്റ് സോഴ്സ് – റ്റി. സി. എസ്) .അടുത്ത ലക്കത്തിൽ

ബൈജു നെടുങ്കേരി

പടവുകൾ



# ഇഡലി, ദോശമാവ് നിർമാണം

കേരളത്തിൽ നാടൻ ഭക്ഷണങ്ങളോടുള്ള ജനങ്ങളുടെ താല്പര്യം വർദ്ധിച്ചുവരികയാണ്. ഒരു സമയത്ത് ചൈനീസ് ഭക്ഷണത്തെ ഒപ്പം ചേർത്ത മലയാളികളിൽ ഭൂരിഭാഗവും തനതായ ഭക്ഷണക്രമത്തിലേയ്ക്ക് മടങ്ങിക്കഴിഞ്ഞു. ഇഡലിയും, ദോശയും, പുട്ടും, കപ്പയുമെല്ലാം നമ്മുടെ അടുക്കളകളിൽ തിരികെ എത്തിക്കഴിഞ്ഞു. ഇതോടൊപ്പം മലയാളിയുടെ ജീവിതക്രമത്തിലും മാറ്റം വന്നുകഴിഞ്ഞു. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും അണുകുടുംബത്തിലേയ്ക്കുള്ള മാറ്റം ധാരാളം സംരംഭക സാധ്യതകളും നമ്മുടെ മുമ്പിൽ തുറന്നിടുന്നുണ്ട്. ഗൃഹാതുരത്വമുണർത്തുന്ന ഭക്ഷണങ്ങളോട് വലിയ പ്രിയമുണ്ട്. പക്ഷെ ഇത്തരം ഭക്ഷണങ്ങൾ പാചകം ചെയ്യുന്നതിനുള്ള സമയം നമ്മുടെ ജോലിക്കാരായ വീട്ടമ്മമാർക്ക് ലഭിക്കാറില്ല.

**പ്രാദേശികമായി 100 വില്പനകേന്ദ്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞാൽ തന്നെ ഈ സംരംഭം വിജയകരമായി നടപ്പാക്കാം. കുറഞ്ഞ മുതൽമുടക്കും. അസംസ്കൃത വസ്തുക്കളുടെ സുഗമമായ ലഭ്യതയും ഈ വ്യവസായത്തെ സംരംഭക സൗഹൃദമാക്കുന്നു. വലിയ ബ്രാന്റിംഗോ മാർക്കറ്റിംഗോ ആവശ്യമില്ല. ഗുണമേന്മയ്ക്ക് പ്രാധാന്യം നൽകി ക്വാളിറ്റിയുള്ള അരിയും, ഉഴുന്നും തിരഞ്ഞെടുത്ത് മാവ് നിർമിച്ചാൽ ചുരുങ്ങിയ കാലം കൊണ്ട് വിപണി പിടിക്കാം.**


ഇഡലിയും, ദോശയും, നെയ്റോസ്റ്റും പാചകം ചെയ്തെടുക്കുന്നതിന് മുമ്പ് അരിയും, ഉഴുന്നും വാങ്ങി അരച്ച് മാവ് ഉണ്ടാക്കുന്നതുവരെയുള്ള ജോലിക്കായി ധാരാളം സമയം ആവശ്യമായി വരും. വീട്ടമ്മമാരും ജോലിക്കാരായതോടെ ഭക്ഷണം പാചകം ചെയ്യുന്നതിന് മുമ്പ് അനുബന്ധ ജോലികൾക്കായി ഇത്രയും സമയം നീക്കിവയ്ക്കാൻ വീട്ടമ്മമാർക്കാവില്ല. ഇഡലിയും ദോശയും പാചകം ചെയ്യുന്നതിനുള്ള മാവ് റെഡിമെയ്ഡായി നൽകുന്ന ധാരാളം സംരംഭങ്ങൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. ഈ സംരംഭങ്ങളെയെല്ലാം നമ്മുടെ വീട്ടമ്മമാർ ഗ്രാമ-നഗര ഭേദമില്ലാതെ വിജയിപ്പിച്ചിട്ടുണ്ട്. ഒരു കുടുംബസംരംഭം എന്ന നിലയിൽ ഇനിയും ധാരാളം യൂണിറ്റുകൾക്ക് ഈ രംഗത്ത് അവസരമുണ്ട്.

### സാധ്യതകൾ

ദോശയും, ഇഡലിയും, മലയാളി ഏറെ ഇഷ്ടപ്പെടുന്ന ഭക്ഷ്യവിഭവങ്ങൾ തന്നെയാണ്. പ്രത്യേകിച്ചും പ്രഭാത ഭക്ഷണത്തിന്. മുൻകാലങ്ങളിൽ ഈ വ്യവസായം പ്രാദേശിക അടിസ്ഥാനത്തിലാണ് നടന്നിരുന്നതെങ്കിൽ ഇപ്പോൾ ആധുനികയന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ച് നിർമിച്ച് ആകർഷകമായ പായ്ക്കിംഗിൽ ബ്രാന്റിംഗ് നടത്തിയുള്ള വിപണനവും നടക്കുന്നുണ്ട്. ചെറുകിടക്കാരുടെ മാവുകൾക്കും ഡിമാന്റുണ്ട്. പ്രാദേശികമായി 100 വില്പനകേന്ദ്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞാൽ തന്നെ ഈ സംരംഭം വിജയകരമായി നടപ്പാക്കാം. കുറഞ്ഞ മുതൽമുടക്കും. അസംസ്കൃത വസ്തുക്കളുടെ സുഗമമായ ലഭ്യതയും ഈ വ്യവസായത്തെ സംരംഭക സൗഹൃദമാക്കുന്നു. വലിയ ബ്രാന്റിംഗോ മാർക്കറ്റിംഗോ ആവശ്യമില്ല. ഗുണമേന്മയ്ക്ക് പ്രാധാന്യം നൽകി ക്വാളിറ്റിയുള്ള അരിയും, ഉഴുന്നും തിരഞ്ഞെടുത്ത് മാവ് നിർമിച്ചാൽ ചുരുങ്ങിയ കാലംകൊണ്ട് വിപണി പിടിക്കാം. ചെറിയ പരിശീലനം നേടിയാൽ ഈ വ്യവസായം ആരംഭിക്കാവുന്നതാണ്.

## നിർമാണരീതി

ഗുണമേന്മയുള്ള പൊന്നി അരിയും, ഉഴുന്നും നാല് മണിക്കൂർ വെള്ളത്തിൽ മുക്കിവച്ച് കുതിർത്തെടുക്കുന്നു. പിന്നീട് അരിയും ഉഴുന്നും മൾട്ടിഗ്രൈൻഡറിൽ അരച്ച് പേസ്റ്റ് രൂപത്തിലാക്കുന്നു. അരിയിലും ഉഴുന്നിലും നിർമിച്ച പേസ്റ്റുകൾ വീണ്ടും വെള്ളം ചേർത്ത് ഗ്രൈൻഡറിൽ അരച്ച് വ്യത്യസ്ത പാത്രങ്ങളിൽ ശേഖരിച്ച് വയ്ക്കുന്നു. പിന്നീട് അരിമാവും, ഉഴുന്നുമാവും നിശ്ചിത അനുപാതത്തിൽ കലർത്തി പായ്ക്കറ്റുകളിൽ നിറയ്ക്കുന്നു. സാധാരണയായി ഒരു കിലോഗ്രാമിന്റെ പായ്ക്കറ്റുകളാണ് വില്പനയ്ക്കായി തയ്യാറാക്കുന്നത്. ഒരു കിലോഗ്രാം മാവിൽ നിന്നും 22+24 ഇഡലിയോ ദോശയോ പാചകം ചെയ്തെടുക്കാൻ സാധിക്കും. മൾട്ടി കളറിൽ പ്രിന്റ് ചെയ്ത എൽ. ഡി. കവ



റുകളാണ് കൂടുതലായി വിപണിയിലെത്തുന്നത്. പ്രിന്റ് ചെയ്യാത്ത നാടൻ പായ്ക്കുകളും ലഭ്യമാണ്. സാധാരണയായി പായ്ക്ക് ചെയ്ത മാവ് ഒരു ദിവസം സാധാരണ ഊഷ്മാവിൽ സൂക്ഷിക്കുകയും പിന്നീട് നാല് ദിവസം വരെ ഫ്രിഡ്ജിൽ സൂക്ഷിക്കുന്നതിനും സാധിക്കും. പുളിരസം കുറഞ്ഞിരിക്കുന്ന മാവുകൾക്കാണ് വിപണിയിൽ പ്രിയം.

## മാർക്കറ്റിംഗ്

ചെറുകിട സംരംഭകർ പ്രാദേശികമായി വിപണി കണ്ടെത്തുന്നതാണ് ഉത്തമം. സ്വന്തമായി വിതരണ സംവിധാനം കൂടി ഏർപ്പെടുത്തിയാൽ ലാഭം വർദ്ധിപ്പിക്കാം. വില്പനകേന്ദ്രങ്ങളിൽ മാവിൽ ഗുണമേന്മ നിലനിർത്തി സൂക്ഷിക്കുന്നതിന് ആവശ്യമായ റെഫ്രിജറേറ്റർ സംവിധാനം ഉണ്ടെന്ന് ഉറപ്പുവരുത്തണം. പരമാവധി പ്രതിദിന നിർമാണം- വിതരണം- വില്പന എന്ന ക്രമത്തിൽ മാർക്കറ്റിംഗ് ക്രമീകരിക്കുന്നത് ഗുണഭോക്താക്കളെ നിലനിർത്തുന്നതിന് സഹായിക്കും. നിശ്ചിത ദിവസത്തിനുള്ളിലും വിറ്റഴിയാത്ത മാവുകൾ തിരിച്ചെടുക്കേണ്ടി വരുന്ന അനുഭവവും ഈ രംഗത്തുണ്ട്. ഓരോ വില്പന കേന്ദ്രത്തെപ്പറ്റിയും ഒരു ദിവസം നടക്കാവുന്ന പരമാവധി വില്പനയെപ്പറ്റിയും കണക്ക് കൂട്ടലുകളുടെ അടിസ്ഥാനത്തിൽ വിതരണം ക്രമീകരിക്കണം.

## പരിശീലനം

ഇഡലിമാവ്, ദോശമാവ് നിർമാണത്തിനുള്ള പരിശീലനവും, സാങ്കേതിക സഹായവും കേരളത്തിലെ ആദ്യ- കാർഷിക- ഭക്ഷ്യ സംസ്കരണ രംഗത്തെ ഇൻകുബേഷൻ സെന്ററായ പിറവം അഗ്രോപാർക്കിൽ ലഭ്യമാണ്. ഫോൺ: 9747150330

## മൂലധന നിക്ഷേപം

| | |
|---|---|
| 1. മെഷിനറികൾ (മൾട്ടി ഗ്രൈൻഡർ + ഗ്രൈൻഡർ സീലിംഗ് മെഷീൻ ഉൾപെടെ) | 1, 75,000 |
| 2. പാത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, അനുബന്ധ സംവിധാനങ്ങൾ | 25,000 |
| 3. ഇതര ചെലവുകൾ | 25,000 |
| 4. പ്രവർത്തന മൂലധനം | 1,00,000 |
| **ആകെ** | **3,25,000** |

## പ്രവർത്തനചെലവ് കണക്ക്

(പ്രതിദിനം 1000 പായ്ക്കറ്റ് ദോശമാവ് ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന്റെ ചെലവ്)

| | |
|---|---|
| 1. അസംസ്കൃത വസ്തുക്കൾ (അരി + ഉഴുന്ന്) | 23,000 |
| 2. പായ്ക്കിംഗ് കവർ 1000 * 2 | 2,000 |
| 3. തൊഴിലാളികളുടെ വേതനം 3 * 400 | 1200 |
| 4. വിതരണ ചെലവ് | 2000 |
| 5. ഇലക്ട്രിസിറ്റി + ഭരണ ചെലവുകൾ | 600 |
| 6. ഡാമേജ് സെറ്റിൽമെന്റ് അനുബന്ധ ചെലവുകൾ | 1200 |
| **ആകെ** | **30,000** |


## വരവ്

(പ്രതിദിനം 1000 പായ്ക്ക് വില്പന നടത്തുമ്പോൾ ലഭിക്കുന്നത്)

| | |
|---|---|
| 1. 1000 മില്ലി ലിറ്റർ മാവിന്റെ വില | 45 |
| 2. വില്പനക്കാരുടെ കമ്മീഷൻ കിഴിച്ച് ഉല്പാദകന് ലഭിക്കുന്നത് | 35 |
| 3. 1000 * 35 | 35,000 |
| പ്രതിദിനലാഭം | |
| വരവ് | 35,000 |
| ചെലവ് | 30,000 |
| **ലാഭം** | **5,000** |

## പ്രഥമാസ്

വൈക്കം കേന്ദ്രീകരിച്ച് ആശാലതയുടെ നേതൃത്വത്തിൽ പ്രഥമാസ് എന്ന ബ്രാന്റ് നെയ്മിൽ ഇഡലി, ദോശ മാവ് വിപണിയിലെത്തിക്കുന്നുണ്ട്. പ്രതിദിനം 500 പായ്ക്കുകൾ വരെ വിപണിയുണ്ട്. പ്രാദേശികമായാണ് വിപണനം നടത്തുന്നത്. ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ലൈസൻസ്, വിപണന നികുതി വകുപ്പിന്റെ ലൈസൻസ് തദ്ദേശഭരണ സ്ഥാപനത്തിന്റെ ലൈസൻസ് എന്നിവ നേടിയിരിക്കണം. ത്രീഫേസ് വൈദ്യുതി കണക്ഷനും ആവശ്യമായി വരും.



IS:14543
fssai
As Pure as
the Nature gives you...
Amruth Valley
TM
PACKAGED DRINKING WATER
R.O PROCESSED / UV TREATED / OZONISED

ചിറ്റൂർ ഷണ്മുഖദാസ്

# രോഗികൾക്കാശ്വാസമായി ജയോൺ ഇംപ്ലാന്റ്സ്

**സംസ്ഥാനത്തെ മികച്ച സംരംഭകനായി തെരഞ്ഞെടുത്ത ജയോൺ ഇംപ്ലാന്റ്സ് ഉടമ ടി.സി. ജയശങ്കറിനെ പരിചയപ്പെടാം.**

കേരളത്തിന്റെ നെല്ലറയെന്ന് അറിയപ്പെടുന്ന പാലക്കാടിന്, ചെറുകിട വ്യവസായ മേഖലയുടെ പ്രൗഢിയും സ്വന്തമായുണ്ട്. കേരളത്തിലെ രണ്ടാമത്തെ വ്യവസായ മേഖലയെന്നറിയപ്പെടുന്ന കഞ്ചിക്കോട്ടെ കമ്പനികൾ ഇത്തവണ വ്യവസായ വകുപ്പിന്റെ സംസ്ഥാനതലത്തിലുള്ള ഒന്നും രണ്ടും അവാർഡുകൾ നേടിയെടുത്തു. കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഏരിയയിൽ പ്രവർത്തിച്ചുവരുന്ന ജയോൺ ഇംപ്ലാന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കാണ് സംസ്ഥാനത്തെ ഏറ്റവും നല്ല ചെറുകിട സംരംഭത്തിനുള്ള അവാർഡ് ലഭിച്ചത്. റണ്ണർ അപ് ആയി ഗുഡ്ബയ് സോപ്പ്സ് ആന്റ് കോസ്മെറ്റിക്സും തിരഞ്ഞെടുക്കപ്പെട്ടു. ജില്ലാതലത്തിൽ മറ്റ് രണ്ട് ചെറുകിട വ്യവസായ സംരംഭകർക്ക് കൂടി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. പാലക്കാടൻ ചുരം മുതൽ പാലക്കാട് വരെ വ്യാപിച്ചുകിടക്കുന്ന കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ ഇന്ന് വിദേശ വിപണികളിലും ആധിപത്യം ഉറപ്പിച്ചുകൊണ്ടിരിക്കുകയാണ്.

തികഞ്ഞ ലക്ഷ്യബോധവും തുറന്ന ആശയ വിനിമയവും കമ്പനിയിലെ ജീവനക്കാരുമായുള്ള സൗഹാർദ്ദവുമൊക്കെ കൈമുതലായുള്ള ഈ രണ്ട് സംരംഭകർക്ക് ഇന്ന് നേട്ടത്തിന്റെ കഥകൾ മാത്രമാണ് പറയാനുള്ളത്. സംസ്ഥാനത്തെ മികച്ച ചെറുകിട വ്യവസായ സംരംഭകനുള്ള അവാർഡ് കരസ്ഥമാക്കിയ ജയോൺ ഇംപ്ലാന്റ്സിനെയും അതിന്റെ വളർച്ചയിൽ മുഖ്യ പങ്ക് വഹിക്കുന്ന മാനേജിങ് ഡയറക്ടർ ടി.സി ജയശങ്കറെയും പരിചയപ്പെടാം.

ശരീരത്തിലെ എല്ല് പൊട്ടുമ്പോഴോ എല്ലുകൾക്കകത്ത് ക്യാൻസർ പിടിപെട്ട് അത് മാറ്റി വെക്കേണ്ടിവരുമ്പോഴോ അത് മാറ്റിവെക്കാൻ ഉപയോഗിക്കുന്ന ഡിവൈസുകളാണ് ജയോൺ ഇംപ്ലാന്റ്സ് നിർമിക്കുന്നത്. എം.ആർ.ഐ സ്കാനിംഗിലൂടെയും എക്സ്റെയിലൂടെയും സർജൻമാർ കണ്ടെത്തി നിർദേശിക്കുന്ന പ്രകാരമുള്ള ഡിവൈസുകൾ ഉണ്ടാക്കി കമ്പനി വിതരണം ചെയ്യും. ഇന്ത്യയിലേയും വിദേശത്തെയും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള ബിസിനസ്സാണിത്. സ്പൈനൽകോഡ് (സുഷുമ്നാ കാണ്ഡം) മായി ബന്ധപ്പെട്ട ഇൻപ്ലാന്റുകൾ നിർമിച്ച് നൽകുന്നതിലാണ് കമ്പനി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മാറ്റിവെക്കേണ്ട ഇൻപ്ലാന്റിനെകുറിച്ച് ഓപ്പറേഷൻ







**കേരളത്തിൽ സ്പൈനൽകോഡുമായി ബന്ധപ്പെട്ട് ഇംപ്ലാന്റ് ഡിവൈസുകൾ നിർമിക്കുന്ന ഏക കമ്പനിയെന്ന ബഹുമതിയും ജയോണിനാണ്. വിദേശനിർമിത ഇംപ്ലാന്റ് ഡിവൈസിന്റെ ക്വാളിറ്റിയിൽതന്നെ ഉൽപാദിപ്പിച്ച് വില കുറച്ച് നൽകാൻ കഴിയുന്നതാണ് കമ്പനിയുടെ വിജയമെന്ന് മാനേജിങ് ഡയറക്ടർ ടി.സി. ജയശങ്കർ പറയുന്നു.**

നടത്തേണ്ട സർജൻ നിർദേശിക്കുന്ന പ്രകാരം ഡിവൈസ് തയ്യാറാക്കി നൽകണം. അത് യഥാസമയം എത്തിച്ചു കൊടുക്കണം. ഇത് സമയബന്ധിതമായി കമ്പനി ചെയ്തുവരുന്നതിനാൽ ഇന്ത്യയിലെ പ്രമുഖ ആശുപത്രികളിലെ സർജന്മാർ ജയോണിന്റെ ഡിവൈസുകൾക്ക് മുൻഗണന നൽകി വരുന്നുണ്ട്. മുമ്പൊക്കെ ഇംപ്ലാന്റ് നടത്താനാവശ്യമായ ഡിവൈസുകൾ വിദേശത്ത് നിന്നാണ് ഇറക്കുമതി ചെയ്തുവന്നിരുന്നത്. വില കൂടുതലും സാധനം കിട്ടാനുള്ള കാലതാമസവും കൂടിയായതോടെ ഇന്ത്യയിൽ നിർമിക്കുന്ന കമ്പനികളുടെ ഉൽപന്നങ്ങൾ ഉപയോഗിച്ച് ഇംപ്ലാന്റ് ചെയ്യുവാൻ ഡോക്ടർമാർ മുന്നോട്ടു വന്നു. കേരളത്തിൽ സ്പൈനൽകോഡുമായി ബന്ധപ്പെട്ട് ഇംപ്ലാന്റ് ഡിവൈസുകൾ നിർമിക്കുന്ന ഏക കമ്പനിയെന്ന ബഹുമതിയും ജയോണിനാണ്. വിദേശനിർമിത ഇംപ്ലാന്റ് ഡിവൈസിന്റെ ക്വാളിറ്റിയിൽതന്നെ ഉൽപാദിപ്പിച്ച് വില കുറച്ച് നൽകാൻ കഴിയുന്നതാണ് കമ്പനിയുടെ വിജയമെന്ന് മാനേജിങ് ഡയറക്ടർ ടി.സി. ജയശങ്കർ പറയുന്നു.

ടൈറ്റാനിയത്തിലാണ് ഇംപ്ലാന്റുകൾ നിർമിക്കുന്നത്. സ്റ്റീലിന്റെ പകുതി കനമാണ് ടൈറ്റാനിയത്തിൽ നിർമിക്കുന്ന ഡിവൈസുകൾക്കുള്ളത്. ബിസിനസ്സിനപ്പുറം രോഗികളുടെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ടാണ് കമ്പനി ഇത് നൽകിവരുന്നത്. ചൈന, യൂ.എസ്. സിങ്കപ്പൂർ എന്നിവിടങ്ങളിൽനിന്നാണ് അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നത്. കമ്പനി നിർമിക്കുന്ന ഉൽപന്നങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ ഗുണമേന്മയ്ക്കുള്ള സർട്ടിഫിക്കറ്റും സ്ഥാപനം കരസ്ഥമാക്കിയിട്ടുണ്ട്. വിദേശത്തുനിന്നും ഇറക്കുമതി ചെയ്തുവരുന്ന അസംസ്കൃത വസ്തുക്കൾ തിരുവനന്തപുരത്തെ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പരിശോധന നടത്തിയതിനു ശേഷമാണ് ഉപയോഗിക്കുന്നത്. ഐ.എസ്.ഒ സർട്ടിഫിക്കേഷനുമുണ്ട്. ആധുനിക യന്ത്രസംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ദക്ഷിണേന്ത്യയിലെ നാല് കമ്പനികളിലൊന്നാണ് ജയോൺ. കേരളത്തിൽ ആദ്യത്തേതും. ഇന്ത്യയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കമ്പനികളാണ് അധികവും. സർക്കാരിന്റെ എല്ലാ ലൈസൻസുകളും നേടികൊണ്ട് പ്രവർത്തിക്കുന്ന കമ്പനികൾ അപൂർവ്വം. ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിൽ കമ്പനിയുടെ രണ്ട് ബ്രാഞ്ച് ഓഫീസുകളും, ഇതിനു പുറമെ അഖിലേന്ത്യാ തലത്തിൽ വിതരണക്കാരും ഉണ്ട്. ഇപ്പോൾ 1000 തരത്തിലുള്ള ഇംപ്ലാന്റുകളാണ് കമ്പനി ഉൽപാദിപ്പിക്കുന്നത്.

ഇന്ത്യയിലെയും വിദേശത്തേയും ഡോക്ടർമാരുടെ കോൺഫറൻസുകൾ, വർക്ഷോപ്പുകൾ എന്നിവിടങ്ങളിൽ കമ്പനി ഉൽപന്നങ്ങളുടെ സ്റ്റാളുകളും, ഡോക്ടർമാരെ ഈ പ്രൊഡക്ടുകളുമായി അടുപ്പിച്ചതുമാണ് കമ്പനിയുടെ വിജയം.

2009ൽ 10 ജീവനക്കാരും ഒന്ന



വിജയ് കെ. ജയനാഥ് എ.

രക്കോടി മുതൽമുടക്കുമായി ആരംഭിച്ച കമ്പനിയിൽ ഇപ്പോൾ 60 ജീവനക്കാരുണ്ട്. 2015–16ലെ കമ്പനി വിറ്റുവരവ് 13കോടി രൂപയാണ്. സ്കിൽഡ് വർക്കേഴ്സാണ് കൂടുതൽ. അതുകൊണ്ടുതന്നെ എല്ലാവരും സ്ഥിരം ജീവനക്കാരാണ്. ഇ.എസ്.ഐ, പി.എഫ്, ബോണസ്, അഡ്വാൻസ് എന്നിവയെല്ലാം കമ്പനി ജീവനക്കാർക്ക് നൽകി വരുന്നുണ്ട്. ജീവനക്കാരും ഉടമകളും തമ്മിൽ കൂട്ടായ പ്രവർത്തനങ്ങളുണ്ടായാൽ മാത്രമേ കമ്പനി വിജയിക്കുകയുള്ളൂവെന്നും അത് നിലനിർത്തി മുന്നോട്ട് പോവാൻ കഴിയുന്നതാണ് ഏഴ് വർഷത്തിനുള്ളിൽ ഇത്രയധികം ഉയർച്ച നേടാൻ കഴിഞ്ഞതെന്ന് ജയശങ്കർ പറഞ്ഞു.

കമ്പനിക്ക് മറ്റ് രണ്ട് ഡയറക്ടർമാർ കൂടിയുണ്ട്. റിസേർച്ച് & ഡവലപ്മെന്റ് വിഭാഗം മേധാവിയായി വിജയ് കെ.യും, മാർക്കറ്റിംഗ് വിഭാഗം മേധാവിയായി ജയനാഥ് എ.യും ജയശങ്കറിനൊപ്പം പ്രവർത്തിക്കുന്നു.

നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി അടുത്ത തലമുറ ഇംപ്ലാന്റ്സ് ചെയ്യാനുള്ള ഡിവൈസ് ഉൽപാദിപ്പിക്കാനുള്ള റിസർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ് കമ്പനി.

പാലക്കാട്, പട്ടാമ്പി, കൂറ്റനാട് സ്വദേശിയാണ് ടി.സി. ജയശങ്കർ. കഴിഞ്ഞ 25 വർഷമായി ഉൽപാദക രംഗത്ത് പ്രവർത്തിച്ചു വരുന്നു. പോസ്റ്റ് ഗ്രാജുവേഷനു ശേഷം വ്യവസായ സംരംഭം ആരംഭിക്കണമെന്ന് ചിന്തിച്ചിരിക്കുമ്പോൾ, മെക്കാനിക്കൽ എൻജിനീയറായ അമ്മാവന്റെ നിർദേശപ്രകാരമാണ് വ്യവസായരംഗത്ത് എത്തിയത്. കേരളത്തിന് പരിചിതമല്ലാത്ത മേഖലയാണ് ഇംപ്ലാന്റ് ഡിവൈസ് ഉൽപാദനം. അതുകൊണ്ടുതന്നെ സുഹൃത്തുക്കളോടൊപ്പം പരീക്ഷണാടിസ്ഥാനത്തിൽ ജയോൺ ഇംപ്ലാന്റ്സിന് രൂപം കൊടുക്കുകയാണുണ്ടായത്. കഠിന പ്രയത്നത്തിലൂടെ വിജയസംരംഭമാക്കിയെടുക്കാനും കഴിഞ്ഞു. വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുന്ന ഇംപ്ലാന്റുകളോട് മത്സരിച്ച് നേടിയ വിജയമാണിത്. ഡോ.സിബയാണ് ജയശങ്കറുടെ ഭാര്യ. മകൻ ഭരത് ശങ്കർ എൻജിനീയറിങ് വിദ്യാർത്ഥിയാണ്. കഞ്ചിക്കോട് ഐ.ടി.ഐക്കടുത്താണ് ജയോൺ ഇംപ്ലാന്റ്സ് കമ്പനി പ്രവർത്തിക്കുന്നത്.



# വിജയകിരീടം ചൂടിയത് 29 പേർ

സംസ്ഥാനത്ത് സൂക്ഷ്മ- ചെറുകിട ഇടത്തരം സംരംഭക മേഖലകളിൽ മാതൃകാപരമായ മികവുറ്റ പ്രവർത്തനങ്ങളിലൂടെ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച 29 പേരാണ് 2013-14 വർഷത്തെ സംസ്ഥാന സർക്കാർ അവാർഡ് ഏറ്റുവാങ്ങിയത്.

## ഒന്നാം സ്ഥാനം ജയോൺ ഇംപ്ലാന്റ്സിന്




ലോകോത്തരമായ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സാമൂഹിക പ്രസക്തിയുള്ള പുതുമയാർന്ന ഉല്പന്നമെന്ന നിലയ്ക്കാണ് പാലക്കാട് കഞ്ചിക്കോട് വ്യവസായ ഏരിയയിൽ പ്രവർത്തിക്കുന്ന ജയോൺ ഇംപ്ലാന്റ്സ് സംസ്ഥാന തലത്തിലെ മികച്ച സംരംഭത്തിനുള്ള ഒന്നാംസ്ഥാനം കരസ്ഥമാക്കിയത്. ഒരു ലക്ഷം രൂപയും മൊമന്റോയും സർട്ടിഫിക്കറ്റും ജയോൺ ഇംപ്ലാന്റ്സ് ഉടമ റ്റി. സി. ജയശങ്കർ ഏറ്റുവാങ്ങി. സർജറി വഴി ശരീരത്തിനുള്ളിൽ ഘടിപ്പിക്കുന്നവയാണ് ഇംപ്ലാന്റ്സും അനുബന്ധ ഉപകരണങ്ങളും എന്നതുകൊണ്ടുതന്നെ അതീവശ്രദ്ധയും, സുരക്ഷാ മാനദണ്ഡങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗുണമേന്മയും ആവശ്യപ്പെടുന്ന ഉല്പന്നമാണ് ഇംപ്ലാന്റ്സ്. ഇത്തരത്തിലുള്ള കേരളത്തിലെ ആദ്യസ്ഥാപനമായ ജിയോൺ ഇംപ്ലാന്റ്സ് ഇന്ന് ഉല്പന്നങ്ങളുടെ കയറ്റുമതിയിലും ശ്രദ്ധ ചെലുത്തുന്നുണ്ട്. ഐ. എസ്. ഒ 13485: 2012 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

2009-ൽ പ്രവർത്തനം തുടങ്ങിയ സ്ഥാപനം, ഇന്ന് ടൈറ്റാനിയം മെറ്റൽ ഉപയോഗിച്ചുണ്ടാക്കുന്ന സർജിക്കൽ ഇംപ്ലാന്റ്സിന്റെ രൂപകല്പനയിലും, ഉല്പാദനത്തിലും, വിതരണത്തിലും കയറ്റുമതിയിലും ശ്രദ്ധിക്കുന്നു. പ്ലാന്റിനും യന്ത്രസംവിധാനങ്ങൾക്കുമായി 1.62 കോടി രൂപ വിനിയോഗിച്ചിട്ടുള്ള സ്ഥാപനത്തിൽ 60 പേർ പണിയെടുക്കുന്നു. 2013-14 വർഷം 6.61 കോടി രൂപയുടെ ബിസിനസിന് സാക്ഷ്യം വഹിച്ച ജയോൺ സധൈര്യം മുന്നേറുകയാണ്.



## ഗുഡ്ബൈ സോപ്സ് ആന്റ് കോസ്മെറ്റിക്സ് ആദ്യ റണ്ണറപ്പ്








സംസ്ഥാന തലത്തിൽ പൊതു വിഭാഗത്തിലെ ആദ്യ റണ്ണറപ്പായി തിരഞ്ഞെടുത്തത് പാലക്കാട് കഞ്ചിക്കോട് വ്യവസായ വികസന ഏരിയയിൽ പ്രവർത്തിക്കുന്ന ഗുഡ്ബൈ സോപ്സ് ആന്റ് കോസ്മെറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിനെയാണ്. കെ. പി. ഖാലിദിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം ബഹുരാഷ്ട്ര കമ്പനികളുടെ കുത്തകയായ സോപ്പുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും വിപണിയിൽ നിർണായക സ്വാധീനം ചെലുത്തി വിജയം കൈവരിച്ചതിലൂടെയാണ് അവാർഡിനർഹമായത്. 75,000 രൂപയും ഫലകവും സർട്ടിഫിക്കറ്റും മന്ത്രി ഇ. പി. ജയരാജൻ ഖാലിദിന് സമ്മാനിച്ചു.

മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദമുള്ള കെ. പി. ഖാലിദിന്റെ സ്ഥാപനവും ഐ. എസ്. ഒ 9001: 2008 സർട്ടിഫിക്കേഷൻ നേടി മുന്നേറുകയാണ്. 2007 ൽ ആരംഭിച്ച സ്ഥാപനം വിവിധതരം ടോയിലറ്റ് സോപ്പുകളുടെ നിർമാണത്തിലാണ് മുഖ്യമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. യന്ത്രങ്ങളും പ്ലാന്റും ഉൾപ്പെടെ 65.07 ലക്ഷം രൂപയുടെ നിക്ഷേപമുള്ള ഗുഡ്ബൈ സോപ്സിന്റെ 2013-14 വർഷത്തെ ടേൺ ഓവർ 7.23 കോടി രൂപയാണ്. വളരെ ചെറിയ തുക മാത്രം പരസ്യത്തിനായി ചെലവഴിച്ചു കൊണ്ടാണ് ഗുഡ്ബൈ സോപ്സ് പ്രാദേശിക വിപണി കൈയടക്കിയത് എന്നിടത്താണ് ഖാലിദിന്റെ വിജയത്തിന് മധുരമേറുന്നത്.

## ഉമ മികച്ച സംരംഭക






കേരളത്തിലെ സ്ത്രീകളുടെ വീട്ടുവേഷമായി മാറിക്കഴിഞ്ഞ മാക്സിയുടെ വിപണിസാധ്യത തുടക്കത്തിൽ തിരിച്ചറിഞ്ഞ കാസർകോട്ടുകാരി ഉമയാണ് സംസ്ഥാനതലത്തിൽ മികച്ച സംരംഭകയ്ക്കുള്ള അവാർഡ് നേടിയത്. ഒരു സഹായിക്കൊപ്പം ഉച്ചവരെ സ്വന്തമായി കട്ടിങ്ങും സ്റ്റിച്ചിങ്ങും ചെയ്തശേഷം സ്വന്തം സ്കൂട്ടിയിൽ കടകൾ തോറും കയറി വില്പന നടത്തിയിരുന്ന ഉമ ഇന്ന് 23 സ്ത്രീകൾക്കും ഏഴ് പുരുഷന്മാർക്കുമടക്കം സ്ഥിരംതൊഴിലും മാന്യമായ വരുമാനവും നൽകുന്ന സംതൃപ്തയായ സംരംഭകയായി തീർന്നിരിക്കുന്നു. കട്ടിങ് വിഭാഗത്തിന്റെ മേൽനോട്ടത്തിനായി സഹോദരിയെയും വില്പനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കുന്നതിന് സഹോദരനെയും ഇന്ന് ഉമ ഒപ്പം കൂട്ടിയിട്ടുണ്ട്. മാക്സി, പാവാട, കുട്ടികളുടെ ഉടുപ്പുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മാസം 20 ലക്ഷം രൂപയുടെ ബിസിനസാണ് ഇന്ന് ഉമ കൈകാര്യം ചെയ്യുന്നത്. സാനിറ്ററി ഫിറ്റിങ്സിന്റെ ബിസിനസിൽ ശ്രദ്ധിക്കുന്ന ഭർത്താവിന്റെയും കുടുംബാംഗങ്ങളുടെയും പൂർണ പിന്തുണയാണ് തന്റെ ശക്തിയെന്ന് ഉമ സാക്ഷ്യപ്പെടുത്തുന്നു. ഉമയുടെ കഠിനാധ്വാനവും മികച്ച പ്രവർത്തനങ്ങളും പരിഗണിച്ച് 50,000 രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് അവാർഡായി സമ്മാനിച്ചത്.

## ഒറ്റമൂലിയിൽ വേരുറപ്പിച്ച് മൂപ്പനാർ








പാരമ്പര്യമായി കൈമാറി വന്ന ഒറ്റമൂലി മരുന്നുകളുടെ മാസ്മരികശക്തിയെ സംരംഭകത്വത്തിന്റെ ചട്ടക്കൂടിനുള്ളിൽ വിദഗ്ദ്ധമായി സമന്വയിപ്പിച്ച സെൽവരാജ് മൂപ്പനാർ പട്ടികജാതി/വർഗ വിഭാഗത്തിൽ നിന്ന് സംസ്ഥാന തലത്തിൽ മികച്ച സംരംഭകനുള്ള പുരസ്കാരം ഏറ്റുവാങ്ങി. തിരുവനന്തപുരം നെടുമങ്ങാടുള്ള ശ്രീഭദ്ര പരമ്പരാഗത ചികിത്സാലയമാണ് അദ്ദേഹത്തിന്റെ കർമക്ഷേത്രം. സംസ്ഥാനത്തിനകത്തും പുറത്തുമായി നടന്ന നിരവധി വ്യാവസായിക പ്രദർശനങ്ങളിൽ അദ്ദേഹത്തിന്റെ നാട്ടു മരുന്നുകൾ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. 50,000 രൂപയും ഫലകവും പ്രശസ്തിപത്രവും അവാർഡായി നൽകി.




# സംരംഭക സൗഹൃദ വ്യവസായനയം ഉടൻ

പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം ആധുനിക വിപണന തന്ത്രങ്ങൾ നടപ്പിലാക്കുന്നതും ചെറുകിട വ്യവസായ മേഖലയുടെ സുസ്ഥിര വികസനത്തിന് അനിവാര്യമാണെന്ന് വ്യവസായ- വാണിജ്യ വകുപ്പ് മന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. ഇതെല്ലാം ഉൾപ്പെടുന്ന സംരംഭക സൗഹൃദപരമായ പുതിയ വ്യവസായനയം



വൈകാതെ നിയമസഭയിൽ അവതരിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. മികച്ച ചെറുകിട സംരംഭകരെ അംഗീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നൽകുന്ന 2013–14 വർഷത്തെ ചെറുകിട വ്യവസായ അവാർഡുകൾ സമ്മാനിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കമ്പ്യൂട്ടർ– ഐ ടി രംഗത്ത് പ്രഗത്ഭരായ യുവതലമുറയാണ് നമുക്കുള്ളത്. ഈ മേഖലയുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ മിടുക്കരായ ചെറുപ്പക്കാരുടെ കൂട്ടായ്മയൊരുക്കിയാൽ ആധുനിക ജീവിത സാഹചര്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചുള്ള പുതുമയാർന്ന ഉൽപന്നങ്ങളുടെ പിറവിയിലേയ്ക്ക് അത് വഴിതെളിക്കും. ആയിരക്കണക്കിന് സ്റ്റാർട്ടപ്പുകൾക്ക് അതിലൂടെ തുടക്കം കുറിക്കാൻ കഴിയും. നാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു കൊണ്ടുള്ള ഉല്പന്നങ്ങൾ നിർമിക്കുന്നതിലൂടെ പുതിയ സംരംഭങ്ങൾ നിലവിൽ വരും. തൊഴിൽ രഹിതരില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാവണമെങ്കിൽ എം. എസ്. എം. ഇ. മേഖലയുടെ ശാക്തീകരണം കൂടിയേ തീരൂവെന്നും മന്ത്രി വ്യക്തമാക്കി.

കാർഷികാധിഷ്ഠിത സംസ്ഥാനമാണ് കേരളം. കാർഷിക വിളകളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമാണത്തിന് ഇന്ന് സാധ്യതകൾ നിരവധിയാണ്. ശാസ്ത്ര– സാങ്കേതിക ഗവേഷണരംഗം അനുനിമിഷം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ലബോറട്ടറികളിൽ നടക്കുന്ന ഗവേഷണഫലങ്ങളുടെ മികവുകൾ വ്യാവസായിക അഭിവൃദ്ധിക്കായി ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. തൊഴിലാളികളുടെ താല്പര്യങ്ങൾ പൊതുസമൂഹം അംഗീകരിക്കുന്നതുകൊണ്ട് പഴയപോലെ പണിമുടക്കും സമരങ്ങളുമൊന്നും ഇന്ന് ഉണ്ടാകുന്നില്ല. ആധുനിക മാനേജുമെന്റുകളും തൊഴിലാളികളുമായി ആരോഗ്യകരമായ സൗഹൃദാന്തരീക്ഷം ഇന്ന് നിലവിലുണ്ട്. ഇങ്ങനെ പോസിറ്റീവായ സ്ഥിതിവിശേഷം ഉള്ളതുകൊണ്ടുതന്നെ വ്യവസായ കേരളത്തിന് ശുഭകരമായ ഭാവിയുണ്ടെന്നും മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. സത്യസന്ധതയും വിനയാന്വിതമായ പെരുമാറ്റവും വ്യവസായികളുടെ വിജയത്തിന് അനിവാര്യഘടകങ്ങളാണെന്നും മന്ത്രി പറഞ്ഞു. പരിസ്ഥിതി സൗഹൃദപരമല്ലാത്ത വ്യവസായമേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ ക്ഷീരവികസന മുൾപെടെയുള്ള ഇതര തൊഴിൽ മാർഗങ്ങളിലേയ്ക്ക് കൈപിടിച്ചു കൊണ്ടുവരാൻ സർക്കാരിന് പദ്ധതിയുണ്ടെന്നും മന്ത്രി പറഞ്ഞു.

രാജ്യത്തു നിന്നുള്ള കയറ്റുമതിയുടെ 40 ശതമാനം സംഭാവന ചെയ്യുന്നത് എം. എസ്. എം. ഇ മേഖലയാണെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി. എച്ച്. കുര്യൻ പറഞ്ഞു. അവാർഡ് ലഭിക്കുന്ന വ്യവസായികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുമ്പോൾ കൂടുതൽ മികച്ച ആൾക്കാരെയാണ് ഓരോ വർഷവും കണ്ടുമുട്ടാനാവുന്നതെന്ന് അവാർഡ് നിർണയ സമിതി ചെയർമാൻ കൂടിയായിരുന്ന പി. എച്ച്. കുര്യൻ വ്യക്തമാക്കി. എം. എസ്. എം. ഇ മേഖലയ്ക്കായി 100 കോടി രൂപയാണ് പുതിയ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ വ്യവസായം തുടങ്ങാനായി ധൈര്യമായി മുന്നോട്ടു വരാനുള്ള സാഹചര്യം നിലവിലുണ്ടെന്നും വേണ്ട എല്ലാ സഹായവും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാവുമെന്നും അദ്ദേഹം ഉറ

പ്പുനൽകി. കൃത്യമായ വരവ്- ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിലും അത് വ്യക്തമാക്കുന്നതിലും വ്യവസായികൾ ഉപേക്ഷ വിചാരിക്കരുതെന്നും പി. എച്ച്. കുര്യൻ പറഞ്ഞു. സത്യസന്ധമായ പ്രവർത്തനമാണ് വിജയത്തിലേയ്ക്കുള്ള ആദ്യചുവടുവയ്പെന്നും അദ്ദേഹം വ്യക്തമാക്കി.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചാനിരക്കിൽ ദേശീയ ശരാശരിയെക്കാൾ മികച്ച നിലയിലാണ് ഇന്ന് കേരളം എത്തിനിൽക്കുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിയ കെ. എസ്. ഐ. ഡി സി മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന പറഞ്ഞു. എന്നാൽ ഒരു പുതിയ വ്യവസായം തുടങ്ങാനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചാൽ കേരളത്തിന്റെ സ്ഥാനം മറ്റു പല സംസ്ഥാനങ്ങളെക്കാൾ ഒരുപാട് പിന്നിലാണെന്നത് വസ്തുതയാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചു കൊണ്ടുള്ള പുതിയ സംവിധാനം ഉണ്ടാവണമെന്നും ഡോ. ബീന പറഞ്ഞു.

തിരുവനന്തപുരത്ത് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ വി. എസ്. ശിവകുമാർ എം. എൽ. എ അദ്ധ്യക്ഷനായിരുന്നു. മേയർ വി. കെ. പ്രശാന്ത് മുഖ്യാതിഥിയായിരുന്നു. വ്യവസായ- വാണിജ്യ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ്, തൃശൂർ കേന്ദ്ര എം. എസ്. എം. ഇ. വികസന ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പി. വി. വേലായുധൻ, സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ പ്രസിഡന്റ് കെ. പി. രാമചന്ദ്രൻ നായർ, വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ എസ്. സുരേഷ് കുമാർ സംബന്ധിച്ചു. അവാർഡ് നേടിയവർക്കുള്ള പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു.

തുടർന്ന് സംസ്ഥാന തലത്തിൽ മികച്ച സംരംഭകനായി തിരഞ്ഞെടുക്കപ്പെട്ട ജയോൺ ഇംപ്ലാന്റ്സ് ഉടമ റ്റി. സി. ജയശങ്കറും കോഴിക്കോട് ജില്ലയിലെ മികച്ച സംരംഭകയായി തിരഞ്ഞെടുക്കപ്പെട്ട എമിലി മാത്തച്ചനും തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. വ്യവസായം തുടങ്ങാൻ നിരവധി സാധ്യതകളും അവസരങ്ങളും ഇന്ന് കേരളത്തിൽ നിലവിലുണ്ടെന്നും അത് പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ വനിതകൾ ഈ രംഗത്തേയ്ക്ക് വരണമെന്നും എമിലി പറഞ്ഞു. സർക്കാർ തലത്തിൽ വളരെ നല്ല പ്രോത്സാഹനജനകമായ അന്തരീക്ഷമാണ് നിലവിലുള്ളതെന്നും എമിലി വ്യക്തമാക്കി.

## ജില്ലാതല അവാർഡുകൾ 26 പേർക്ക്

### തിരുവനന്തപുരം

മികച്ച സംരംഭകൻ (പൊതുവിഭാഗം)

**മീരാസായു സലിം**

സി. ഇ. ആർ. റ്റി. എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് പ്രൈവറ്റ് ലിമിറ്റഡ്
പോങ്ങുംമൂട്, തിരുവനന്തപുരം

അദ്ദേഹം രൂപകല്പന ചെയ്ത ഗണിതശാസ്ത്ര പഠന സഹായികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിൽ ആവശ്യക്കാർ നിരവധിയാണ്. നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ നവീന ഉല്പന്നമെന്ന നിലയ്ക്കാണ് അംഗീകാരം.




മികച്ച സംരംഭക

**ഗീത. വി**

കിരൺ കൺസ്ട്രക്ഷൻ ബ്രിക്സ് ആന്റ് ടൈൽസ്
കുന്നുകുഴി, കുളത്തൂർ




### കൊല്ലം

മികച്ച സംരംഭകൻ (പൊതു വിഭാഗം)

**അനിൽമോൻ**

ചൈത്രം ഫുഡ്സ്, നീണ്ടകര, കൊല്ലം



**പത്തനംതിട്ട**

മികച്ച സംരംഭകൻ (പൊതു വിഭാഗം)
**സൂസൻ ഷാജി**
വയനാട് എക്സ്പോർട്സ്, കോഴഞ്ചേരി, പത്തനംതിട്ട



മികച്ച സംരംഭക
**ഷൈനി വർഗീസ്**
ആട്ടോമാറ്റിക് കൺട്രോൾ ഗേറ്റ് ആന്റ് ഘസ്റ്റീൽ സിറ്റി ഇൻഡസ്ട്രീസ് ഷട്ടേഴ്സ്




മികച്ച പട്ടികജാതി/വർഗ സംരംഭകൻ
**അനിതകുമാരി**
എ. ആർ. ഇൻഡസ്ട്രീസ്, മണക്കാല, പത്തനംതിട്ട




**കോട്ടയം**

മികച്ച സംരംഭകൻ (പൊതു വിഭാഗം)
**പി. ജെ. ഡൊമനിക്**
ജോസഫ് റബ്ബേഴ്സ്, കാഞ്ഞിരപ്പള്ളി, കോട്ടയം
വ്യവസായാവശ്യത്തിനുള്ള ലാറ്റക്സ്, റബ്ബർ എന്നിവയുടെ ഉല്പാദനം



മികച്ച സംരംഭക
**മീനകുമാരി**
റോയൽ ഫൗണ്ടറി, ചിങ്ങവനം, കോട്ടയം




**ആലപ്പുഴ**

മികച്ച സംരംഭകൻ (പൊതുവിഭാഗം)
മുഹമ്മദ് കുഞ്ഞ്. എ
അറ്റ്ലാന്റിക് കെയർ കെമിക്കൽസ്, വടക്കൽ, ആലപ്പുഴ



മികച്ച സംരംഭക

**വാണി. വി**

സ്പിൻടെക് ഇലക്ട്രോണിക്സ്, ചെങ്ങന്നൂർ, ആലപ്പുഴ എം. ടെക് ബിരുദധാരി കൂടിയായ വാണി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ആട്ടോമാറ്റിക് വാട്ടർ ടാപ്പ് അനുബന്ധ ഉപകരണങ്ങളുടെ നിർമാണത്തിനാണ് അംഗീകാരം




**എറണാകുളം**

മികച്ച സംരംഭകൻ (പൊതു വിഭാഗം)

**ലേഖാ ജിജു**

ടെക്നോഫ്ളെക്സ് റബ്ബർ പ്രോഡക്ട്സ്,

റബ്ബർ പാർക്ക്, പെരുമ്പാവൂർ




മികച്ച സംരംഭക

**പ്രിയ ജെയിംസ്,**

കാരി 4 എന്റർപ്രൈസസ്,

കോതമംഗലം, എറണാകുളം




**തൃശൂർ**

മികച്ച സംരംഭകൻ (പൊതു വിഭാഗം)

**പത്മകുമാർ,**

പീജയ് അഗ്രോ ഫുഡ്സ്,

വെസ്റ്റ് നട, ഗുരുവായൂർ




മികച്ച സംരംഭക

**ഒ. ശ്യാമള ദേവി,**

റൈനോ പ്ലാസ്റ്റ് കണ്ടെയ്നേർസ്, കാരിക്കാട്, തൃശൂർ



**പാലക്കാട്**

മികച്ച സംരംഭകൻ (പൊതു വിഭാഗം)

**സുനിൽ ഫിലിപ്**, ആകാശ് പെറ്റ്സ്, വെങ്ങോടി, പാലക്കാട്



മികച്ച സംരംഭക
**അരുൺ പ്രിയ,**
കിരുബ എന്റർപ്രൈസസ്,
കഞ്ചിക്കോട്, പാലക്കാട്




**മലപ്പുറം**

മികച്ച സംരംഭകൻ (പൊതു വിഭാഗം)
**എ. മൊഹമ്മദ് അലി**
എ. എം. എസ് സ്പൈസസ് ആന്റ് ഫുഡ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, മഞ്ചേരി, മലപ്പുറം




മികച്ച സംരംഭക
**ലിന്റാ. പി. ജോസ്,**
ഏബൽ അപ്പാരൽസ്, മഞ്ചേരി, മലപ്പുറം



**കോഴിക്കോട്**

മികച്ച സംരംഭകൻ (പൊതു വിഭാഗം)
**എം. ഖാലിദ്,**
എസ്. എൽ. കെ. ഫുഡ് പ്രോസസ്സിംഗ്,
പൂവാറ്റുപറമ്പ്, കോഴിക്കോട്




മികച്ച സംരംഭക
**എമിലി മാത്തച്ചൻ,**
തുളുവാനിക്കൽ പൈപ്സ്, മുക്കം,
കോഴിക്കോട്



**വയനാട്**

മികച്ച സംരംഭകൻ (പൊതു വിഭാഗം)
സലാം. പി. എം, ക്ലിന്റ് ഡിജിറ്റൽ കളർ ലാബ്,
കൽപറ്റ, വയനാട്



മികച്ച സംരംഭക
ഉഷാ ഭായി. വി. കെ.,
ആതിര ഫുഡ് പ്രോഡക്ട്സ്, മാനന്തവാടി, വയനാട്



മികച്ച പട്ടികജാതി/വർഗ സംരംഭകൻ
**പ്രശാന്ത്കുമാർ. വി. എസ്.,** ന്യൂ സാറ്റ്കോൺ ഇൻഡസ്ട്രീസ്, കൽപറ്റ, വയനാട്



**കണ്ണൂർ**

മികച്ച സംരംഭകൻ (പൊതു വിഭാഗം)
നജീബ്. കെ. കെ. പി., സ്പീഡ് വുഡ് ഇൻഡസ്ട്രീസ്



**കാസർകോഡ്**

മികച്ച സംരംഭക
ഉഷാ മല്യ, ന്യൂ കാനറാ ക്രീം പാർലർ, എം. ജി. റോഡ്, കാസർകോഡ്.




With best compliments
N. K. FLOUR MILLS
Chunakkara (East), Cherukara
PH.0479-2378994

# രൂപ ദുർബലമാകാൻ സാധ്യത

സെപ്തംബറോടെ രൂപയുടെ മൂല്യത്തിൽ ശക്തമായ ഇടിവുണ്ടാകുന്നതിനുള്ള സാധ്യതയിലേയ്ക്ക് സാമ്പത്തിക വിദഗ്ധർ വിരൽ ചൂണ്ടുന്നു. ഡോളറിനെതിരെ രൂപയുടെ മൂല്യം എക്കാലത്തെയും താഴ്ന്ന നിലയെയും മറികടന്ന് 70 ന് മുകളിലേയ്ക്ക് പോകാനുള്ള സാധ്യതയാണ് അവർ ദർശിക്കുന്നത്.

2013-ൽ ബാങ്കുകൾ ഫോറിൻ കറൻസി നോൺ റെസിഡന്റ് (എഫ്. സി. എൻ. ആർ) ഡെപ്പോസിറ്റുകളിലൂടെ സമാഹരിച്ച തുക പിൻവലിക്കുന്നതോടെ ഏകദേശം 2000 കോടി ഡോളർ നിക്ഷേപകർക്ക് തിരികെ നൽകേണ്ടി വരുമെന്നാണ് റിസർവ് ബാങ്ക് കണക്കാക്കിയിരിക്കുന്നത്. നിക്ഷേപം പിൻവലിക്കുന്നതോടെ ഉണ്ടാവുന്ന ഡോളറിന്റെ പിൻമടക്കം രൂപയുടെ മൂല്യത്തെ ശക്തമായി ബാധിക്കാനാണ് സാധ്യത. സെപ്തംബർ-നവംബർ കാലയളവിലായാണ് ഡോളറിന്റെ ഈ പിൻമടക്കം ഉണ്ടാകുക. സെപ്തംബറോടെ രഘുറാം രാജൻ റിസർവ് ബാങ്ക് ഗവർണർ സ്ഥാനമൊഴിയുന്നതും രൂപ ദുർബലമാകുന്നതിന് ആക്കം കൂട്ടും.

2013 സെപ്തംബറിൽ രൂപ ചരിത്രത്തിലെ എക്കാലത്തെയും വലിയ ഇടിവ് നേരിട്ട സന്ദർഭത്തിലാണ് ഇന്ത്യയിലേയ്ക്ക് എഫ്. സി. എൻ. ആർ (ഫോറിൻ കറൻസി നോൺ റെസിഡന്റ്) ഡെപ്പോസിറ്റുകളിലൂടെ ഡോളറിന്റെ വരവ് സുഗമമാക്കുന്നതിനായി സ്ഥാനമേറ്റതിന് തൊട്ടുപിന്നാലെ റിസർവ് ബാങ്ക് ഗവർണർ രഘുറാം രാജൻ നടപടി കൈകൊണ്ടത്. എഫ്. സി. എൻ. ആർ ഡെപ്പോസിറ്റുകൾക്ക് പ്രത്യേക ജാലകം തുറക്കുന്നതിന് ബാങ്കുകളെ അനുവദിച്ചതിലൂടെ 2500 കോടി ഡോളറാണ് സമാഹരിക്കപ്പെട്ടത്. ബാങ്കുകൾക്ക് വിദേശത്തു നിന്ന് വായ്പയെടുക്കുന്നതിനുള്ള പരിധി ഉയർത്തിയതു വഴി 900 കോടി രൂപയും സമാഹരിക്കപ്പെട്ടു. കുറഞ്ഞത് മൂന്ന് വർഷം നിക്ഷേപ കാലാവധിയുള്ള എഫ് സി എൻ ആർ ഡെപ്പോസിറ്റുകൾ നൽകുന്ന ആകർഷകമായ പലിശനിരക്ക് ഉയർന്ന ക്രയശേഷിയുള്ള ഒട്ടേറെ വിദേശ ഇന്ത്യക്കാരെ ഇന്ത്യയിൽ നിക്ഷേപം നടത്താൻ പ്രേരിപ്പിച്ചു.

എഫ് സി. എൻ. ആർ ഡെപ്പോസിറ്റുകൾ വഴി സമാഹരിച്ച ഭൂരിഭാഗം നിക്ഷേപത്തിന്റെയും കാലയളവ് അവസാനിക്കുന്നത് സെപ്തംബർ മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ്. ഈ നിക്ഷേപങ്ങൾ പിൻവലിക്കാതെ പുതുക്കാനുള്ള സാധ്യത കുറവാണെന്ന് റിസർവ് ബാങ്ക് പറയുന്നു. നിക്ഷേപം പിൻവലിക്കപ്പെടുന്നതോടെ വിപണിയിൽ



ഡോളറിന്റെ ലഭ്യത കുറയും. ഇത് രൂപയ്ക്കെതിരെ ഡോളറിന്റെ മൂല്യവർധനയ്ക്ക് വഴിവെക്കും.

അതേസമയം ശക്തമായ വിദേശ നാണ്യശേഖരം ഇത്തരമൊരു സ്ഥിതിവിശേഷത്തെ നേരിടാൻ നമ്മെ പ്രാപ്തമാക്കുന്നുണ്ട്. രൂപ ഇടിവ് നേരിടുന്ന സാഹചര്യങ്ങളെ നേരിടാനായി രാജ്യത്തിന്റെ വിദേശനാണ്യ ശേഖരം റിസർവ്വ് ബാങ്ക് റെക്കോഡ് നിലയിലേയ്ക്കാണ് ഉയർത്തിയത്. 2013 ഓഗസ്റ്റിൽ 27,500 കോടി ഡോളറായിരുന്ന റിസർവ് ബാങ്കിന്റെ വിദേശ നാണ്യശേഖരം ഇപ്പോൾ 36,000 കോടി ഡോളറാണ്. രൂപയുടെ മൂല്യത്തിൽ കടുത്ത ചാഞ്ചാട്ടം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ആവശ്യമെങ്കിൽ റിസർവ് ബാങ്ക് ഡോളർ വിപണിയിലെത്തിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ബി ഹരികുമാർ

# SWOT- അനാലിസിസ് നടത്തി വിജയം വരിക്കാം




വിനീത് &അസ്സോസ്സിയേറ്റ്സ് ഇന്ന് അറിയപ്പെടുന്ന ഒരു ചെറുകിട സംരംഭമാണ്. പരാജയങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട് വിജയത്തിലെത്തിയ സ്വന്തം അനുഭവകഥയാണ് വിനീതിന് പറയാനുള്ളത് .2004ൽ എഞ്ചിനീയറിങ് പഠനം പൂർത്തിയാക്കിയതു മുതൽ ഒരു സംരംഭകനാകുക എന്ന ആഗ്രഹം പേറി നടന്ന ഇടത്തരം കുടുംബാംഗമായ വിനീത് ഗൾഫിലുള്ള പിതാവിന്റെ ചെറു സമ്പാദ്യങ്ങൾ കൊണ്ട് പല പല ചെറുകിട സംരംഭങ്ങളും ആരംഭിച്ചു. ഒന്നും വിജയം കണ്ടില്ല. അറിവു കേടോ കാലക്കേടോ എന്നറിയില്ല. അറബി നാട്ടിൽ വിയർപ്പൊഴുക്കി സമ്പാദിച്ചതെല്ലാം അരുമ സന്തതി തകർത്തെറിഞ്ഞത് പിതാവിന്റെ ഹൃദയത്തിന് താങ്ങാവുന്നതിലുമപ്പുറമായിരുന്നു. രോഗിയായി മാറിയ പിതാവിന്റെ ശേഷിച്ച സമ്പാദ്യം ആശുപത്രിയിലും. മാനസിക വിഷമവുമായി സ്വന്തം ജീവിതത്തെ ശപിച്ച് എന്തു ചെയ്യണമെന്നറിയാതെ തളർന്ന സമയത്താണ് വിനീത് അകന്ന ബന്ധുവായ രാംകുമാറിനെ കാണാനിടയായത്. അദ്ദേഹം ഒരു റിട്ടയേർഡ് കമ്പനി മാനേജരായിരുന്നു. വീട്ടുകാര്യവും നാട്ടുകാര്യവും സംസാരിക്കുന്നതിനിടയിൽ വിനീതിനെ മനസ്സിലാക്കാനും അദ്ദേഹം ശ്രമിച്ചു. കഴിവുള്ള ഒരു ചെറുപ്പക്കാരനാണ് മുന്നിൽ നിൽക്കുന്നതെന്ന് മനസ്സിലാക്കിയ അദ്ദേഹം വളരെ ചുരുങ്ങിയ സമയം കൊണ്ടു തന്നെ അയാളുടെ പരാജയത്തിന് കാരണവും കണ്ടു പിടിച്ചു. മൂലധനത്തിനനുസൃതമല്ലാതെ സ്വപ്നത്തിലുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ ചെറിയ കൈപ്പിഴയ്ക്കു പോലും വൻ വില നൽകേണ്ടി വരുമെന്നും , അത് പരാജയം മാത്രമേ സമ്മാനിക്കുകയുള്ളു എന്നും രാം കുമാർ അനുഭവങ്ങളിലൂടെ വിനീതിന് മനസ്സിലാക്കി കൊടുത്തു. അദ്ദേഹത്തിന്റെ അനുഭവ സമ്പത്തും, അഭിപ്രായങ്ങളും ഉപദേശങ്ങളും മുതൽക്കൂട്ടി വിനീത് കൈയ്യിലൊതുങ്ങുന്ന ഒരു ചെറിയ സംരംഭം ആരംഭിച്ചു . അന്ന് വളരെ വിരളമായിരുന്ന ഇലക്ട്രോണിക് കട്ടിംഗ് മെഷീനുകൾ നിർമിക്കുന്ന ഒരു ചെറുകിട യൂണിറ്റ്. അതിന്റെ വിജയത്തിനായി രാംകുമാർ ഒരു വിജയമന്ത്രം കൂടി ചൊല്ലിക്കൊടുത്തു . വളരെ സിപിംളായ "SWOT അനാലിസിസ്".

## എന്താണ് SWOT അനാലിസിസ്

വമ്പൻ കമ്പനികളും സ്ഥാപനങ്ങളും വിജയകരമായി നടത്തി വരുന്നതിനു പിന്നിൽ ഒരു സ്വയം വിലയിരുത്തലുണ്ട്. SWOT എന്ന ഓമനപേരിൽ തുലനം ചെയ്ത് പരുവപ്പെടുത്തുന്ന വിജയസാദ്ധ്യത, നയപരമായ തീരുമാനങ്ങൾക്കും, പൊളിച്ചെഴുത്തിനും പുരോഗതിക്കും, വഴി തുറന്നുകൊടുക്കാൻ ഉതകുന്ന ഒരു മാനേജ്മെന്റ് ഉപകരണം– നിലവിലെ ബിസിനസ്സിന്റെ ആരോഗ്യസ്ഥിതി അവലോകനം ചെയ്തുകൊണ്ടൊരു സ്കാനിംഗ്– ആരംഭിക്കാനിരിക്കുന്നവർക്ക് ഒരു വഴികാട്ടി SWOT –നു അതുകൊണ്ട് തന്നെ ബിസിനസ്സ്/ വ്യവസായലോകത്തിൽ സ്ഥാനം ഒന്നു വേറെയാണ് .

മാനേജ്മെന്റിനെ സംബന്ധിച്ച് SWOT വമ്പനാണെങ്കിലും, അത് സിംപിൾ ആയ നാല് ഇംഗ്ളീഷ് വാക്കുകളുടെ ആദ്യത്തെ അക്ഷരം ചേർന്ന ചുരുക്കപേരാണ്. അതായത്

| | |
|---|---|
| S - Strength | - ശക്തി |
| W - Weakness | - പോരായ്മകൾ |
| O - Opportunities | - അവസരങ്ങൾ |
| T - Threat | - ഭീഷണികൾ |

ഈ നാലു വാക്കുകൾ കൊണ്ട് അപഗ്രഥിച്ചാൽ ആരംഭിക്കാനിരിക്കുന്ന വ്യവസായങ്ങൾക്കും / പദ്ധതികൾക്കും യാഥാർത്ഥ ജാതകം തയ്യാർ. നിലവിലെ സാഹചര്യങ്ങളേയും അവസരങ്ങളേയും സൂക്ഷ്മമായി അപഗ്രഥിച്ച് വെല്ലുവിളികളെ പ്രതിരോധിക്കാനും, ഒരു വ്യവസായം / പദ്ധതി ആരംഭിക്കണമോ തുടർന്നു കൊണ്ടുപോകണമോ എന്ന് വിലയിരുത്തുവാനും, തീർപുകൽപിക്കുവാനും കെല്പുള്ള ഒരു ഉപകരണമായിട്ടാണ് ഇന്ന് മാനേജ്മെന്റ് വിദഗ്ദ്ധർ SWOT നെ കാണുന്നത്. സ്ഥാപനത്തിന്റെ നിലവിലുള്ള സാങ്കേതിക ഉപകരണങ്ങൾ, ജീവനക്കാരുടെ എണ്ണം, അവരുടെ സാങ്കേതിക ജ്ഞാനം, സാമ്പത്തികം, പ്രവർത്തന മണ്ഡലം, ഇതേ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന മറ്റു വ്യവസായങ്ങൾ, പ്രവർത്തനത്തിന്/ ഉൽപന്നത്തിന് ജനങ്ങളുടെ ഇടയിലുള്ള അംഗീകാരം, വിറ്റഴിക്കാൻ പയറ്റുന്ന തന്ത്രങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എല്ലാം വളരെ സൂക്ഷ്മമായി SWOT ലൂടെ അപഗ്രഥനം നടത്തി വിശകലനം ചെയ്താണ് വൻകിട വ്യവസായങ്ങളെല്ലാം ചുവടുകൾ മുന്നോട്ട് വയ്ക്കുന്നത്. വൻകിട വ്യവസായികൾ ഇതിനായി വൻതുക ചെലവാക്കി മാനേജ്മെന്റ് വിദഗ്ദ്ധരെ നിയമിക്കുകയോ അല്ലെങ്കിൽ പ്രഗത്ഭരായ മാനേജ്മെന്റ് ഗ്രൂപ്പിനെ ഏൽപിക്കുകയോ ആണ് പതിവ്.

എന്നാൽ SWOT Analysis എന്ന ഈ മാനേജ്മെന്റ് തന്ത്രം ഇപ്പോൾ ഏവർക്കും ഉപയോഗിക്കാം. അതായത് നിലവിലെ സംരംഭകർ, വ്യവസായി, പുതുതായി സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നവർക്കെല്ലാം തന്നെ ചില SWOT ചോദ്യാവലികൾ തയ്യാറാക്കി സുരക്ഷിതമായ വ്യവസായം/സംരംഭം ആരംഭിക്കാവുന്നതേയുള്ളൂ. ഒരു സംരംഭകൻ അല്ലെങ്കിൽ വ്യവസായി, പുതുതായി സംരംഭം തുടങ്ങുന്നതിനു മുൻപോ നിലവിലെ വ്യവസായത്തെ/ സംരംഭത്തെ തുലനം ചെയ്യുവാനോ SWOT Analysis നടത്തുന്നത് എങ്ങനെയെന്ന് അറിഞ്ഞിരിക്കുന്നത് തന്റെ സംരംഭത്തെ/വ്യവസായത്തെ നേർവഴിക്ക് നയിക്കുവാൻ പര്യാപ്തമാക്കുന്നതാണ്. സംരംഭകർ/ വ്യവസായി ആദ്യമായി താൻ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭത്തെക്കുറിച്ചും അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും നല്ല ജ്ഞാനം ഉണ്ടാക്കിയിരിക്കേണ്ടതും സംരംഭത്തിന്റെ നാനാവശങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കിയെടുക്കേണ്ടതുമാണ്. അതിനുശേഷം സംരംഭകനോ/സംരംഭകർ ആണെങ്കിൽ കൂട്ടായിട്ടിരുന്നോ SWOT അപഗ്രഥനം നടത്താം. വളരെ നിസ്സാരമായിത്തന്നെ ഒരു പേപ്പറിൽ SWOT എന്നെഴുതി തുടങ്ങാവുന്നതേയുള്ളൂ. അങ്ങനെ തുടങ്ങുമ്പോൾ ആദ്യം എഴുതാം.

## S - Strength - ശക്തി

ശക്തി കൊണ്ടുദ്ദേശിക്കുന്നത് പ്രധാനമായും സമ്പത്ത് തന്നെയാണ്. സംരംഭകൻ തുടങ്ങാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ മൂലധനം സ്വന്തമായി ലഭ്യമാക്കുവാൻ കഴിയുമോ? അല്ലെങ്കിൽ വായ്പ വഴി സംഘടിപ്പിക്കുവാൻ സാധിക്കുമോ ? എന്നതുതന്നെയായിരിക്കണം ആദ്യത്തെ ലക്ഷ്യം. അതായത് സംരംഭം തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക ലഭ്യത/ സ്രോതസ്സ് ഇവയെക്കുറിച്ച് വ്യക്തമായ ധാരണയോടെയായിരിക്കണം പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത്. രണ്ടാമതായി തുടങ്ങാനുദ്ദേശിക്കുന്ന സംരംഭത്തിനാവശ്യമായ സാങ്കേതികജ്ഞാനം സ്വന്തമായി ആർജിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ നിലവിലെ സാഹചര്യം വച്ച് അനായാസം ആർജിക്കുവാൻ സാധിക്കുമോ.? മൂന്നാമതായി പ്രസ്തുത സംരംഭം /വ്യവസായം പ്രവർത്തിപ്പിക്കേണ്ട സാങ്കേതിക വിദഗ്ധർ/തൊഴിലാളികൾ എന്നിവരുടെ ലഭ്യത എന്നിവയെല്ലാം അപഗ്രഥിക്കേണ്ടതാണ്. ഇതിന് നിങ്ങളെ സഹായിക്കാൻ ചെറിയൊരു ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട്. നിങ്ങളുടെ വിലയിരുത്തലിൽ കൂടുതൽ പോയിന്റ് നേടുകയാണെങ്കിൽ തീർച്ചയായും ഒരു സംരംഭം ആരംഭിക്കുവാനും നടത്തിക്കൊണ്ടു പോകുവാനും നിങ്ങൾ ശക്തിമാൻ തന്നെയാണ്.

| | |
|---|---|
| 1) സംരംഭം തുടങ്ങുവാനുള്ള ആസ്തി *(സമ്പത്ത്, അറിവ്, സാങ്കേതിക ഉപകരണങ്ങൾ)* | - ഇല്ല/ഉണ്ട് |
| 2) മേൽ സൂചിപ്പിച്ച മൂന്ന് ആസ്തികളും | - ഇല്ല/ഉണ്ട് |
| 3) മറ്റു സമാനസംരംഭത്തെക്കാൾ മെച്ചപ്പെട്ട സേവനം നൽകാനുള്ള പ്രോജക്ടും ശേഷിയും | - ഇല്ല/ഉണ്ട് |
| 4) നിങ്ങളുടെ സംരംഭത്തിന് സമാനസംരംഭങ്ങൾക്കില്ലാത്ത പ്രത്യേകത/പ്രത്യേകതകൾ | - ഇല്ല/ഉണ്ട് |
| 5) തൊഴിലാളികൾക്ക് പ്രസ്തുത മേഖലയിൽ ആവശ്യമായ സാങ്കേതിക ജ്ഞാനം | - ഇല്ല/ഉണ്ട് |
| 6) ഈ മേഖലയിലെ മുൻപരിചയം | - ഇല്ല/ഉണ്ട് |
| 7) സംരംഭത്തിന്റെ ഉൽപ്പന്നത്തിന് ഉപഭോക്തൃ അടിത്തറ | - ഇല്ല/ഉണ്ട് |
| 8) നിങ്ങളുടെ ജീവിതത്തിലെ ഭൂരിഭാഗം പ്രവർത്തനങ്ങളും വിജയിച്ചിട്ടുണ്ട് | - ഇല്ല/ഉണ്ട് |

*കൂടുതൽ ഉത്തരങ്ങൾ 'ഉണ്ട്' എന്നാണെങ്കിൽ നിങ്ങൾ സംരംഭം നടത്തുവാൻ ശക്തിമാൻ തന്നെയാണ് മറിച്ച് 'ഇല്ല' എന്നാണെങ്കിൽ പോരായ്മകൾ മാറ്റിയശേഷം മാത്രം സംരംഭത്തെക്കുറിച്ച് ചിന്തിക്കുക*

പക്ഷേ നിങ്ങളുടെ ശക്തിമാത്രം അപഗ്രഥിച്ച് മുന്നോട്ട് ചാടുവാൻ വരട്ടെ. നിങ്ങളുടെ ബലഹീനതകളും അപഗ്രഥിക്കേണ്ടതുണ്ട്. അതിന് രണ്ടാമത്തെ അക്ഷരം എടുക്കാം.

## W - Weakness – പോരായ്മകൾ

നിങ്ങൾ ഉദ്ദേശിക്കുന്ന സംരംഭം തുടങ്ങുമ്പോൾ എന്തെല്ലാം ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്.? പാഴ്ചെലവുകൾ മുൻകൂട്ടി കണ്ട് സംരംഭത്തെ നേർവഴിക്ക് നയിക്കുവാൻ സാധിക്കുമോ? തൊഴിലാളികളുടെ സാങ്കേതിക ജ്ഞാനം പോരാതെയുണ്ടോ ? ഉദ്ദേശിക്കുന്ന മൂലധനം/സാമ്പത്തികം ലഭ്യമാക്കുവാൻ ബുദ്ധിമുട്ടുണ്ടോ,? സംരംഭത്തിന്റെ ഉൽപ്പന്നത്തിനാവശ്യമുള്ള ഉപഭോക്താക്കളെ ലഭിക്കുമോ?. തന്റെ വ്യവസായ എതിരാളിയോടൊപ്പം പിടിച്ചു നിൽക്കുവാൻ സാധിക്കുമോ? എന്നിങ്ങനെ അപഗ്രഥിക്കുമ്പോൾ നിങ്ങളുടെ ബലഹീനത തീർച്ചയായും തെളിഞ്ഞുവരും. എന്നാൽ നിങ്ങളുടെ ശക്തി – Strength മുന്നിട്ടുനിൽക്കുകയാണെങ്കിൽ ബലഹീനത പരിഹരിക്കപ്പെടാവുന്നതേയുള്ളു, അല്പം കുശാഗ്രബുദ്ധിയും, സൂക്ഷ്മ വീക്ഷണവും മാത്രം മതി. മറിച്ച് ബലഹീനത മുന്നിട്ടു നിൽക്കുകയാണെങ്കിൽ, അത് തരണം ചെയ്യാൻ സാധിക്കുമോ എന്നൊരവലോകനം തീരുമാനങ്ങളെടുക്കുന്നതിനു മുൻപ് നല്ലതായിരിക്കും.അതിനുള്ള ചോദ്യാവലി ഇതാ.

1) സംരംഭത്തിന്റെ/പ്രോജക്ടിന്റെ ചില മേഖലകളിൽ ഇനിയും പുതിയ ആശയങ്ങൾ വരേണ്ടതുണ്ട് - ഇല്ല/ഉണ്ട്
3) വേണ്ടചില കാര്യങ്ങൾ സംരംഭത്തിൽ/. പ്രോജക്ടിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടോ- - ഇല്ല/ഉണ്ട്
4) നിങ്ങളെക്കാൾ നിങ്ങളുടെ പ്രതിയോഗിക്ക് / സമാനസംരംഭകർക്ക് ചില അധിക ഗുണങ്ങൾ - ഇല്ല/ഉണ്ട്
5) ജീവനക്കാർ ഇനിയും പരിശീലനം നേടേണ്ടതുണ്ട് - ഇല്ല/ഉണ്ട്
6) അധികമായി മുതൽ മുടക്കുവാനുള്ള മൂലധനത്തിന്റെ അഭാവം ഉണ്ട് - ഇല്ല/
7) ഉൽപന്നത്തിന് ഉപഭോക്താക്കളുടെ അഭാവം - ഇല്ല/ഉണ്ട്
8) നിങ്ങളുടെ പ്രതിയോഗി /സമാന സംരംഭകൻ നിങ്ങളെക്കാൾ വളരെയധികം മുന്നിലാണ്. - ഇല്ല/ഉണ്ട്

അങ്ങനെ ശക്തിയേയും ബലഹീനതയേയും അപഗ്രഥിച്ച് നിങ്ങളുടെ റിസൾട്ട് പോസിറ്റീവ് ആണെങ്കിൽ തീർച്ചയായും പരിഗണനയിലുള്ള സംരംഭവുമായി മുന്നോട്ടു പോകാം. അങ്ങനെ പരിഗണിക്കപ്പെടുമ്പോൾ സംരംഭത്തിന്റെ അവസരങ്ങളെ കുറിച്ച് ഒരു വ്യക്തമായ ചിത്രം മനസ്സിലുദിക്കേണ്ടതാണ്.

## O - Opportunities – അവസരങ്ങൾ

അവസരങ്ങൾ മുതലാക്കുക ഏതു സംരംഭത്തിന്റെയും വിജയകരമായ പാതയിലേക്കുള്ള ബുദ്ധിപരമായ ചുവടുവയ്പ് ആണ്. സംരംഭത്തിന്റെ ഉൽപ്പന്നങ്ങൾ എങ്ങനെ വിറ്റഴിക്കാം, അതിനുള്ള അവസരങ്ങൾ, കൂടുതൽ മേഖല കൈയ്യടക്കേണ്ടതുണ്ടെങ്കിൽ, പുതിയ സാങ്കേതിക വിദ്യ നടപ്പാക്കേണ്ടതുണ്ടെങ്കിൽ, അതിനനുസൃതമായ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുണ്ടെങ്കിൽ, ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതുണ്ടെങ്കിൽ, സംരംഭത്തിന്റെ ഉൽപന്നങ്ങൾ എത്തിപ്പെടാത്ത മേഖലകളുണ്ടെങ്കിൽ, കൂടുതൽ പരസ്യവും ഉപഭോക്തൃ സേവനങ്ങളും നൽകി, എതിരാളിയെക്കാൾ കൂടുതൽ ഉപഭോക്താക്കളെ വശീകരിക്കുവാൻ പറ്റുന്നുണ്ടെങ്കിൽ, അതെല്ലാം യഥാസമയം ഉപയോഗപ്പെടുത്തുവാനും അപഗ്രഥിക്കുവാനും നടപ്പിലാക്കുവാനും സാധിക്കുമെങ്കിൽ തീർച്ചയായും നിങ്ങളുടെ പ്രോജക്ട്/ സംരംഭവുമായി മുന്നോട്ടു പോകാം, – വിജയം ഉറപ്പ്. ചോദ്യാവലി കൂടി ഒന്ന് ശ്രദ്ധിച്ചു നോക്കൂ!

1) പ്രതീക്ഷിക്കാതെ വരുന്ന പ്രകൃതി/കാലാവസ്ഥാ ദുരന്തങ്ങളും അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും ഉപഭോക്താക്കളെ ബാധിക്കാതെ മുന്നോട്ടു പോകാൻ കഴിയുമോ - കഴിയും/കഴിയില്ല
2) നിങ്ങളുടെ എതിരാളി, ഉപഭോക്താക്കളെ സൃഷ്ടിക്കുന്നതിലുപരി നിങ്ങൾക്ക് സൃഷ്ടിക്കാനാകുമോ - കഴിയും/കഴിയില്ല
3) എതിരാളികളുടെ ഉപഭോക്താക്കളെ, നിങ്ങളുടെ ഉപഭോക്താക്കളാക്കുവാൻ കഴിയുമോ - കഴിയും/കഴിയില്ല
4) നിങ്ങളുടെ ഉൽപന്നത്തിന്റെ നിലവിലെ പേരിന് ഉപഭോക്താക്കളെ സ്വാധീനിക്കുവാൻ കഴിയുമോ - കഴിയും/കഴിയില്ല
5) സംരംഭ വിജയത്തിനായുള്ള സാങ്കേതികകൂട്ടുകെട്ടുകൾ നേടിയെടുക്കുവാൻ കഴിയുമോ - കഴിയും/കഴിയില്ല

*കൂടുതൽ ഉത്തരങ്ങൾ കഴിയും എന്നാണെങ്കിൽ നിങ്ങൾക്ക് അവസരം മുതലാക്കി സംരംഭം മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയും മറിച്ച് കഴിയില്ല എന്ന ഉത്തരമാണ് അധികമെങ്കിൽ വളരെയധികം വിപണന അപഗ്രഥനം നടത്തേണ്ടതുണ്ട്*

എന്നാൽ ഇനിയും ചിന്തിക്കേണ്ടതുണ്ട്. നിങ്ങളുടെ വളർച്ചയെ തളർത്താനും, നിങ്ങൾക്കെതിരെ അവസരങ്ങൾ വിനിയോഗിക്കാനും കുതികാൽ വെട്ടാനും ഒരു കൂട്ടർ ഉണ്ടാകും – നിങ്ങളുടെ നിലവാരത്തിലുള്ള മറ്റു സംരംഭകർ/വ്യവസായികൾ അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. – നിലനില്പിനും വളർച്ചയ്ക്കും ഇന്ന് ഏതറ്റംവരെ പോകാനും മത്സരിക്കാനും മുതൽ മുടക്കുന്നവർ തയ്യാറാണ്. നിങ്ങൾക്ക് വിജയം നേടണമെന്നുണ്ടെങ്കിൽ എതിരാളിയെക്കാൾ ഒരു പടി എപ്പോഴും മുന്നിലാകുവാൻ ശ്രമിക്കുക. നിങ്ങൾക്കുള്ള ഭീഷണിയും (Threat) ഒരു പക്ഷേ ഇതു തന്നെയായിരിക്കാം.

## T - Threat – ഭീഷണികൾ

ഒരു സംരംഭത്തിന്റെ/ വ്യവസായത്തിന്റെ വിജയത്തിനായി ദുർഘടമായ പാതകൾ താണ്ടേണ്ടി വരും, അതിൽ തളരാതെ ദീർഘവീക്ഷണത്തോടെ നയിക്കുവാൻകെല്പ്പുണ്ടോ എന്ന് ഇത്രയും മനസ്സിലാക്കിയതിൽ നിന്നും

തീർച്ചയായും അപഗ്രഥിക്കുവാൻ നിങ്ങൾക്ക് സാധിക്കും. ഉറച്ച തീരുമാനങ്ങൾ ഉചിത സമയത്ത് എടുക്കുവാനുള്ള അറിവും പരിശീലനവും ആർജിച്ച് ധൈര്യമായി മുന്നോട്ടു പോകാം. അതായത് മറ്റു സംരംഭങ്ങളുടെ പ്രവർത്തന മാതൃക., അവരുടെ സാങ്കേതിക വിദ്യ, മാർക്കറ്റിംഗ് തന്ത്രങ്ങൾ , ഉപഭോക്താക്കളുടെ അഭിരുചി ഇവയെല്ലാം ഒരിക്കലും നിങ്ങൾക്ക് ഭീഷണിയാകാൻ പാടില്ല . അങ്ങനെ ഭീഷണിയാകുമെന്ന് തോന്നുകയാണെങ്കിൽ അത് മറികടക്കുവാൻ നിങ്ങളുടെ സാമ്പത്തികം, വിഭവശേഷി, ടെക്നോളജി, മാർക്കറ്റ് എന്നിവ ഒന്നുകൂടി വിശകലനം ചെയ്ത് എടുക്കുന്ന ഉചിതമായ തീരുമാനങ്ങൾ നിങ്ങളെ പ്രശസ്തിയിലെത്തിക്കും. അതിനുവേണ്ട ചോദ്യങ്ങൾ

1) സംരംഭം ആരംഭിക്കുവാൻ/തുടർന്നു കൊണ്ടു പോകുവാൻ ചില ബുദ്ധിമുട്ടുകളുണ്ട്. - അതെ/ഇല്ല
2) സംരംഭവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ കോടതി വ്യവഹാരത്തിൽ കൊണ്ടെത്തിക്കാം. - അതെ/ഇല്ല
3) ജീവനക്കാർ വേതനത്തിലും ആനുകൂല്യങ്ങളിലും തൃപ്തരല്ല - അതെ/ഇല്ല
4) ഉപഭോക്താക്കളുടെ അഭിരുചി നാൾക്കുനാൾ മാറുന്നു/മാറ്റുന്നു. - അതെ/ഇല്ല
5) സർക്കാർ നിയന്ത്രണങ്ങളും / ഉത്തരവുകളും പ്രവർത്തനത്തെ ബാധിക്കും. - അതെ/ഇല്ല
6) രാഷ്ട്രീയം, അനാവശ്യ മത്സരങ്ങൾ, അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഇവ വല്ലാതെ സംരംഭത്തെ അലട്ടുന്നു - അതെ/ഇല്ല

*കൂടുതൽ ഉത്തരങ്ങൾ അതെ എന്നാണെങ്കിൽ നിങ്ങളുടെ സംരംഭത്തിന്റെ നിലനിൽപ് ഭീഷണിയിലാണ്. ചോദ്യത്തെ അടിസ്ഥാനമാക്കി പ്രവർത്തനങ്ങളിൽ ഉടനടി മാറ്റം വരുത്തേണ്ടതാണ്. മറിച്ച് ഇല്ല എന്നാണെങ്കിൽ നിങ്ങളുടെ സംരംഭത്തിന്റെ പ്രവർത്തനത്തിന് നിലവിൽ ഭീഷണി ഇല്ലെന്ന് മനസ്സിലാക്കാം*

ഇപ്പോൾ മനസ്സിലായല്ലോ, ഈ SWOT അനാലിസിസ് സിംപിൾ ആണെങ്കിലും പവ്വർഫുൾ ആണെന്ന്. നയപരമായ തീരുമാനങ്ങൾക്കും , പൊളിച്ചെഴുത്തിനും, പുരോഗതിക്കും വഴിതുറന്നു കൊടുക്കുവാൻ ഉതകുന്ന ഈ മാനേജ്മെന്റ് ഉപകരണം സംരംഭങ്ങളുടെയും പ്രോജക്ടുകളുടെയും വിജയത്തിനു മാത്രമല്ല നിത്യജീവിതത്തിലും ഉപയോഗപ്പെടുത്താവുന്നതാണ്. ജീവിതത്തിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പും ഒരു SWOT അപഗ്രഥനം നടത്തി നോക്കൂ. ജീവിത പരാജയം ഒഴിവാക്കാൻ ഉപകരിക്കും, തീർച്ച.


With Best compliments

iota
icecreams
The real taste of milk

Phone: 0478 - 2811460, 2821145, Mob: 9895759627
www.iotaicecream.com, e-mail: upendran_tk@yahoo.com, info@iotaicecream.com

ലോറൻസ് മാത്യു

# പുതു കാലത്തെ വാഹന വ്യവസായം




**ലോ**കം എന്നും മാറ്റങ്ങൾക്ക് പിറകെയാണ്. ശാസ്ത്ര സാങ്കേതിക ലോകത്തിന്റെ വളർച്ച മാറ്റങ്ങൾക്ക് വേഗതയേറ്റുന്നു. സാങ്കേതിക വളർച്ച ഏറെ പ്രതിഫലിക്കുന്നയൊന്നാണ് വ്യാവസായികലോകം. അനുദിനമെന്നോണം തങ്ങളുടെ ഉപഭോക്താക്കളെ സുഖസൗകര്യങ്ങളുടെ പുത്തൻ പന്ഥാവിലെത്തിക്കുവാൻ വൻകിട കമ്പനികൾ മത്സരിക്കുന്നു. എല്ലാ രംഗത്തും ഇതിന്റെ പ്രതിഫലനമുണ്ട്. മനുഷ്യനുമായി ഏറെയടുത്ത് നിൽക്കുന്ന ഒരു വ്യവസായമാണ് വാഹനങ്ങളുടേത്. ഇലക്ട്രോണിക്സിന്റെയും ഇൻഫോർമേഷൻ ടെക്നോളജിയുടെയും അഭൂതപൂർണമായ വളർച്ച വാഹനവ്യവസായത്തിൽ ഇതിനോടകം നിരവധി മാറ്റങ്ങളുണ്ടാക്കിക്കഴിഞ്ഞു. മുൻതലമുറയ്ക്ക് ചിന്തിക്കുവാൻ പോലും കഴിയാതിരുന്ന ഒരുപിടി മാറ്റങ്ങൾ അണിയറയിലൊരുങ്ങുന്നു.

### വാഹനങ്ങളും ഇലക്ട്രോണിക്സും

ഓട്ടോമൊബൈലുകൾക്കുള്ള ഇലക്ട്രോണിക്സ് ആണ് ഓട്ടോമോട്ടീവ് ഇലക്ട്രോണിക്സ്. ഇതിൽ കമ്പ്യൂട്ടർ ടെക്നോളജിയും കമ്യൂണിക്കേഷൻ ടെക്നോളജിയും ഇടകലരുന്നുണ്ട്. മെക്കാനിക്കൽ ഘടക ഭാഗങ്ങളിൽ പലതിനേയും ഒഴിവാക്കിക്കൊണ്ടും ചിലതിനൊപ്പം ഇലക്ട്രോണിക്സ് കൂട്ടിച്ചേർത്ത് (മെക്കാട്രോണിക്സ്) കൊണ്ടുമാണ് ഇത് യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. ഇപ്പോൾതന്നെ ഇതിൽ പലതും നാമനുഭവിക്കുന്നുണ്ട്. ഇലക്ട്രോണിക്സ് സ്റ്റെബിലിറ്റി കൺട്രോൾ, ഓട്ടോമേറ്റഡ് മാനുവൽ ട്രാൻസ്മിഷൻ, സ്പീഡ് അലെർട്ട്, നാവിഗേഷൻ സിസ്റ്റം, റിയർ ടൈം ട്രാഫിക് ഇൻഫോർമർ ഇതെല്ലാം ഇപ്പോൾതന്നെയുണ്ട്. ആദ്യകാല പവർ സ്റ്റിയറിങ്ങ് എന്നാൽ ഹൈഡ്രോളിക് പവർ സിസ്റ്റം (എച്ച്. പി. എസ്) ആയിരുന്നുവെങ്കിൽ ഇപ്പോഴത് ഇലക്ട്രോണിക് പവർ സ്റ്റിയറിങ്ങ് സിസ്റ്റം (ഇ.

പി. എസ്) ആണ്. അതുപോലെ ഓട്ടോമേറ്റഡ് മാനുവൽ ട്രാൻസ്മിഷൻ (എ. എം. റ്റി) ഹൈഡ്രോളിക് സിസ്റ്റവും ഇലക്ട്രോളിക് കൺട്രോൾ യൂണിറ്റും (ഇ. സി. യു) ചേർന്ന് ക്ലച്ച് ആക്റ്റിവിറ്റിയും ഗിയർ ഷിഫ്റ്റിങ്ങ് പാറ്റേണും നിരീക്ഷിക്കുകയും ക്ലച്ച് ഉപയോഗിക്കാതെ ഒരിക്കലോ തുടർച്ചയായോ ഗിയർ മാറ്റാൻ ഡ്രൈവറെ സഹായിക്കുന്ന ട്രാൻസ്മിഷൻ കൺട്രോൾ യൂണിറ്റ് ഇതിന്റെ ഒരു ഭാഗമാണ്.

അതുപോലെ അരണ്ട വെളിച്ചത്തിലും അന്ധകാരത്തിലും ഡ്രൈവിങ്ങ് സുഗമമാക്കുവാൻ സഹായിക്കുന്ന, വാഹനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനനുസൃതമായി ഹെഡ് ലൈറ്റുകളുടെ വെളിച്ചം (വളഞ്ഞും തിരിഞ്ഞും) ക്രമീകരിക്കുന്ന അഡാപ്റ്റീവ് ഹെഡ് ലൈറ്റ് സിസ്റ്റം, തൊട്ടു മുമ്പിലുള്ള വാഹനത്തിന്റെ വേഗതയ്ക്കാനുപാതികമായി നമ്മുടെ വാഹനത്തിന്റെ വേഗത നിയന്ത്രിക്കുന്ന അഡാപ്റ്റീവ് ക്രൂയിസ് കൺട്രോൾ സിസ്റ്റം എന്നിവയെല്ലാം ഓട്ടോമോട്ടീവ് ഇലക്ട്രോണിക്സിന്റെ സംഭാവനയാണ്.





Image courtesy of Toyota Canada

## പ്രിന്റ് ചെയ്തെടുക്കുന്ന വാഹനങ്ങൾ

ത്രീ ഡി പ്രിന്റിങ്ങിലൂടെ നിർമിക്കപ്പെടുന്ന കാറുകൾ തരംഗമായിരിക്കുകയാണ്. ഡെട്രോയിറ്റിൽ നടന്ന 2015 ലെ ആനുവൽ മോട്ടോർ ഷോയിൽ ത്രീ ഡി പ്രിന്റിങ്ങിലൂടെ നിർമിക്കപ്പെട്ട കാറും പ്രദർശിപ്പിക്കുകയുണ്ടായി. 44 മണിക്കൂറുകൾ കൊണ്ട് പ്രിന്റ് ചെയ്തെടുത്ത ഈ കാറിന് കാർബൺ–ഫൈബർ ഇൻഡ്യൂസ്ഡ് പ്ലാസ്റ്റിക്കിന്റെ ഇരുന്നൂറിലധികം പാളികൾ പ്രിന്റ് ചെയ്തുണ്ടാക്കിയ ഫ്രെയിമും പാനലുകളും അടക്കം 800 കിലോഗ്രാമായിരുന്നു ഭാരമുണ്ടായിരുന്നത്. രണ്ട് സീറ്റുകളും മണിക്കൂറിൽ 40 കിലോമീറ്റർ വേഗതയുമുണ്ടായിരുന്നു. ചൈനയും ഈ രംഗത്തേയ്ക്ക് തിരിഞ്ഞിട്ടുണ്ട്. അമേരിക്കയിൽ ത്രീ ഡി പ്രിന്റഡ് ബസുകളും ഇപ്പോൾ തയ്യാറായിക്കഴിഞ്ഞു.

## ക്വാണ്ടം കോമ്പസും വാഹനങ്ങളും

ഇന്നത്തെ വാഹനങ്ങൾ ഓട്ടോമേഷനായി ആശ്രയിക്കുന്നത് ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റത്തെയാണ് (ജി. എൻ. എസ്. എസ്). എന്നാൽ ചെലവേറിയതും കൃത്രിമോപഗ്രഹങ്ങളെ ആശ്രയിക്കുന്നതുമായ ഈ സംവിധാനത്തിന് പകരം ഭൂമിയുടെ കാന്തിക മണ്ഡലത്തിലുണ്ടാകുന്ന വ്യതിയാനങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്വാണ്ടം കോമ്പസ് ഈ രംഗത്തേയ്ക്കും വരികയാണ്. അന്തർവാഹിനികളിലും പ്ലെയിനിലും ഉപയോഗിക്കുവാനാണ് ഈ സിസ്റ്റം ആദ്യം ലക്ഷ്യമിട്ടിരുന്നത്. യു. കെ. യിലെ ഡിഫൻസ് സയൻസ് ആന്റ് ടെക്നോളജി ലബോറട്ടറിയാണ് ഈ ഗവേഷണത്തിനും രൂപകൽപനയ്ക്കും പിന്നിലുള്ളത്. 2019 തോടെ ഇത് വിപണിയിലിറങ്ങുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

## ഡ്രൈവറില്ലാത്ത വാഹനങ്ങൾ

വാഹനങ്ങളിൽ ഓട്ടോ പൈലറ്റ് മോഡ് സന്നിവേശിപ്പിക്കാനുള്ള ശ്രമങ്ങൾക്കും തുടക്കമായിട്ടുണ്ട്. ക്യാമറയും റഡാറും റിയൽ ടൈം ട്രാഫിക് ഡേറ്റയും സോണാറും ഒക്കെയാണ് ഈ സജ്ജീകരണത്തിന് പിന്നിലുള്ളത്. അതിനാൽതന്നെ ഡ്രൈവർ വേണ്ടാത്ത കാറുകളായിരിക്കും നാളത്തെ ട്രെൻഡ്. ഗൂഗിൾ ഇപ്പോൾതന്നെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കിക്കഴിഞ്ഞു. ഇപ്പോൾ ഈ സാങ്കേതികവിദ്യ ശൈശവ ദശയിലാണ്. ലിഡാർ (ലൈറ്റ് ഡിറ്റക്ഷൻ ആന്റ് റേഞ്ചിംഗ്) എന്ന ടെക്നോളജി ഉപയോഗപ്പെടുത്തിയാണ് പരിസരപഠനം നടത്തുന്നത്. രണ്ട് പേർക്ക് സുഗമമായി യാത്ര ചെയ്യത്തക്കവിധം രൂപകൽപന നടത്തിയിട്ടുള്ള ഗൂഗിളിന്റെ കാർ പൂർണമായും ഇലക്ട്രിക് എനർജിയിലാണ് പ്രവർത്തിക്കുന്നത്.

അമേരിക്കയിൽ ഡ്രൈവറില്ലാത്ത ബസുകൾ ഇപ്പോൾതന്നെ തയ്യാറായിക്കഴിഞ്ഞു. ലോക്കൽ മോട്ടേഴ്സ് എന്ന വാഹന നിർമാതാക്കളാണ് ഇതിന്റെ പിന്നിൽ. ഒല്ലി



എന്ന് പേരിട്ടിരിക്കുന്ന ഈ ബസിൽ 12 പേർക്ക് യാത്ര ചെയ്യാം. ഇത് ലോകത്തിലെ ആദ്യ ത്രീ ഡി പ്രിന്റഡ് ബസ് ആണ്. ഐ ബി എം നിർമിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സിസ്റ്റമായ വാട്ട്ഷൺ എന്ന സംവിധാനമാണ് ഇതിന്പിറകിൽ. വരുംകാലങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വാഹന നിർമാണത്തിൽ നിർണായകമായ ഒന്നാവുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

## മനസ്സുകൊണ്ട് നിയന്ത്രിക്കുന്ന കാറുകൾ

ചൈനയിലെ പ്രമുഖ കാർ നിർമാതാക്കളായ ഗ്രേറ്റ് വാൾ മോട്ടോറും ടിയാൻജിനിലെ നാൻകായ് യൂണിവേഴ്സിറ്റിയിലെ റിസേർച്ച് ടീമും പങ്കു ചേർന്നാണ് ഈ പുതിയ സാങ്കേതിക വിദ്യ അവതരിപ്പിച്ചിരിക്കുന്നത്. സ്റ്റിയറിങ്ങ് വീൽ തിരിക്കേണ്ടുന്നതിന്റെയോ ആക്സിലറേറ്റർ ചവിട്ടുന്നിന്റെയോ ആവശ്യമില്ലാത്തതിനാൽ അംഗവൈകല്യമുള്ളവർക്ക് വരെ വാഹനമോടിക്കുവാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് ഗവേഷകർ. സെൽഫ് ഡ്രൈവിങ്ങ് കാറുകളെ അപേക്ഷിച്ച് ഇതിന് റോഡപകടങ്ങൾ കുറവായിരിക്കുമെന്ന് കരുതപ്പെടുന്നു.

## ഡാഷ് ബോർഡുകൾ സ്മാർട്ട് ഫോണുകളാകുമ്പോൾ


വരും തലമുറ കാറുകളിൽ ഡാഷ് ബോർഡുകൾ ഒരു സ്മാർട്ട് ഫോണായി വർത്തിക്കുന്ന തലത്തിലേയ്ക്ക് രൂപകൽപന ചെയ്യുവാൻ പ്രമുഖ കാർ നിർമാതാക്കൾ ആലോചന നടത്തിവരുന്നു. യാത്രക്കിടയിൽ ഫോണിൽ വരുന്ന സന്ദേശങ്ങൾ പരിശോധിക്കുവാനും റെസ്റ്റോറന്റുകളും മറ്റ് അവശ്യ സ്ഥലങ്ങളുമെല്ലാം തിരഞ്ഞ് കണ്ടുപിടിക്കുവാനും ഡ്രൈവർമാർക്ക് ഈ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതെല്ലാമുള്ള ആൻഡ്രോയിഡ് കാർ 2014 ജൂണിലാണ് ഗൂഗിൾ അവതരിപ്പിച്ചത്.

## നാളത്തെ വർക്ക്ഷോപ്പുകൾ

വാഹനങ്ങൾ സ്മാർട്ടാവുമ്പോൾ വർക്ക് ഷോപ്പുകളും രൂപം മാറാതെ തരമില്ലല്ലോ. നാളത്തെ ടെക്നീഷ്യൻമാർ ലാപ്ടോപ്പോ, ടാബ്ലെറ്റോ അല്ലെങ്കിൽ പ്രത്യേക ഇലക്ട്രോണിക്സ് സ്കാനറോ ഉപയോഗിക്കുന്ന ഒരു വൈറ്റ് കോളർ ജോലിക്കാരനായിട്ടായിരിക്കും പ്രത്യക്ഷപ്പെടുക. വാഹനത്തിന്റെ പ്രവർത്തന വൈകല്യങ്ങൾ തീർക്കുന്നതും പ്രകടനമികവ് വിലയിരുത്തുന്നതുമായ സ്പെഷ്യൽ സോഫ്റ്റ്‌വെയറുകൾ കൈകാര്യം ചെയ്യുന്നവരായിരിക്കുമവർ.

## നാനോപോർ ബാറ്ററി വരുത്തുന്ന മാറ്റങ്ങൾ

ഇന്ധന പ്രതിസന്ധിയായിരിക്കും വരുംകാലങ്ങളിൽ മാനവരാശി നേരിടേണ്ടി വരുന്ന ഒരു മഹാവിപത്ത്. ഇതേറ്റവും ബാധിക്കുക വാഹന ഗതാഗതത്തെത്തന്നെയായിരിക്കും. മാത്രവുമല്ല പരിസ്ഥിതിക്ക് അനുയോജ്യമായ വികസനത്തിനും സാങ്കേതിക വിദ്യക്കും മാത്രമേ ഇനി നിലനിൽപുള്ളൂവെന്ന യാഥാർത്ഥ്യം ലോകരാഷ്ട്രങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനാലാണ് ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് നിർമാതാക്കളുടെ ശ്രദ്ധ തിരിഞ്ഞത്. പക്ഷേ ഇവിടെ വില്ലനാകുന്നത് ബാറ്ററിയുടെ ഡിസ്ചാർജിങ്ങ് സമയമാണ്. ഇതിനൊരു പരിഹാരവും ഓട്ടോമോട്ടീവ് ഇലക്ട്രോണിക്സിലുണ്ട്. വൈദ്യുത വാഹനങ്ങൾക്കായുള്ള നാനോപോർ ബാറ്ററി വികസനത്തിന്റെ മധ്യഘട്ടത്തിലാണ്. തപാൽ സ്റ്റാമ്പിന്റെ വലിപ്പം വരുന്ന ഈ ബാറ്ററിയെ 12 മിനിട്ടുകൾ കൊണ്ട് പൂർണമായും ചാർജ്ജ് ചെയ്യാവുന്നതാണ്.




## അപായ സൂചനകൾ

ഇക്കാലഘട്ടത്തിൽ പോലും പല കാറുകളും കമ്പ്യൂട്ടറൈസ്ഡ് ആണെന്നതാണ് യാഥാർത്ഥ്യം. കാർ കമ്പ്യൂട്ടർ എന്ന സുഭദ്രകവചത്തിനുള്ളിൽ ഉറപ്പിക്കപ്പെട്ട ഒരു അഡ്വാൻസ്ഡ് ഇലക്ട്രോണിക് സിസ്റ്റം ആണ് മിക്ക കാറുകളുടെയും തലച്ചോറ്. അതിനാൽ തന്നെ ഒരു ഡയഗ്നോസ്റ്റിക് കമ്പ്യൂട്ടർ പുറമേ നിന്നും കാർ കമ്പ്യൂട്ടറുമായി കൂട്ടിയിണക്കിയാണ് വെഹിക്കിൾ ഡയഗ്നോസ്റ്റിക് നടത്തുന്നത്. ഇവിടെയാണ് അപകടം. അനിവാര്യമായ ഈ ഡയഗ്നോസ്റ്റിക്സ് സിസ്റ്റത്തെ അതിവിദഗ്ദമായി തകിടംമറിക്കുവാൻ ഒരു മിടുക്കനായ ഹാക്കർക്ക് കഴിയും. ഒരു സാധാരണ കാറിലാണിതെങ്കിൽ ഏതാണ്ടെല്ലാ പ്രവർത്തനവും കമ്പ്യൂട്ടറിനാൽ നിയന്ത്രിക്കപ്പെടുന്ന സെൽഫ് ഡ്രൈവിങ്ങ് കാറുകളുടെ സുരക്ഷിതത്വമാണ് ആശങ്കയുളവാക്കുന്നത്. സെൽഫ് ഡ്രൈവിങ്ങ് കാറുകളിൽ ഉപയോഗിക്കുന്ന ലിഡാർ, ജി. പി. എസ്. തുടങ്ങിയ ടെക്നോളജികളൊന്നും തന്നെ ഹാക്കിങ്ങിൽ നിന്നും മോചിതമല്ലായെന്നതാണ് വർത്തമാനകാല യാഥാർഥ്യം. എന്നിരുന്നാലും ഗവേഷണങ്ങൾ പുരോഗമിക്കുമ്പോൾ ഈ പ്രശ്നത്തിനും പരിഹാരമുണ്ടാകുമെന്ന് പ്രത്യാശിക്കാം.

ഓട്ടോമോട്ടീവ് ഇലക്ട്രോണിക്സിനാൽ നിയന്ത്രിക്കപ്പെടുന്നതായിരിക്കും നാളത്തെ വാഹന വ്യവസായ മേഖല. ഡ്രൈവർ ഉള്ളതും ഇല്ലാത്തതുമായ വാഹനങ്ങൾ, സ്വയം ചിന്തിക്കുവാൻ കഴിവുള്ള വാഹനങ്ങൾ, പരസ്പരാശയ വിനിമയത്തിനൊപ്പം പുറം ലോകവുമായി സംവദിക്കുവാൻ കഴിവുള്ള വാഹനങ്ങൾ, സ്വയം അറ്റകുറ്റപ്പണികൾ നടത്തുവാൻ കഴിവുള്ള വാഹനങ്ങൾ ഇവയൊക്കെയാണ് അനതിവിദൂരഭാവിയിൽ നിരത്തിലെ നിത്യവിസ്മയങ്ങൾ.

## ബയോ ബസുമായി ബ്രിട്ടൺ

മനുഷ്യ വിസർജ്ജ്യത്തിൽ നിന്നും വീടുകളിലെ ഭക്ഷ്യമാലിന്യങ്ങളിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഇന്ധനമു



പയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ബസുമായി ബ്രിട്ടൺ രംഗത്തുവന്നിരിക്കുന്നു. നമ്പർ 2 ബസ് എന്നാണിതിന്റെ അപരനാമം. മാലിന്യങ്ങളിൽ നിന്നും ബയോമീഥേൻ ഗ്യാസ് ഉണ്ടാക്കി അതുപയോഗിച്ചാണ് ബസ് ഓടിക്കുന്നത്. ഇതിന് ദുർഗന്ധമൊന്നുമില്ലായെന്നതാണ് രസകരമായ കാര്യം. ഡീസൽ വാഹനങ്ങളെപ്പോലെ പരിസര മലിനീകരണം ഉണ്ടാക്കുന്നില്ലായെന്നതാണിതിന്റെ ഒരു ഗുണം. ഈ പരീക്ഷണം വിജയിച്ചാൽ മാലിന്യസംസ്കരണ പ്ലാന്റുകൾ നടത്തുന്ന കമ്പനികളും മാലിന്യം വാണിജ്യാടിസ്ഥാനത്തിൽ ശേഖരിക്കുന്ന കമ്പനികളും ഉയർന്നുവരും. വർദ്ധിച്ചു വരുന്ന മാലിന്യപ്രശ്നത്തിനൊരു പരിഹാരവുമാകും.

### ഹെഡ് അപ് ഡിസ്പ്ലേ ഹെൽമറ്റ്

ഇരുചക്രവാഹനങ്ങളിലുള്ള യാത്ര കൂടുതൽ സുരക്ഷിതമാക്കുവാനായി ബി എം ഡബ്ല്യു അവതരിപ്പിച്ചിരിക്കുന്ന പുതിയ സംവിധാനമാണ് ഹെഡ് അപ് ഡിസ്പ്ലേ ഹെൽമറ്റ്. ഈ ഹെൽമറ്റിന്റെ വലതുവശത്തായി സ്പീഡ്, ടെമ്പറേച്ചർ, ഡിയർ, ഫ്യൂവൽ ലെവൽ തുടങ്ങിയ വിവരങ്ങൾ തൽസമയം കാണിച്ചുകൊണ്ടിരിക്കും. ബൈക്ക് ഓടിക്കുന്നയാളുടെ ആവശ്യത്തിനനുസരിച്ച് ഈ വിവരങ്ങൾ ക്രമീകരിക്കാവുന്നതാണ്. ഹെൽമറ്റിലെ പിറകുവശത്തുള്ള ക്യാമറ പിറകുവശത്തെ തൽസമയകാഴ്ച ലഭ്യമാക്കുവാൻ പര്യാപ്തമാണ്. റിയർ വ്യൂ മിററുകൾക്ക് പകരക്കാരനാകുവാനും ഈ ഹെൽമറ്റിന് സാധിക്കും. ഒരു പ്രാവശ്യം ചാർജ്ജ് ചെയ്താൽ അഞ്ച് മണിക്കൂർ ഉപയോഗിക്കാവുന്ന രണ്ട് ബാറ്ററികളിലാണ് ഇത് പ്രവർത്തിക്കുന്നത്.

വാഹനങ്ങൾ കൂടുതൽ കൂടുതൽ സ്മാർട്ടാകുന്ന കാലത്ത് വാഹനങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ ഔട്ട് സോഴ്സ് ചെയ്യുന്നുവെങ്കിൽ അത് നിർമിക്കുന്നത് ഒരു ചെറുകിട സംരംഭമായി ആരംഭിക്കാവുന്നതാണ്.

സൗരോർജത്തെ നേരിട്ട് യാന്ത്രികോർജമാക്കുന്ന നാനോ ക്രിസ്റ്റൽ എഞ്ചിനുകൾ, വൈദ്യുത വാഹനങ്ങൾക്കായുള്ള വയർ രഹിത ചാർജിങ്ങ്




സ്റ്റേഷനുകൾ, ബയോ ഫ്യൂവൽ ഫില്ലിങ്ങ് സ്റ്റേഷനുകൾ, കിലോമീറ്ററുകളോളം നീളുന്ന വെളിച്ചം നൽകുന്ന പ്രത്യേക ലേസർ ഹെഡ് ലൈറ്റുകൾ ഇവയെല്ലാമായിരിക്കും നാളത്തെ കാഴ്ചകൾ.

With best compliments

KAIRALI FOODS

All kinds of food products

Valamangalam P.O, Thuravoor

PH.9037590367

# Subscribe/Renew today
# Vyavasaya Keralam

## SUBSCRIBER'S APPLICATION

I would like to subscribe Vyavasaya Keralam for One year at Rs. 300/- (12 issues)

Please send my copies to:

Name..........................................................................................................

Address.......................................................................................................

..................................................................................................................

..................................................................................................................

District........................................................................................................

Pincode.......................................Phone...........................................................




Demand Draft for Rs.300/- drawn in favour of

"K-Bip. Vyavasayakeralam", payable at Thiruvananathapuram

is enclosed (D.D No...........................................dated....................................

of.........................................................................................................Bank

**Send to**

The Editor
Vyavasayakeralam
DIC Building,
Vellayambalam,
Thiruvananthapuram
Pin:695033
Phone: 0471-2322789


# കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

**ജൂലൈ അവസാനവാരം വിപണികളിൽനിന്നു ശേഖരിച്ചത്**

| | *തിരുവനന്തപുരം* | *കൊച്ചി* | *കോഴിക്കോട്* |
|---|---|---|---|
| സിമന്റ് (ബാഗിന്)ലോക്കൽ പർചേസ് | 400 | 395 | 365(സുവാരി) |
| സ്റ്റീൽ (കി.ഗ്രാം) | 40.48 | 43 | 42.48 |
| തടി ( ക്യുബ്ക് അടി) താന്നി | | | 852.40 |
| തടി ( ക്യുബ്ക് അടി) സെക്കന്റ് ക്ലാസ് ഹാർഡ് | – | – | – |
| എം.സാന്റ്(ക്യുബ്ക് അടി) | 57 | 47 | 62 |
| ക്വാറി ഡസ്റ്റ് | 35 | 48 | – |
| മെറ്റൽ (3/4 ഇഞ്ച്) | 29.50 | 29 | 35 |
| മെറ്റൽ (1/4 ഇഞ്ച്) | 28 | 32 | 35 |
| മെറ്റൽ ($1^1/_2$ ഇഞ്ച്) | 23 | 32 | 35 |
| ഹോളോ ബ്ലോക്ക് (8 ഇഞ്ച്) | 33.50 | 38 | 49 |
| ഹോളോ ബ്ലോക്ക് (6 ഇഞ്ച്) | – | – | – |
| ഹോളോ ബ്ലോക്ക് (4 ഇഞ്ച്) | 19.5 | 38 | 32.15 |
| സോളിഡ് ബ്ലോക്ക് (6 ഇഞ്ച്) | 33.00 | 27 | – |
| സോളിഡ് ബ്ലോക്ക് (4 ഇഞ്ച്) | 23.75 | 20 | 28.20 |
| ഇഷ്ടിക | 6.25 | 7.50 | 9.00 |
| റെഡിമിക്സ് | 6100 | 5750 | – |

*അവലംബം : സതേൺ ഇൻവെസ്റ്റ്മെന്റ്സ് (Si) പ്രൈവറ്റ് ലിമിറ്റഡ്*

## മാനേജിങ് ഡയറക്ടർ

ട്രാക്കോ കേബിൾ കമ്പനിയുടെ മാനേജിങ് ഡയറക്ടറായ എസ്. ശ്യാമളയ്ക്ക് കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ്, ആട്ടോകാസ്റ്റ് കമ്പനികളുടെ അധിക ചുമതല നൽകി ഉത്തരവായി.

## പുന:സംഘടിപ്പിച്ചു

മുഖ്യമന്ത്രി അദ്ധ്യക്ഷനായി കേരള റാപിഡ് ട്രാൻസിറ്റ് കോർപറേഷൻ ലിമിറ്റഡ് പുന:സംഘടിപ്പിച്ചു. പൊതുമരാമത്ത്, വ്യവസായം, നിയമം, തദ്ദേശ സ്വയംഭരണം, ഗതാഗതം, തൊഴിൽ വകുപ്പ് മന്ത്രിമാർ, ധന പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, ട്രാൻസ്പോർട്ട് സെക്രട്ടറി, കെ. ആർ. ടി. എൽ മാനേജിംഗ് ഡയറക്ടർ എന്നിവർ ഡയറക്ടർമാരാണ്.






## ക്വാറി ലൈസൻസിന് സംരക്ഷണകവചം ഉറപ്പാക്കണം

സംസ്ഥാനത്ത് ക്വാറികൾക്ക് ലൈസൻസ് നൽകുമ്പോൾ സമീപവാസികൾക്കും വഴിയാത്രക്കാർക്കും സുരക്ഷിതത്വം ഉറപ്പാക്കാൻ അവയ്ക്കു ചുറ്റും മതിലോ സംരക്ഷണ കവചമോ തീർക്കാർ ഉടമകൾക്ക് നിർദ്ദേശം നൽകണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിർദ്ദേശിച്ചു.

കാസർകോഡ് ജില്ലയിലെ ക്വാറിയിൽ കുട്ടി വീണു മരിച്ചതിനെത്തുടർന്ന് സഹപാഠി നൽകിയ പരാതിയിലാണ് കമ്മീഷന്റെ നിർദ്ദേശം. നിർദ്ദേശം ലൈസൻസ് വ്യവസ്ഥകളിൽ ഉൾപെടുത്തണമെന്നും അത് പാലിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി തദ്ദേശസ്വയംഭരണ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കണമെന്നും കമ്മീഷൻ അംഗം കെ. നസീർ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി 40 ദിവസത്തിനകം അറിയിക്കണമെന്നും ഉത്തരവിലുണ്ട്.

With best compliments

HOMELY FOOD PRODUCTION

Muttathiparambu P.O, Cherthala

PH.9895759626

## വ്യവസായ അഡീഷണൽ ചീഫ് സെക്രട്ടറി



വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായി പോൾ ആന്റണി ചുമതലയേറ്റു.

വ്യവസായ- വാണിജ്യ വകുപ്പ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുള്ള പോൾ ആന്റണി കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ, ഊർജ വകുപ്പ്, പട്ടിക ജാതി/വർഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വാണിജ്യ നികുതി കമ്മീഷണർ, സിവിൽ സപ്ലൈസ് കോർപറേഷൻ മാനേജിങ് ഡയറക്ടർ, കൊല്ലം, ആലപ്പുഴ ജില്ലാ കളക്ടർ തുടങ്ങിയ നിലകളിൽ മികവാർന്ന പ്രവർത്തനം കാഴ്ച വച്ചിട്ടുണ്ട്.

## കിയാൽ എം. ഡി

വി. തുളസീദാസിനെ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായി നിയമിച്ച് ഉത്തരവായി.



## പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സഭാസമിതി

പതിനാലാം കേരള നിയമസഭയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന സമിതിയുടെ ചെയർമാനായി സി. ദിവാകരനെയും അംഗങ്ങളായി റ്റി. എ. അഹമ്മദ് കബീർ, കെ. ബി. ഗണേഷ് കുമാർ, സി. കൃഷ്ണൻ, എം. എം. മണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. ടി. എ. റഹീം, രാജു എബ്രഹാം, സണ്ണി ജോസഫ്, സി. എഫ്. തോമസ്, പി. ഉണ്ണി എന്നിവരെയും തിരഞ്ഞെടുത്തു.


# സംരംഭകത്വ വികസന പദ്ധതി

**കേരളത്തിലെ ആദ്യ കാർഷിക – ഭക്ഷ്യ സംസ്കരണ; ചെറുകിട വ്യവസായ രംഗത്തെ ഇൻകുബേഷൻ സെന്ററായ അഗ്രോപാർക്കിൽ നിന്നും സംരംഭകർക്ക് താഴെപ്പറയുന്ന സാങ്കേതികവിദ്യകളും പരിശീലനവും ലഭ്യമാണ്.**

**സാങ്കേതികവിദ്യകൾ**

കരിക്കിൻവെള്ളം സംസ്ക്കരണം
കോക്കനട്ട് ചിപ്സ്
സോൾവെന്റ് സിമന്റ്
ഷെൻലാക്ക്
കോക്കനട്ട് ഹണി
നേച്ചർ വാഷ്
പൈനാപ്പിൾ ക്വാൻസി
ഇഡ്ലി ദോശമാവ്
ലോൺട്രി
ചന്ദനത്തിരി നിർമ്മാണം

സംരംഭകർ ആവശ്യപ്പെടുന്ന മറ്റ് പരിശീലനങ്ങളും ലഭ്യമാണ്.

★

സംരംഭകർക്ക് അഗ്രോപാർക്കിൽ ട്രയൽ പ്രൊഡക്ഷൻ സൗകര്യവും ലഭിക്കും.

**പരിശീലനങ്ങൾ**

ഹോംമെയ്ഡ് ചോക്ക്ളേറ്റ്
വെന്ത വെളിച്ചെണ്ണ
ബെനാന ഫിഗ്
ക്ലീനിംഗ് ഉൽപ്പന്നങ്ങൾ നിർമ്മാണം
നോൺ വ്യുവൻ ബാഗ്
കമുകിൻ പാള ഉല്പന്നങ്ങൾ
കറിപൗഡർ നിർമ്മാണം
ഹണി ഗ്രേപ്പ്

KERALA agropark MSME INCUBATION

PIRAVOM, ERNAKULAM, KERALA - 686664
Ph : 0484 - 2242310, 2242410, 9495594199
info@keralaagropark.com, www.keralaagropark.com

ഡോ. ഡി. ഷൈൻകുമാർ



# വെള്ളരി വ്യവസായത്തളികയിൽ

വെള്ളരി എന്ന് കേട്ടാൽ ഏത് അരസികന്റെയും ഉള്ളൊന്ന് തളിർക്കും. ഭൂമിക്ക് സമാന്തരമായി വളർന്ന് മണ്ണിന് പാദസരം തീർക്കുന്ന ഈ വിള ദാഹനീരും പാചകവിഭവവും എന്നതിനപ്പുറത്തേക്ക് വലിയ വ്യവസായസാദ്ധ്യതകൾ കൊണ്ടുവരുന്നുണ്ട്. പൊട്ടുവെള്ളരിയാണ് വെള്ളരിയിൽ വലിയ ദാഹനീർ വ്യവസായത്തിന്റെ കാതലാകുന്നത്. വേനൽ തുടങ്ങി 150 ദിവസത്തോളം നന്നായി വിളയും. എപ്പോഴും വിപണിപ്രിയം. അത് മറ്റൊന്നുമല്ല, പൊട്ടുവെള്ളരി എന്ന സ്നാപ് മെലോൺ (കുക്കുമിൻ സറ്റൈവ – മൈമോഡിക്ക) തന്നെ. കാഴ്ചയിൽ വെള്ളരിക്കയോടു സാമ്യം, തൊട്ടുനോക്കിയാലറിയാം മൃദുത്വം. മൂപ്പെത്തിയവ ചെറുതായൊന്നമർത്തിയാൽ പൊട്ടും. ഉള്ളിലുള്ള മാംസളഭാഗം കഴിക്കുന്നയാളുടെ ഉള്ള് കുളിർപ്പിക്കും; ഇതാണ് പൊട്ടുവെള്ളരി.

സ്വാദിഷ്ഠമായ ജ്യൂസുണ്ടാക്കാവുന്ന വെള്ളരിവിള. മാംസളഭാഗം സ്പൂൺകൊണ്ട് കോരിയെടുത്ത് ആവശ്യത്തിന് പഞ്ചസാര ചേർത്ത് ഇളക്കുകയേ വേണ്ടു ജ്യൂസ് തയാർ. താൽപര്യത്തിനനുസരിച്ച് പാലോ ഏലയ്ക്ക പൊടിച്ചതോ പഞ്ചസാരയ്ക്കു പകരം ശർക്കരയോ, ഐസ്ക്രീമോ ചേർത്തും ജ്യൂസ് തയ്യാറാക്കാം.

കേരളത്തിൽ പൊട്ടുവെള്ളരി നന്നായി വിളയിക്കുന്ന ഇടങ്ങളാണ് തൃശൂരിലെ അഷ്ടമിച്ചിറ, പുത്തൻചിറ, വടമ, മാള, തട്ടാംപടി, കരുമാലൂർ മേഖലകൾ. കിലോയ്ക്ക് 30 രൂപ മുതൽ 60 രൂപ വരെയെത്തുന്ന പൊട്ടുവെള്ളരി ഒരെണ്ണം ശരാശരി നാല്–അഞ്ച് കിലോ ഭാരമെത്തുമെന്നതാണ് പ്രധാന മേന്മ. ഒരേക്കറിൽനിന്നും 15 ടണ്ണോളം വിളവും ലഭിക്കും. ഹൈവേ ഓരങ്ങളിൽ പ്രധാനമായും ദാഹപാനീയവും ഡെസർട്ടുമായി മാറുന്ന പൊട്ടുവെള്ളരിയുണ്ട്. ഏലക്കായും പഞ്ചസാരയും ചേർത്ത പാനീയത്തിനാണ് പ്രിയം. അരി വറുത്ത് പൊടിച്ച് ജ്യൂസിൽ ചേർത്തും തേങ്ങാപാൽ ചേർത്തും വിൽപ്പനയുണ്ട്. ഐസ്ക്രീം ഉണ്ടാക്കുവാനും കശുവണ്ടിപ്പരിപ്പ് ചേർത്ത് ജ്യൂസ് ഉണ്ടാക്കുവാനും പൊട്ടുവെള്ളരി വഴങ്ങും.

നവംബറിലാണ് പൊട്ടുവെള്ളരിയുടെ കൃഷിയിറക്കൽ. ജനുവരി ആദ്യം വിളവ് വിപണിയിലെത്തിത്തുടങ്ങും. മൂന്നാഴ്ച കൊണ്ട് വിളവെടുപ്പുകാലം അവസാനിക്കും. തടം എടുക്കുന്നതടക്കം മിക്ക ജോലികളും യന്ത്രസഹായത്തോടെയാണ്. 20 സെന്റിമീറ്റർ ഉയരത്തിൽ ഒരു മീറ്റർ വീതിയിലാണ് തടമെടുപ്പ്. അടിവള

## പൊട്ടുവെള്ളരി എന്നാൽ

മൂപ്പെത്തുംമുമ്പ് പച്ചക്കറിയായും മുപ്പെത്തി പൊട്ടുന്നതോടെ ജ്യൂസിനായും പ്രയോജനപ്പെടുത്താവുന്ന വേനൽവിളയാണ് പൊട്ടുവെള്ളരി (Snap melon) പൊട്ടുവെള്ളരിയുടെ വിത്തിട്ടാൽ ഒരാഴ്ചക്കുള്ളിൽ മുളപൊട്ടും. മുളച്ചുപടർന്ന് ഏതാണ്ട് നാലാഴ്ച പ്രായമെത്തുന്നതോടെ ചെടി പൂവിട്ടു തുടങ്ങും. ഒന്നര മാസമെത്തുന്നതോടെ വിളവെടുപ്പു തുടങ്ങാം. രണ്ടുമാസം കൊണ്ട് പൂർത്തിയാവുന്നു.

രോഗ കീടബാധകൾ പൊട്ടുവെള്ളരിയെയും ബാധിക്കാറുണ്ട്. ബാക്ടീരിയാ ബാധ സൃഷ്ടിക്കുന്ന വാട്ടരോഗവും പടവലപ്പുഴു വേരിലൂടെ കടന്ന് തണ്ടുണക്കുന്നതുമാണ് മുഖ്യപ്രശ്നങ്ങൾ. രോഗങ്ങൾ വരുന്നതുവരെ കാത്തിരിക്കാതെ അടിവളമായി നൽകുന്ന ജൈവവളത്തിനൊപ്പം ട്രൈക്കോഡർമ നൽകുന്നതും കൈറ്റിൻ ചേർത്ത സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ 20 ഗ്രാം എന്ന കണക്കിൽ കലർത്തി രണ്ടാഴ്ചയിലൊരിക്കൽ ചെടിയുടെ ചുവട്ടിൽ തളിച്ചുകൊടുക്കുന്നതും ഫലപ്രദമാണ്.

പരപരാഗണമാണ് മറ്റൊരു പ്രശ്നം. കണിവെള്ളരി കൃഷി ചെയ്യുന്നതും ഇതേ സമയം തന്നെ ആയതിനാൽ ഇരുവിളകളും അടുത്തടുത്ത് കൃഷി ചെയ്താൽ പരപരാഗണം സംഭവിക്കും. അതുവഴി അടുത്ത തലമുറ പൊട്ടുവെള്ളരി പൊട്ടാതാവും. ഇരുവിളകളും തമ്മിൽ 100 മീറ്റർ അകലം പാലിച്ചു നടുന്നതാണ് പരിഹാരം.

# പൊട്ടുവെള്ളരിയിൽ വിജയക്കൊടിയുയർത്തി രഞ്ജിത്ത്



മായി ചാണകപ്പൊടി, കോഴിവളം, വേപ്പിൻപിണ്ണാക്ക് എന്നിവ മണ്ണുമായി നന്നായി കൂട്ടിച്ചേർക്കും. വിളകൾക്ക് വളവും വെള്ളവുമെത്തിക്കാനുള്ള പൈപ്പിടുന്നതാണ് അടുത്ത ഘട്ടം. അതിനു മുകളിൽ കള ഒഴിവാക്കാൻ പോളിത്തീൻ ഷീറ്റ് വിരിക്കും. ഷീറ്റിൽ തുളയിട്ടാണ് വിത്ത് നടുന്നത്. പൂർണ്ണമായും പ്രിസിഷൻ (കൃത്യതാ കൃഷി) ഫാമിംഗിൽ ചെയ്യാൻ കഴിയുന്ന വിളയെന്ന സൗകര്യമാണ് പൊട്ടുവെള്ളരിയെ ജനകീയമാക്കിയത്. രണ്ട് മീറ്റർ അകലത്തിൽ വാരം കോരി അടിവളം ചേർത്ത് മൾച്ചിംഗ് അഥവാ പ്ലാസ്റ്റിക് ഷീറ്റ് പുതയിടൽ നടത്തിയാൽ പിന്നെ 50 സെ.മീ. അകലത്തിൽ ദ്വാരമിട്ട് തുള്ളിനന സൗകര്യമൊരുക്കാം. ഡ്രിപ് ഇറിഗേഷനോടൊപ്പം ഫെർട്ടിഗേഷൻ രീതിയിൽ വളപ്രയോഗവും ഉണ്ട്. 13–0–47 എന്നീ ക്രമത്തിൽ സോഡിയവും പൊട്ടാ



## പൊട്ടുവെള്ളരി ജ്യൂസ്

കൊടുംവേനലിൽ ഉള്ളുകുളിർപ്പിക്കുന്ന ഒരിനമാണ് പൊട്ടുവെള്ളരി ജ്യൂസ്. പൊട്ടുവെള്ളരി കഴുകി നേർത്ത തൊലി മുഴുവനും മാറ്റി രണ്ടായി പിളർന്ന് ഉള്ളിലെ വിത്തുകൾ മാറ്റി ചെറിയ കഷണങ്ങളാക്കി അരിയണം. അവ ഗ്രൈന്ററിൽ നന്നായി അരച്ച് തേങ്ങാപ്പാൽ പഞ്ചസാരയുമായി തരാതരം പോലെ മിക്സ് ചെയ്താൽ വെള്ളരി ജ്യൂസ് റെഡി.



ആമ്പല്ലൂർ ത്യാഗരാജാർ പോളിടെക്നിക്കിൽ മെക്കാനിക്കൽ എൻജിനീയറിംഗിൽ ഡിപ്ലോമയ്ക്ക് പഠിക്കുമ്പോൾ രഞ്ജിത്ത് അറിഞ്ഞിരുന്നില്ല, കേരളത്തിലെ മികച്ച കർഷകരിൽ ഒരാളാകും താനെന്ന്. ദേവനിയോഗം പോലെ ഇന്ന് അത് സംഭവിച്ചിരിക്കുന്നു. പച്ചക്കറി കർഷകനെന്ന നിലയിൽ രഞ്ജിത്തിന്റെ കീർത്തി കടൽ കടക്കുകയാണ്. കേരളത്തിലെ മികച്ച യുവ കർഷകനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്ക്കാരവും രഞ്ജിത്തിനെ തേടി വന്നു.

ബിസിനസുകാരനായ അച്ഛനും അദ്ധ്യാപികയായ അമ്മയും രഞ്ജിത്തിനെ വളർത്തിയത് കൃഷിക്കാരനാകാനല്ല എന്നത് മറ്റൊരു കൗതുകം. കുടുംബത്തിലെ കാരണവന്മാരുടെ കൃഷി കണ്ടുവളർന്ന ആ മനസ്സിനെ തടുക്കുവാൻ അച്ഛനുമമ്മയ്ക്കും കഴിഞ്ഞില്ല. ഡിപ്ലോമ ബിരുദമെടുത്തശേഷം ആ വഴിയ്ക്കല്ല രഞ്ജിത്ത് സഞ്ചരിച്ചത്. പാട്ടത്തിനെടുത്ത ഭൂമിയിൽ പല കൃഷി പരീക്ഷണങ്ങളും നടത്തി. പലതും എട്ടുനിലയിൽ പൊട്ടി. ഒടുവിൽ 2002 ലാണ് പ്രിസിഷൻ ഫാമിംഗ് എന്ന സൂക്ഷ്മതാകൃഷി രഞ്ജിത്ത് പരീക്ഷിച്ചത്. അതാകട്ടെ, വെള്ളരിയിലും.

കേരളത്തിൽ പച്ചക്കറികളിൽ ആദ്യപരീക്ഷണമായിരുന്നു വെള്ളരിയിലെ പ്രിസിഷൻ ഫാമിംഗ്. അടിവളം ചേർത്ത് വാരം കോരി പ്ലാസ്റ്റിക് ഷീറ്റുകളാൽ പുതയിട്ട് വാരത്തെ മൂടി കൃത്യമായ അകലങ്ങളിൽ ചെറു ദ്വാരങ്ങളിട്ട് അതിൽ വിത്തുകൾ നിക്ഷേപിച്ച് അവയ്ക്ക് കൃത്യതയോടെ നനയും വളവും നൽകുക എന്ന രീതിയാണ് വെള്ളരിയിൽ പരീക്ഷിച്ചത്. കൃത്യതാ കൃഷി പരീക്ഷിച്ചതോടെ ആത്മവിശ്വാസമേറി. പാട്ടത്തിനെടുത്ത ഏക്കർകണക്കിനു സ്ഥലത്ത് കൃഷിയിറക്കുന്ന പൊട്ടുവെള്ളരിയിലൂടെ മികച്ച ആദായം നേടുന്ന യുവകർഷകനാണ് ഇന്ന് തൃശൂർ മാള അഷ്ടമിച്ചിറയിൽ ചിറ്റേത്ത് വീട്ടിൽ രഞ്ജിത്ത്.

സ്യവും കാത്സ്യം നൈട്രേറ്റും ബോറോണുമൊക്കെ പൊട്ടുവെള്ളരിക്ക് പ്രധാനമാണ്. ഓരോ സ്ഥലത്തേയും മണ്ണിലെ സൂക്ഷ്മ മൂലകങ്ങളുടെ അളവ് പരിശോധിച്ചശേഷം കുറവുള്ളത് യഥാവിധി ഫെർട്ടിഗേഷനിലൂടെ നൽകാം. ജീവാമൃതം എന്ന ജൈവ വളവും നന്നായി ഫിൽട്ടർ ചെയ്ത് ഇതോടൊപ്പം നൽകാം. ഒരേക്കറിൽ എണ്ണായിരത്തോളം തൈകൾ നടാം.

ചകിരിച്ചോറ് കമ്പോസ്റ്റിൽ ഉണക്കച്ചാണകപ്പൊടി ചേർത്ത നടീൽ മിശ്രിതത്തിലാണ് പൊട്ടുവെള്ളരി വിത്തുകൾ പാകുന്നത്. രണ്ടില പൊടിച്ച് തുടങ്ങി കരുത്ത് വന്നാൽ ഉടൻതന്നെ നടീൽവസ്തുവാക്കാം. 60 ദിവസമാണ് വിളക്കാലം. നല്ല വേനലിൽ 45-ാം പക്കം മുതൽ കൊയ്ത്ത് തുടങ്ങാം.

മുരടിപ്പ്, ചുവപ്പുരോഗം, പുള്ളിപ്പൊട്ട് തുടങ്ങി വെള്ളരിവർഗവിളകൾക്കുള്ള രോഗങ്ങളൊന്നും പൊട്ടുവെള്ളരിയേയും വിടില്ല.

## പൊട്ടുവെള്ളരി ബട്ടർ മിൽക്ക്ഷേക്ക്

പൊട്ടുവെള്ളരി കഴുകി തൊലിയുരിഞ്ഞ് കഷണങ്ങളാക്കണം. പച്ചമുളക്, ഇഞ്ചി, മല്ലിയില, യോഗർട്ട് എന്നിവ തരാതരം പോലെ ചേർത്ത് അരച്ച് പശപോലെയാക്കണം. ഈ മിശ്രിതത്തിൽ തണുത്ത വെള്ളം ചേർത്ത് നേർപ്പിക്കാം. മേമ്പൊടിയായി ഉപ്പ് ചേർത്ത് ഇളക്കണം. തുടർന്ന് മിക്സിയിലടിച്ച് പതപ്പിച്ചാൽ ബട്ടർമിൽക്ക് ഷേക്ക് റെഡി. തണുപ്പിച്ച ഷേക്ക് ഒരു നുള്ള് ജീരകപ്പൊടി മുകളിൽ വിരിച്ച് വിളമ്പാം. യോഗർട്ടിന് പകരം തൈര് നേർപ്പിച്ചതായാലും മതി.



വർഷം തോറും പന്ത്രണ്ടിലേറെ പച്ചക്കറിവിളകൾ ഉൽപാദിപ്പിച്ച് ലാഭകരമായി വിപണനം ചെയ്യുന്നു. അവയിൽ മുഖ്യമാണ് പൊട്ടുവെള്ളരി. പാട്ടത്തിനെടുത്തത് ഉൾപ്പെടെ 17 ഏക്കറിലാണ് രഞ്ജിത്തിന്റെ പച്ചക്കറിക്കൃഷി. പൊട്ടുവെള്ളരിക്കു പുറമേ വാഴ, പയർ, തക്കാളി, മുളക്, അമര, വെള്ളരി, വെണ്ട, വഴുതന എന്നിവയും കൃഷി ചെയ്യുന്നു.

നവംബറിലാണ് പൊട്ടുവെള്ളരിയുടെ കൃഷിയിറക്കൽ. ജനുവരി ആദ്യം വിളവ് വിപണിയിലെത്തിത്തുടങ്ങും. മൂന്നാഴ്ച കൊണ്ട് വിളവെടുപ്പുകാലം അവസാനിക്കും. തടം എടുക്കുന്നതടക്കം മിക്ക ജോലികളും യന്ത്രസഹായത്തോടെയാണ്. 20 സെന്റിമീറ്റർ ഉയരത്തിൽ ഒരു മീറ്റർ വീതിയിലാണ് തടമെടുപ്പ്. അടിവളമായി ചാണകപ്പൊടി, കോഴിവളം, വേപ്പിൻപിണ്ണാക്ക് എന്നിവ മണ്ണുമായി നന്നായി കൂട്ടിച്ചേർക്കും. വിളകൾക്ക് വളവും വെള്ളവുമെത്തിക്കാനുള്ള പൈപ്പിടുന്നതാണ് അടുത്ത ഘട്ടം. അതിനു മുകളിൽ കള ഒഴിവാക്കാൻ പോളിത്തീൻ ഷീറ്റ് വിരിക്കും. ഷീറ്റിൽ തുളയിട്ടാണ് വിത്ത് നടുന്നത്.

മുരടിപ്പ്, ചുവപ്പുരോഗം, പുള്ളിപ്പൊട്ട് തുടങ്ങി വെള്ളരിവർഗവിളകൾക്കുള്ള സാധാരണ രോഗങ്ങൾക്കൊക്കെ തരാതരംപോലെ ചെറുജൈവരീതികൾ പരീക്ഷിച്ച് തുരത്താൻ രഞ്ജിത്തിന് മികവുണ്ട്.

പാടത്തും പറമ്പിലും പൊട്ടുവെള്ളരി കൃഷിചെയ്യാം. പറമ്പിൽ ഏക്കറിന് ശരാശരി 10 ടണ്ണും പാടത്ത് 15–20 ടണ്ണും വിളവു കിട്ടും. കിലോയ്ക്ക് 20–30 രൂപയാണ് പോയ സീസണിൽ മൊത്ത വില ലഭിച്ചത്.

എറണാകുളം, ഗുരുവായൂർ കടലോരമേഖലകളിലെ പ്രാദേശിക വിപണിയാണ് പൊട്ടുവെള്ളരിയെ തേടിയെത്തുന്നത്. വിലയ്ക്കെടുക്കാൻ മൊത്തക്കച്ചവടക്കാർ കൃഷിയിടത്തിൽ നേരിട്ടുമെത്തും. ഇപ്പോൾ വെള്ളരി വിൽക്കുന്ന സമ്പ്രദായം അവസാനിപ്പിച്ച് കൃഷിയിടം തന്നെ മൊത്തത്തിൽ കച്ചവടം ചെയ്യുകയാണ് രീതി. ഒരേക്കറിന് ഒരു ലക്ഷം രൂപയാണ് രൊക്കം റേറ്റ്. 8000–10000 ചെടികൾ ഒരേക്കറിലുണ്ട്. 10 ഏക്കർ ഇപ്പോൾത്തന്നെ കച്ചവടമായിക്കഴിഞ്ഞു. ഇനിയുമുണ്ട് എട്ടേക്കർ നൽകാൻ. കേരളത്തിൽ ഒരു വിളയ്ക്ക് പകരം ഒരു തോട്ടം തന്നെ വിൽപ്പനയ്ക്കെത്തിക്കുന്ന ഏക പച്ചക്കറി വിളയാണ് പൊട്ടുവെള്ളരി. വെള്ളരിയിൽ മുടക്കിയാൽ തള്ളിക്കളയാനാകാത്ത സൗഭാഗ്യം തനിയെ വന്നുചേരുമെന്ന് രഞ്ജിത്ത് വിശ്വസിക്കുന്നു. പത്തോളം വനിതാ തൊഴിലാളികളുടെ കൂട്ടായ്മയിലാണ് കൃഷി. അതിന് നേതൃത്വം നൽകുന്നതാകട്ടെ, പ്രിയസഖി ഗീതുവും.

ഫോൺ 9656965888

*With Best Complements*

M/s. Cherukayil Polymers

P.O. Arimpur,
Thrissur



# ന്യൂജൻ സ്വർണം തയ്യാർ



സ്വർണത്തിന് പകരം വയ്ക്കാവുന്ന പുതിയ ലോഹം വരുന്നു. കൂടുതൽ തിളക്കവും മൃദുത്വവും കുറഞ്ഞ വിലയുമാണ് ഇതിന്റെ പ്രത്യേകത. ''ലൂമിനക്സ് യൂനോ'' എന്ന പേരിലുള്ള ഈ ലോഹം ആഭരണങ്ങൾ ഉണ്ടാക്കാൻ ഉത്തമമാണെന്നും സ്വർണത്തിനെയും പ്ലാറ്റിനത്തെയുംകാൾ വില കുറവാണെന്നും രാജ്യാന്തര ജ്വല്ലറി അസോസിയേഷനായ ലീഡിങ് ജ്വല്ലേഴ്സ് ഓഫ് ദ വേൾഡ് (എൽ. ജെ. ഒ. ഡബ്യു) അവകാശപ്പെടുന്നു.

ഏത് ഡിസൈനും പരീക്ഷിക്കാവുന്ന ലൂമിനക്സിന്റെ വില 10 ഗ്രാമിന് 1250 രൂപ മാത്രം. ഇപ്പോൾ യു. എസ്, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിൽ മാത്രം ലഭിക്കുന്ന ലൂമിനക്സ് വൈകാതെ വ്യാപകമായി വിതരണത്തിനെത്തും. എൽ. ജെ. ഒ. ഡബ്യു ഏജന്റുമാരായിരിക്കും വിതരണക്കാർ.

# ചെറുകിട നിക്ഷേപകർക്കവസരവുമായി കടപ്പത്ര വിപണി




ചെറുകിട വ്യക്തിഗത നിക്ഷേപകർക്ക് ഈ മാസം മുതൽ സർക്കാർ കടപ്പത്രങ്ങളുടെ വിപണിയിൽ പങ്കെടുക്കാൻ റിസർവ്വ് ബാങ്ക് അവസരമൊരുക്കുന്നു. ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ, ധനകാര്യ സ്ഥാപനങ്ങൾ, മ്യൂച്വൽ ഫണ്ടുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കു മാത്രമാണ് നിലവിൽ കടപ്പത്ര വിപണിയിൽ അവസരമുള്ളത്.

റിസർവ് ബാങ്കിന്റെ സബ്സിഡിയറി ജനറൽ ലഡ്ജർ സംവിധാനത്തിൽ അക്കൗണ്ട് തുറന്നുകൊണ്ടാണ് ഈ സ്ഥാപനങ്ങൾ കടപ്പത്ര വിപണിയിൽ ക്രയവിക്രയം നടത്തുന്നത്. ഈ അക്കൗണ്ടുള്ള സ്ഥാപനങ്ങളിലൂടെ ഡീമാറ്റ് അക്കൗണ്ടുള്ള ചെറുകിട നിക്ഷേപകർക്ക് വിപണിയിൽ ഇടപെടാൻ പുതിയ സംവിധാനം വഴി തുറക്കും.

# വേൾഡ് ടീ- കോഫി എക്സ്പോ ഒക്ടോബറിൽ



വേൾഡ് ടീ- കോഫി എക്സ്പോ വരുന്ന ഒക്ടോബർ 20 മുതൽ 22 വരെ മുംബൈയിൽ നടക്കും. ഇന്ത്യൻ തേയിലയുടെ ആഗോള- ആഭ്യന്തര വ്യാപാരം കൂടുതൽ വിപുലമാക്കുകയാണ് ടീ ബോർഡ് ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന മേളയുടെ ലക്ഷ്യം. മുംബൈ ഗോരിഗാവ് ബോംബെ എക്സിബിഷൻ സെന്ററിൽ നടക്കുന്ന മേളയോടനുബന്ധിച്ച് വിവിധ കോൺഫറൻസുകളും വർക്ക് ഷോപ്പുകളും നടത്തും.

മൊത്ത- ചില്ലറ വ്യാപാരികൾ, വ്യാപാര ശൃംഖലകൾ, കയറ്റുമതി- ഇറക്കുമതി ഇടപാടുകാർ, ഹോട്ടലുകൾ, ടീ- കോഫീ ഹൗസുകൾ, റിസോർട്ടുകൾ, സുഗന്ധ വ്യഞ്ജന വ്യാപാരികൾ തുടങ്ങിയവർ എക്സ്പോയിൽ പങ്കെടുക്കും. ചെറുകിട- ഇടത്തരം സംരംഭകർക്ക് തങ്ങളുടെ പുതിയ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാൻ അവസരം നൽകും. നവീന ഉല്പന്നങ്ങളും വിപണനതന്ത്രങ്ങളുമൊരുക്കി വൻകിട- ചെറുകിട വ്യാപാരികൾക്കിടയിൽ ആരോഗ്യകരമായ ബന്ധം ശക്തമാക്കുക എന്നതും എക്സ്പോയുടെ ലക്ഷ്യങ്ങളിലൊന്നാണ്.

WORLD TEA & COFFEE EXPO

Regn.No.KL/TV(N)/183/2016-2018
Volume 49 Issue 3
August 2016

**Vyavasaya Keralam**
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd August 2016




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, TC 25/3230(1), Near Old GPO Vanchiyoor, Thiruvananthapuram-35
Editor: V.P. Aswathy